33rd Year of Service 2025

NOT OUR MERIT BUT HIS GRACE ★ KERALA EXPRESS ★

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago


3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

July 14, 2025 Vol. XXXIII No. 29




BUILDING YOUR FINANCIAL FUTURE TOGETHER, WITH EXPERTISE AND INTEGRITY
SUNNY
FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Advisor & Planner
847-414-9116 tom@sunnyfinancial.com
Comprehensive Financial Planning
Risk Management & Insurance: Life/Disability/Long Term Care/Health/Medicare
401(k), 403(b), IRA, Roth IRA Rollovers & Account Set-ups
Professional Investment Management & Guidance
Business Plans/Employee Benefits/Pension
Retirement Income/Retirement Savings
Tax Planning Strategies
Estate Planning: Trusts/Wills
Education Funds
www.sunnyfinancial.com
475 N Martingale Rd, Suite 1250, Schaumburg, IL 60173
Financial Advisor for Eagle Strategies LLC, a Registered Investment Adviser. Registered representative offering securities through NYLIFE Securities LLC (member FINRA/SIPC), A licensed insurance agency. Eagle Strategies LLC, and NYLIFE Securities LLC are New York Life companies. Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.


YOUR DREAM VACATION
Awaits!
BOOK FROM INDIA AND SAVE MORE
SINGAPORE & MALAYSIA
DUBAI
NORTH INDIA
MALDIVES
EUROPE
THAILAND & VIETNAM
SRI LANKA
JAPAN & CHINA
We arrange:
HOTELS BOOKING
AIRPORT PICK UPS & DROPS
LOCAL GUIDE ARRANGEMENTS
PRIVATE VEHICLES WITH DRIVERS
ALL SIGHT SEEINGS
Trusted by hundreds of American malayalees...
Tripco
The complete travel solution
+91 9447701616
+91 7025875222
www.tripco.in
support@tripco.in


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


Affordable Mortgages Made Easy!
ACHIEVE MORTGAGE GROUP, INC.
NMLS#2449193
SABU C. ACHETTU
Managing Broker
NMLS#222904
Phone: 847-687-5100
Email: saburealtor@sbcglobal.net
SMITHA JAMES
Loan Officer/Processor
NMLS#2457839
Phone: 847-890-3220
Email: achievewithsmitha@gmail.com
THRESIAMMA JOB (THERESA)
Mortgage Loan Originator
NMLS#2321033
Phone: 847-915-0762
Email: achievewiththeresa12@gmail.com
Achieve Real Estate
Achieve Your Dreams
Call us for All your Needs
Shawn S. Achettu
Realtor / Broker
847-529-7962
realtorachettu@gmail.com
Phone: 847-687-5100
834 E. Rand Road, Suite 6, Mount Prospect, IL 60056
Scanned with CamScanner

33rd Year of Service 2025

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 നിപയിൽ ജാഗ്രത തുടരുന്നു
8 ഹിന്ദു പെൺമക്കൾക്ക് തുല്യാവകാശം
9 വെഞ്ചരിപ്പ് കർമ്മങ്ങൾ വർണ്ണാഭമായി
15 56 കാർഡ് ഗെയിമിന് സെ. ലൂയിസ് ഒരുങ്ങുന്നു
16 ചലഞ്ചേഴ്സ് ചാമ്പ്യന്മാർ

## വോട്ടർപട്ടിക പരിഷ്കരണം: ബിഹാർ മോഡൽ ഇന്ത്യയാകെ

ന്യൂഡൽഹി: പ്രതിപക്ഷപാർട്ടികളുടെ എതിർപ്പിനിടെ ബിഹാർ മാതൃകയിൽ ഇന്ത്യ മുഴുവൻ വോട്ടർപട്ടിക നവീകരിക്കാനൊരുങ്ങി തെരഞ്ഞെടുപ്പ് കമ്മീഷൻ. അനധികൃത വോട്ടർമാരെ ഒഴിവാക്കാൻ ലക്ഷ്യമിട്ടാണിത്.

ഇതിന്റെ ഭാഗമായി ഉത്തരാഖണ്ഡ്, ഡൽഹി എന്നിവിടങ്ങളിലെ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർമാർ അവസാനത്തെ പരിഷ്കരണത്തിനുശേഷമുള്ള വോട്ടർപട്ടിക പുറത്തിറക്കിത്തുടങ്ങി. അടുത്തമാസത്തോടെ സംസ്ഥാനങ്ങളിലുടനീളം വോട്ടർപട്ടികയിൽ മാറ്റംവരുത്താനുള്ള സംവിധാനങ്ങൾ പ്രാദേശികമായി ഏർപ്പെടുത്തും. ബംഗ്ലാദേശ്, മ്യാൻമാർ കുടിയേറ്റക്കാർ ആധാർ കാർഡുണ്ടാക്കി വോട്ടർപട്ടികയിൽ കടന്നുകൂടുന്നെന്ന് കമ്മീഷൻ കണ്ടെത്തിയിരുന്നു. ബിഹാറിൽ വോട്ടർപട്ടിക പരിഷ്കരിക്കുന്ന, തെരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രത്യേക തീവ്രനടപടി തടയുന്നില്ലെന്ന് സുപ്രീംകോടതി ഈയിടെ വ്യക്തമാക്കിയിരുന്നു. എന്നാൽ, തിടുക്കമെന്തിനെന്നും ചോദിച്ചിരുന്നു. ഇതോടെയാണ് ഇന്ത്യയാകെ ഈ രീതിയിൽ പരിഷ്കരണം നടപ്പാക്കാനുള്ള കമ്മീഷന്റെ നീക്കം. (ശേഷം 4-ാം പേജിൽ)

## അഹമ്മദാബാദ് വിമാനദുരന്തം: പ്രാഥമികാന്വേഷണ റിപ്പോർട്ട് പുറത്ത്

ന്യൂഡൽഹി: പറന്നുയർന്നതിനു തൊട്ടുപിന്നാലെ രണ്ട് എഞ്ചിനുകളിലേക്കുമുള്ള ഇന്ധനപ്രവാഹം നിലച്ചതാണ് അഹമ്മദാബാദ് എയർ ഇന്ത്യ വിമാനാപകടത്തിനു കാരണമെന്നു പ്രാഥമികാന്വേഷണ റിപ്പോർട്ട്. വിമാനത്തിന്റെ രണ്ട് ഇന്ധന നിയന്ത്രണ സ്വിച്ചുകളും ഒരു സെക്കൻഡിനുള്ളിൽ ഓഫായി. സ്വിച്ചുകൾ 'റണ്ണി'ൽനിന്ന് 'കട്ട് ഓഫ്' നിലയിലേക്കു മാറിയതായി എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ (എഎഐബി)യുടെ റിപ്പോർട്ട്. ഇതു സംബന്ധിച്ചു, കോക്ക്പിറ്റ് വോയ്സ് റെക്കോഡിങ്ങുകളിൽനിന്നു ലഭിച്ച പൈലറ്റുമാരുടെ സംഭാഷണത്തിലും ദുരൂഹത. 'എന്തുകൊണ്ടാണ് ഇന്ധനം വിച്ഛേദിച്ചതെ'ന്നു പൈലറ്റുമാരിൽ ഒരാൾ ചോദിക്കുന്നതു കേൾക്കാം. 'അങ്ങനെ ചെയ്തില്ല' എന്നു സഹപൈലറ്റ് മറുപടിയും നൽകി. ഇന്ധനനിയന്ത്രണ സ്വിച്ചുകളിലെ മാറ്റം അബദ്ധത്തിൽ സംഭവിച്ചതാണോ അതോ മനഃപൂർവമാണോ എന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നില്ല.




സാധാരണ ലാൻഡിങ്ങിനുശേഷം എഞ്ചിൻ ഓഫാക്കാനോ അല്ലെങ്കിൽ എഞ്ചിൻ തീപിടിത്തം പോലെയുള്ള അടിയന്തര സാഹചര്യങ്ങളിലോ ആണ് ഇന്ധനസ്വിച്ചുകൾ ഓഫാക്കുന്നത്. ടേക്ക് ഓഫ് സമയം ഇങ്ങനെ ചെയ്യാറില്ല. സ്വിച്ച് ഓഫ് ആയതോടെ രണ്ട് എഞ്ചിനുകളും നിലച്ചു. വിമാനത്തിനു പറന്നുയരാനുള്ള ശേഷി നഷ്ടപ്പെട്ടു. സെക്കൻഡിനുള്ളിൽ സ്വിച്ചുകൾ ഓണായി 'ഇൻ ഫ്ളൈറ്റ്' നിലയിലേക്കു തിരിച്ചെത്തി എഞ്ചിനുകൾ പ്രവർത്തിച്ചുതുടങ്ങി. ഒരു എഞ്ചിന് വിമാനത്തിനു പറന്നുയരാനുള്ള 'ത്രസ്റ്റ്' തിരിച്ചുകിട്ടിയെങ്കിലും വിമാനത്തിനു വേഗം വീണ്ടെടുക്കാൻ കഴിഞ്ഞില്ല. പൈലറ്റുമാർക്കിടയിൽ ഈ സമയം ആശയക്കുഴപ്പമുണ്ടായെന്നാണു സംഭാഷണം സൂചിപ്പിക്കുന്നത്.

വിമാനം കുത്തനെ വീഴുംമുമ്പ് പൈലറ്റുമാരിൽ ഒരാൾ അപായസന്ദേശം അയയ്ക്കുകയും ചെയ്തിരുന്നു. രണ്ടു പൈലറ്റുമാർക്കും മതിയായ വിശ്രമം (ശേഷം 34-ാം പേജിൽ)

## സി. സദാനന്ദൻ ഉൾപ്പെടെ നാലുപേർ രാജ്യസഭയിലേക്ക്

ന്യൂഡൽഹി: ബിജെപി കേരള സംസ്ഥാന വൈസ് പ്രസിഡന്റ് സി. സദാനന്ദൻ ഉൾപ്പെടെ നാലുപേരെ രാജ്യസഭാംഗങ്ങളായി രാഷ്ട്രപതി ദ്രൗപദി മുർമു നാമനിർദേശം ചെയ്തു. മുൻ വിദേശകാര്യ സെക്രട്ടറി ഹർഷ വർധൻ ശൃംഗ്ല, മഹാരാഷ്ട്രയിൽനിന്നുള്ള അഭിഭാഷകനായ ഉജ്ജ്വൽ നിഗം, ചരിത്രകാരിയും ഡൽഹി സർവകലാശാല പ്രഫസറുമായ മീനാക്ഷി ജെയിൻ എന്നിവരാണ് മറ്റു മൂന്നുപേർ.



സി. സദാനന്ദൻ



മീനാക്ഷി ജെയിൻ



ഉജ്ജ്വൽ നിഗം




ഹർഷ വർധൻ ശൃംഗ്ല

കണ്ണൂർ കൂത്തുപറമ്പ് സ്വദേശിയാണ് സദാനന്ദൻ. ആർഎസ്എസ് കണ്ണൂർ ജില്ലാ സഹകാര്യവാഹകായിരിക്കേ 1994-ൽ സിപിഎം ആക്രമണത്തിൽ ഇരുകാലുകളും നഷ്ടപ്പെട്ടിരുന്നു. മുംബൈ ഭീകരാക്രമണക്കേസിലെ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറായിരുന്നു ഉജ്ജ്വൽ നിഗം. മീനാക്ഷി ജെയിൻ അയോധ്യയെക്കുറിച്ച് പുസ്തകമെഴുതിയിട്ടുണ്ട്. 2020-2022 കാലയളവിലാണ് ഹർഷ വർധൻ ശൃംഗ്ല വിദേശകാര്യ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചത്. 2019-ൽ ടെക്സാസിൽ നടന്ന 'ഹൗഡി മോദി' പരിപാടിയുടെ പ്രധാന സംഘാടകനായിരുന്നു.

നോമിനേറ്റ് ചെയ്യപ്പെട്ട അംഗങ്ങൾക്കു പ്രധാനമന്ത്രി നരേന്ദ്രമോദി അഭിനന്ദനം അറിയിച്ചു.

സി. സദാനന്ദന്റെ ജീവിതം ധൈര്യത്തിന്റെയും അനീതിക്കുമുന്നിൽ കീഴടങ്ങാത്ത മനോഭാവത്തിന്റെയും മാതൃകയാണെന്നും എംപി എന്ന നിലയിൽ മികച്ച പ്രവർത്തനം കാഴ്ചവെക്കാനാകട്ടെയെന്നും പ്രധാനമന്ത്രി എക്സിൽ കുറിച്ചു.

## ചെന്നൈയ്ക്കടുത്ത് ഇന്ധനടാങ്കർ പാളംതെറ്റി: 18 വാഗണുകൾ കത്തിയമർന്നു



തമിഴ്നാട്ടിലെ തിരുവള്ളൂരിനടുത്ത് ഡീസലുമായി പോയ ഗുഡ്സ് ട്രെയിൻ കത്തിയപ്പോൾ.

ചെന്നൈ: തിരുവള്ളൂരിനടുത്ത് പെട്രോളും ഡീസലുമായി പോയ ഗുഡ്സ് ട്രെയിൻ പാളംതെറ്റിയുണ്ടായ വൻ തീപിടിത്തത്തിലും പൊട്ടിത്തെറിയിലും 18 വാഗണുകൾ കത്തിനശിച്ചു. പാളത്തിൽ വിള്ളൽ കണ്ടെത്തിയത് അട്ടിമറി സംശയം ഉയർത്തിയതോടെ, ആർപിഎഫ് എഡിജിപിയുടെ നേതൃത്വത്തിൽ മൂന്ന് അന്വേഷണസംഘങ്ങളെ നിയോഗിച്ചു. മൂന്ന് കിലോമീറ്റർ പരിധിയിൽനിന്നു ജനങ്ങളെ ഒഴിപ്പിച്ചു. ചെന്നൈയിൽനിന്ന് 40 കിലോമീറ്റർ അകലെ തിരക്കേറിയ ചെന്നൈ-ആർക്കോണം പാതയിലാണ് അപകടം. ആളപായമില്ല.

12 കോടി രൂപ വിലമതിക്കുന്ന 12.6 ലക്ഷം ലിറ്റർ ഇന്ധനം കത്തി. എട്ട് മണിക്കൂറിലേറെ സമയമെടുത്താണ് തീ അണച്ചത്. 13 ട്രെയിനുകൾ റദ്ദാക്കി. ചിലതു വഴിതിരിച്ചുവിട്ടു. 13-ന് രാവിലെ 5.30-നാണ് സംഭവം. രാത്രിയോടെ ഗതാഗതം പുനഃസ്ഥാപിച്ചു. (ശേഷം 34-ാം പേജിൽ)

## വിവരാവകാശത്തിൽ നിന്ന് വിജിലൻസിനേയും ഒഴിവാക്കുന്നു

തിരുവനന്തപുരം: അഴിമതി കേസുകൾ അന്വേഷിക്കുന്ന സംസ്ഥാന വിജിലൻസ് വിഭാഗത്തെ പൂർണമായും വിവരാവകാശത്തിന്റെ നിയമത്തിനപരിധിയിൽനിന്ന് ഒഴിവാക്കാൻ സർക്കാർ നടപടിതുടങ്ങി.

എഡിഎം നവീൻ ബാബു ആത്മഹത്യചെയ്തതുമായി ബന്ധപ്പെട്ട പരാതി അടക്കം വിവാദമായ ഒട്ടേറെ കേസുകളുടെ രേഖകൾ വിവരാവകാശ നിയമപ്രകാരം പൊതുജനങ്ങൾ ആവശ്യപ്പെടുന്നതു കണക്കിലെടുത്താണ് ഇവ രഹസ്യമാക്കാനുള്ള തീരുമാനം. വിജിലൻസ് അന്വേഷിക്കുന്ന കേസുകളുടെ വിവരങ്ങൾ പുറത്തുപോകുന്നതിൽ ചില മന്ത്രിമാർ അതൃപ്തി രേഖപ്പെടുത്തിയതും നടപടിക്കുകാരണമായി. (ശേഷം 34-ാം പേജിൽ)

# നിപയിൽ ജാഗ്രത തുടരുന്നു

പാലക്കാട്: പാലക്കാട് ജില്ലയിൽ രണ്ടാമതും നിപ കണ്ടെത്തിയ സാഹചര്യത്തിൽ ആറ് ജില്ലകളിലെ ആശുപത്രികൾക്കു ജാഗ്രതാ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ്.

പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, തൃശൂർ ജില്ലകളിലെ ആശുപത്രികൾക്കാണു നിർദ്ദേശം നൽകിയത്. നിപ ബാധിച്ചു മരിച്ച 58 കാരൻ താമസിച്ചിരുന്ന മണ്ണാർകാട് പ്രദേശത്ത് ജില്ലാ ഭരണകൂടം കർശന നിയന്ത്രണം ഏർപ്പെടുത്തി. ഇയാളുടെ സമ്പർക്കപ്പട്ടിക തയാറാക്കിയതായി ആരോഗ്യമന്ത്രി വീണ ജോർജ് അറിയിച്ചു. ഇയാളുടെ സമ്പർക്കപ്പട്ടികയിലുള്ള 46 പേരെ കണ്ടെത്തി.

ജൂലൈ 12-നാണ് പാലക്കാട് മണ്ണാർക്കാട് കുമരം പുത്തൂർ ചങ്ങലീരി സ്വദേശി നിപ ബാധിച്ച് മരിച്ചത്. പനി ബാധിച്ച് ചികിത്സയിലിരിക്കെ മരിക്കുകയായിരുന്നു. മഞ്ചേരി മെഡിക്കൽ കോളജിലെ ലാബിൽ നടത്തിയ പ്രാഥമിക പരിശോധനയിലാണ് ഇദ്ദേഹത്തിന് നിപ സ്ഥിരീകരിച്ചത്. കോഴിക്കോട് ഗവ. മെഡിക്കൽ കോളജിൽ ചികിത്സയിൽത്തുടരുന്ന പാലക്കാട് സ്വദേശിനിയായ മുപ്പത്തെട്ടുകാരിയുടെ ആരോഗ്യനില ഗുരുതരമായി തുടരുന്നു.

നിലവിൽ പാലക്കാട് ഒരാൾ ഐസൊലേഷനിൽ ചികിത്സയിലാണെന്നാണ് ആരോഗ്യവകുപ്പ് വ്യക്തമാക്കുന്നത്. സാഹചര്യം വിലയിരുത്താൻ ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈയിടെ ഉന്നതതല യോഗം ചേർന്നിരുന്നു. പനി സർവൈലൻസും തുടരുന്നു. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള സ്ഥിരീകരണം ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ നടപടി സ്വീകരിക്കും.

കടുത്ത ശ്വാസതടസത്തോടെ ജൂലൈ 11-ന് വെള്ളിയാഴ്ച വൈകിട്ടാണ് 58-കാരനെ മണ്ണാർക്കാട്ടുനിന്ന് പെരിന്തൽമണ്ണയിലെ സ്വകാര്യ ആശുപത്രിയിലെത്തിച്ചത്. നിപ ലക്ഷണങ്ങളുമായി സാമ്യം തോന്നിയതിനാൽ പ്രത്യേകം സജ്ജീകരിച്ച ക്രിട്ടിക്കൽകെയർ യൂണിറ്റിൽ കിടത്തിയാണ് ചികിത്സിച്ചത്. അടുത്ത ബന്ധുക്കളും ആരോഗ്യപ്രവർത്തകരുമാണ് സംസ്കാര ചടങ്ങിൽ പങ്കെടുത്തത്. അതേസമയം, പ്രാഥമികമായി നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ആരോഗ്യവകുപ്പ് കുമരംപത്തൂർ പഞ്ചായത്തിൽ പ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങി. രോഗിയുമായി നേരിട്ട് സമ്പർക്കത്തിലുണ്ടായിരുന്നവരോട് നിരീക്ഷണത്തിലിരിക്കാൻ നിർദേശം നൽകി.

ചികിത്സിച്ച ഡോക്ടർമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകരോടും ക്വാറന്റീനിൽ പോകാൻ നിർദേശിച്ചു. രോഗത്തിന്റെ ഉറവിടം വ്യക്തമായിട്ടില്ല.

രാഗവ്യാപനം തടയുന്നതിനും മറ്റുമായി തുടർനടപടി സ്വീകരിക്കുന്നതിന് പഞ്ചായത്തിന്റെയും ആരോഗ്യവകുപ്പിന്റെയും ആഭിമുഖ്യത്തിൽ പോലീസ്, വനം, വെറ്ററിനറി, റവന്യൂ, ഫയർഫോഴ്സ്, ആർആർടി, രാഷ്ട്രീയകക്ഷി പ്രതിനിധികൾ എന്നിവരുടെ യോഗം ചേരും.

# വിവാഹ മോചന കേസുകളിൽ ഫോൺ സംഭാഷണം തെളിവെന്ന് സുപ്രീംകോടതി

ന്യൂഡൽഹി: വിവാഹ മോചന കേസുകളിൽ ഫോൺ സംഭാഷണം തെളിവായി സ്വീകരിക്കാമെന്ന നിർണായക വിധിയുമായി സുപ്രീംകോടതി. വിവാഹമോചനകേസിൽ ഭാര്യയുടെ ഫോൺ സംഭാഷണം തെളിവായി ഹാജരാക്കിയത് തള്ളിയ പഞ്ചാബ് ഹരിയാന ഹൈക്കോടതിയുടെ ഉത്തരവ് റദ്ദാക്കിയാണ് പുതിയ വിധി. ജസ്റ്റിസ് ബി.വി.നാഗരത്ന, ജസ്റ്റിസ് സതീഷ് ചന്ദ്ര ശർമ എന്നിവരുടെ ബെഞ്ചിന്റേതാണ് വിധി. സ്വകാര്യത ചൂണ്ടിക്കാട്ടിയായിരുന്നു ഹൈക്കോടതി ഭർത്താവ് ഹാജരാക്കിയ ഫോൺ സംഭാഷണം തള്ളിയത്. എന്നാൽ ഫോൺ സംഭാഷണം സ്വകാര്യതയുടെ ലംഘനമായി കാണാനാകില്ലെന്ന് സുപ്രീംകോടതി ചൂണ്ടിക്കാട്ടി. കേസിലെ തെളിവായാണു ഇതു പരിഗണിക്കേണ്ടത്. തെളിവുനിയമത്തിന്റെ 122-ാം വകുപ്പനുസരിച്ച് ഭർത്താവും ഭാര്യയുമായുള്ള സംഭാഷണം അവർ തമ്മിലുള്ള സ്വകാര്യ സംഭാഷണമാണ്. എന്നാൽ വിവാഹ മോചന കേസിലാണെങ്കിൽ അതൊരു തെളിവായി കണക്കാക്കാമെന്നും സുപ്രീംകോടതി വ്യക്തമാക്കി.

# ഡോ. ജോസ് തെക്കുംചേരിക്കുന്നേൽ അഭിഷിക്തനായി

ജലന്ധർ: ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ ജലന്ധർ രൂപത ബിഷപ്പായി ഡോ. ജോസ് സെബാസ്റ്റ്യൻ തെക്കുംചേരിക്കുന്നേൽ അഭിഷിക്തനായി.



ജലന്ധർ ട്രിനിറ്റി കോളജ് ഗ്രൗണ്ടിൽ പ്രത്യേകം സജ്ജമാക്കിയ പന്തലിൽ നടന്ന മെത്രാഭിഷേക ചടങ്ങിൽ ഡൽഹി ആർച്ച്ബിഷപ് ഡോ. അനിൽ ജോസഫ് തോമസ് കൂട്ടോ മുഖ്യകാർമികത്വം വഹിച്ചു. ജലന്ധർ രൂപത മുൻ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായിരുന്ന ബിഷപ് ഡോ. ആഗ്നലോ റൂഫിനോ ഗ്രേഷ്യസ്, ഉജ്ജൈൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ വടക്കേൽ എന്നിവർ സഹകാർമികരായിരുന്നു.

ലെയോ പതിനാലാമൻ മാർപാപ്പയുടെ ആശീർവാദവും ആശംസകളും അറിയിച്ച് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ഡോ. ലെയോ പോൾദോ ജിറെല്ലി അനുമോദന പ്രസംഗം നടത്തി. ഷിംല-ചണ്ഡീഗഡ് ബിഷപ് ഡോ. സഹായ തദ്ദേവൂസ് തോമസ് സന്ദേശം നൽകി.

ബിഷപ് ഡോ. തെക്കുംചേരിക്കുന്നേലിന്റെ അമ്മ ഏലിക്കുട്ടി പ്രായത്തിന്റെ വിഷമതകൾ മറന്ന് മകന്റെ സ്ഥാനാരോഹണച്ചടങ്ങുകളിൽ നേരിട്ടു സാക്ഷിയാകാൻ കോട്ടയം ജില്ലയിലെ കാളകെട്ടിയിൽനിന്നെത്തിയിരുന്നു.

മെത്രാഭിഷേകത്തിനു പിന്നാലെ ബിഷപ് തെക്കുംചേരിക്കുന്നേൽ വേദിക്കുതാഴെയെത്തി അമ്മയുടെ അനുഗ്രഹം വാങ്ങി.

പ്രാർത്ഥനാപൂർവവും ത്യാഗപൂർണവുമായ സമർപ്പണത്തിലൂടെ കത്തോലിക്കാസഭയ്ക്കു ഇടയനെ നൽകിയ അമ്മയ്ക്ക് വത്തിക്കാൻ സ്ഥാനപതി ആർച്ച്ബിഷപ് ജിറെല്ലിയും മുഖ്യകാർമികനും സഹകാർമികരും നന്ദി പറഞ്ഞു.

ബിഷപ്പിന്റെ കുടുംബാംഗങ്ങളും സ്വന്തം ഇടവകയായ ചെമ്മലമറ്റത്തെയും സമീപത്തെ തിടനാട്, ചേറ്റുതോട് തുടങ്ങിയ ഇടവകകളിലെയും ഏതാനും വൈദികരും സന്യസ്തരും വിശ്വാസികളും സുഹൃത്തുക്കളും മെത്രാഭിഷേകത്തിൽ പങ്കെടുത്തു.

# ലൈഫ്മിഷൻ വീട്: ഭൂമിക്ക് സ്റ്റാംപ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി

തിരുവനന്തപുരം: ലൈഫ് മിഷൻ പദ്ധതിയിൽപെട്ട ഗുണഭോക്താക്കൾക്ക് വീട് നിർമിക്കുന്നതിനായി ദാനമായോ വിലകൊടുത്തു വാങ്ങിയതോ ധനനിശ്ചയം മുഖേനയോ മറ്റേതെങ്കിലും മാർഗത്തിലൂടെയോ ലഭിച്ച ഭൂമിക്ക് സ്റ്റാംപ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കാൻ മന്ത്രിസഭ തീരുമാനിച്ചു.

ഭൂമി സ്വീകരിക്കുന്നയാൾ ലൈഫ് മിഷൻ പദ്ധതി ഗുണഭോക്താവാണെന്നും ഈ പദ്ധതി പ്രകാരം വീട് നിർമിക്കാൻ വേണ്ടിയാണെന്നും കളക്ടറോ കളക്ടർ അധികാരപ്പെടുത്തുന്ന തഹസിൽദാരിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥനോ നൽകുന്ന സാക്ഷ്യപത്രംകൂടി രജിസ്ട്രേഷൻ രേഖകളോടൊപ്പം ഹാജരാക്കണം. രണ്ട് വർഷത്തേക്കാണ് ഈ ഇളവ്.

പ്രളയത്തിൽ തകർന്ന വീടുകൾക്കു പകരം മുത്തൂറ്റ് പാപ്പച്ചൻ ഫൗണ്ടേഷൻ പത്തനംതിട്ട ചിറ്റാർ വില്ലേജിൽ 12.31 ആർ സ്ഥലത്ത് ഒൻപത് പേർക്ക് നിർമിച്ച വീടുകൾ കൈമാറുന്നതിന് സ്റ്റാംപ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കാനും തീരുമാനിച്ചു.

# വോട്ടർപട്ടിക പരിഷ്കരണം

(3-ാം പേജിൽനിന്നും)

ബിഹാർ കേസ് വീണ്ടും സുപ്രീംകോടതി കേൾക്കുന്നത് ജൂലായ് 28-നാണ്. ഇതിനുശേഷം ഇന്ത്യ വ്യാപകമായുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുമെന്ന് തെരഞ്ഞെടുപ്പുകമ്മീഷൻ വ്യക്തമാക്കി. വോട്ടർപട്ടിക പരിഷ്കരിക്കാൻ സ്വീകരിക്കുന്ന രേഖകളിൽ ആധാറും വോട്ടർ തിരിച്ചറിയൽ കാർഡും റേഷൻകാർഡും ഉൾപ്പെടുത്തുന്നത് പരിഗണിച്ചുകൂടെയെന്ന് സുപ്രീംകോടതി ചോദിച്ചിരുന്നു.

2002-നും 2004-നും ഇടയിലാണ് മിക്ക സംസ്ഥാനങ്ങളും വോട്ടർപട്ടിക പരിഷ്കരിച്ചത്. അതേസമയം, പുതിയ പരിഷ്കരണത്തിലൂടെ, യോഗ്യരായ വോട്ടർമാരിൽ വലിയൊരു ഭാഗത്തിന് വോട്ടവകാശം നഷ്ടപ്പെടുമെന്നാണ് പ്രതിപക്ഷപാർട്ടികളുടെ പരാതി. അനധികൃത കുടിയേറ്റക്കാരെ അവരുടെ ജനനസ്ഥലം പരിശോധിച്ച് നീക്കംചെയ്യുമെന്ന് കമ്മീഷൻ വ്യക്തമാക്കിയിരുന്നു.

# ഛത്തീസ്ഗഡിൽ 23 മാവോയിസ്റ്റുകൾ കീഴടങ്ങി

ഛത്തീസ്ഗഡ്: 1.18 കോടി രൂപ പാരിതോഷികം സ്വീകരിച്ച് ഛത്തീസ്ഗഡിൽ 23 മാവോയിസ്റ്റുകൾ പോലീസിനു മുന്നിൽ കീഴടങ്ങി. സംസ്ഥാനത്തെ മാവോയിസ്റ്റ് വിരുദ്ധ പ്രവർത്തനങ്ങളിലെ സുപ്രധാന വഴിത്തിരിവാണിതെന്ന് അധികൃതർ വിലയിരുത്തി. സുക്മ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിലാണ് മാവോയിസ്റ്റുകൾ കീഴടങ്ങിയത്. അയൽ ജില്ലയായ നാരായൺപൂരിൽ 22 മാവോയിസ്റ്റുകൾ ആയുധം താഴെവെച്ചതിനു പിറ്റേന്നാണ് കൂടുതൽ പേർ ഏറ്റുമുട്ടൽ പാത ഉപേക്ഷിച്ചത്. സുക്മ പോലീസിന്റെയും സെൻട്രൽ റിസർവ് പോലീസ് സേനയുടെയും സംയുക്ത ശ്രമത്തിന്റെ ഫലമായാണ് ഏറ്റവും പുതിയ കീഴടങ്ങൽ. കീഴടങ്ങിയവരിൽ നിരവധി ഉന്നത മാവോയിസ്റ്റ് നേതാക്കളും ഉൾപ്പെടുന്നു. ഇവർ ഓരോരുത്തർക്കും എട്ടു ലക്ഷം രൂപവീതം പ്രതിഫലം ലഭിച്ചു. മറ്റുള്ളവർക്ക് ഒരു ലക്ഷം രൂപ മുതൽ അഞ്ചു ലക്ഷം രൂപ വരെയാണ് പ്രതിഫലം. ബസ്തർ മേഖലയിലുടനീളം ഗുരുതരമായ ആക്രമണങ്ങളിൽ ഇവരിൽ പലരും ഉൾപ്പെട്ടിരുന്നുവെന്ന് പോലീസ് പറഞ്ഞു. ബസ്തർ മേഖലയിൽ സമാധാനവും പുനരധിവാസവും പ്രോത്സാഹിപ്പിക്കുന്നതിൽ തങ്ങളുടെ തുടർച്ചയായ ശ്രമങ്ങളുടെ വർദ്ധിച്ചുവരുന്ന സ്വാധീനത്തിന്റെ തെളിവാണ് പുതിയ സംഭവവികാസമെന്ന് ബസ്തർ റേഞ്ച് ഐജി പി. സുന്ദർരാജ് പറഞ്ഞു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXIII
Number 29
July 14, 2025

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Cir2culation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്‌വചനം**

ജീവിതം ഒരു സർവകലാശാലയാണ്. പഠിക്കുവാനുള്ള പല വിഷയങ്ങളും അവിടെയുണ്ട്.

**മാക്സിം ഗോർക്കി**

അഭിലാഷങ്ങൾ ആത്മാവിന്റെ നാഡീസ്പന്ദനങ്ങളാണ്.

**മന്റൺ**

# വിവാഹിതരായി



മുരിങ്ങൂർ ശ്രീമതി ലാലി പോൾ & പോൾ പി. പറമ്പി (ചിക്കാഗോ) ദമ്പതികളുടെ മകനായ കിരൺ പി. പറമ്പിയും ഒല്ലൂർ ശ്രീമതി ഷാജി & വിൻസന്റ് പാടശ്ശേരി ദമ്പതികളുടെ മകളായ സോനറ്റും ജൂൺ 28–ാം തീയതി മുരിങ്ങൂർ സെന്റ് സെബാസ്റ്റ്യൻ ദേവാലയത്തിൽ വെച്ച് ഫാ. ജോർജ് പനയ്ക്കൽ, പാടുന്ന പാതിരി ഡോ. പോൾ പൂവത്തിങ്കൽ, ഫാ. ഫ്രാൻസിസ് വെൺമണി കട്ടയിൽ എന്നിവരുടെ കാർമ്മികത്വത്തിൽ വിവാഹിതരായി. കിരണിന്റെ സഹോദരങ്ങളായ കെവിൻ, ക്രിസ്റ്റഫർ എന്നിവരും സോനറ്റിന്റെ സഹോദരനായ സുവിൻ എന്നിവരും സന്നിഹിതരായിരുന്നു.

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# ACCIDENT ATTORNEYS

AV PREEMINENT
Peer Rated for Highest Level of Professional Excellence 2025

## LEADING TOP RATED LAW FIRM TRUSTED IN THE COMMUNITY

**Fee Discounts On Certain Cases For Malayalee Clients**

**Home Visits Available**



Steve Crifase
Steve@Crifaselaw.com

## CRIFASE LAW FIRM, LTD.

**312-855-0511**

Free Consultation/Your Call Is Always Welcome
Like A Family Friend



Michael Crifase
Michael@Crifaselaw.com

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, Illinois 60603
CrifaseLaw.Com

BBB ACCREDITED BUSINESS A+ Rating
Better Business Bureau

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# രാഷ്ട്രീയക്കളികളിൽനിന്ന് സർവകലാശാലകളെ രക്ഷിക്കണം

കേരളത്തിലെ ആദ്യത്തെ സർവകലാശാലയാണ്. സംസ്ഥാനത്തിന്റെ മാതൃസർവകലാശാല എന്നാണു സർവാദരണീയ വിശേഷണവും. മഹനീയലക്ഷ്യങ്ങളുടെ ആധാരശിലയിൽ 1937 നവംബർ ഒന്നിനു പിറന്ന തിരുവിതാംകൂർ സർവകലാശാലയാണ് പിന്നീടു കേരള സർവകലാശാലയായത്. ഒട്ടേറെ പ്രഗല്ഭർ അമരക്കാരായിരുന്ന, അഭിമാനനേട്ടങ്ങളോടൊപ്പം നിരന്തര സഹയാത്ര ചെയ്തിരുന്ന ആ സർവകലാശാലയുടെ ഇപ്പോഴത്തെ പതനത്തിന്റെ ആഴമാണ് തിരുവനന്തപുരത്തെ ആസ്ഥാനത്തു കേരളം കാണുന്നത്. കേരളത്തിലെ വിദ്യാഭ്യാസരംഗം രാഷ്ട്രീയാതിപ്രസരത്താൽ പ്രഭ നഷ്ടപ്പെടുന്നതിനിടെയാണ് കേന്ദ്രത്തിന്റെ ഇടപെടലുകളും ഗവർണർമാരുടെ ആധിപത്യം ഉറപ്പിക്കലുമൊക്കെ സ്ഥിതി വഷളാക്കുന്നത്. കലാലയരാഷ്ട്രീയത്തെ അക്രമവത്കരിച്ച് വെറുക്കപ്പെട്ടതാക്കി മാറ്റിയ വിദ്യാർത്ഥിസംഘടനകൾ, കക്ഷിരാഷ്ട്രീയത്തിന്റെ അടിമകളായ അധ്യാപകർ, പിൻവാതിൽ നിയമനങ്ങൾ തുടങ്ങിയവയൊക്കെ നമ്മുടെ അക്കാദമിക മേഖലയ്ക്കു മുകളിൽ പാർട്ടിക്കൊടികൾ നാട്ടി. അതിനിടെ, ഹിന്ദുത്വയ്ക്ക് അനുകൂലമായി കരിക്കുലങ്ങളും ചരിത്രപുസ്തകങ്ങളും തിരുത്തുന്ന സംഘപരിവാർ രാഷ്ട്രീയ പദ്ധതിയുടെ കേന്ദ്ര പോരാളികളായി ദക്ഷിണേന്ത്യയിൽ പലയിടത്തും ഗവർണർമാർ കളത്തിലിറങ്ങി. ബിജെപി ഭരിക്കുന്ന ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ അതിന്റെ ആവശ്യമില്ലല്ലോ. ഇതിന്റെ തുടർച്ചയായി കേരള സർവകലാശാലയിൽ നടക്കുന്ന നിയമന - പുറത്താക്കൽ പോരാട്ടത്തിൽ, എന്തൊക്കെ ന്യൂനതകൾ ഉണ്ടെങ്കിലും തെരഞ്ഞെടുക്കപ്പെട്ട സർക്കാരാണു വിജയിക്കേണ്ടത്. പക്ഷേ, ആ വിജയത്തിനുശേഷവും രാഷ്ട്രീയാടിമത്തത്തിൽനിന്നു സ്വതന്ത്രമായ സർവകലാശാലകളെയോ വിദ്യാഭ്യാസ മേഖലയെയോ നമുക്കു ലഭിക്കില്ലല്ലോയെന്ന സത്യം ഖേദകരമാണ്.

ചട്ടങ്ങൾ പാലിച്ചും അക്കാദമിക് നിലവാരം ഉയർത്തിപ്പിടിച്ചും മുന്നോട്ടുപോകാൻ ഭരണനേതൃത്വം അനുവദിച്ചാലേ നമ്മുടെ സർവകലാശാലകളെ തകർച്ചയിൽനിന്നു രക്ഷിക്കാൻ സാധിക്കൂ എന്ന് കേരള വാഴ്സിറ്റി ആവർത്തിച്ചു സാക്ഷ്യം പറയുന്നു. ഉന്നതവിദ്യാഭ്യാസം രാഷ്ട്രീയം കളിക്കാനുള്ള അരങ്ങാക്കുന്നതു ഭാവിതലമുറയോടു ചെയ്യുന്ന ഏറ്റവും വലിയ അനീതിയാണെന്ന് ഇനിയെന്നാണു നമ്മുടെ രാഷ്ട്രീയ - ഭരണ നേതൃത്വവും അവരുടെ ചരടുവലിക്കൊത്തു മാത്രം നീങ്ങുന്ന അക്കാദമിക - ഉദ്യോഗസ്ഥ വൃന്ദവും മനസ്സിലാക്കുക? മുൻ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ തുടങ്ങിവെച്ച സർവകലാശാലകളിലെ അധികാരത്തർക്കം ഗവർണർ രാജേന്ദ്ര വി. അർലേക്കർ ഏറ്റെടുത്തിരിക്കുകയാണ്. കഴിഞ്ഞ ഏപ്രിലിൽ തമിഴ്നാട് ഗവർണർ ഡോ. ആർ.എൻ. രവി വർഷങ്ങളായി തടഞ്ഞുവെച്ചിരുന്ന ബില്ലുകളെല്ലാം പാസായതായി കണക്കാക്കുകയും ഗവർണർക്കു വീറ്റോ അധികാരമില്ലെന്നു മുന്നറിയിപ്പു കൊടുക്കുകയും ചെയ്ത സുപ്രീം കോടതി വിധിക്കുശേഷവും ഗവർണർമാർ പഠിച്ചിട്ടില്ല. അതിന്റെ തുടർച്ചയ്ക്ക് കേരളത്തിൽ കാവിക്കൊടിയേന്തിയ ഭാരതാംബ നിമിത്തമായെന്നു മാത്രം. സർക്കാരും ഗവർണറും തമ്മിലുള്ള ഈ തർക്കം പരിഹരിക്കാൻ കോടതിക്കെങ്കിലും കഴിഞ്ഞേക്കും. പക്ഷേ, സ്വതന്ത്ര ഉന്നതവിദ്യാഭ്യാസരംഗം എന്നത് ഉടനെയൊന്നും സാധ്യമാകില്ല. സർവകലാശാലകൾ ആരുടെ കാൽക്കീഴിലാണെന്നതിൽ മാത്രമേ മാറ്റങ്ങളുണ്ടാകൂ. രാഷ്ട്രീയ വിധേയരായ വിദ്യാർത്ഥികളേയും അധ്യാപകരെയും വൈസ്ചാൻസലർമാരെയുമൊക്കെ ഉപയോഗിച്ച് രാഷ്ട്രീയ പാർട്ടികൾ ഹൈജാക്ക് ചെയ്ത കോളജുകളും സർവകലാശാലകളുമൊക്കെ ഉപേക്ഷിച്ച് വിദ്യാർത്ഥികൾ മറ്റ് സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും കുടിയേറുന്നത് സമാന്തര കാഴ്ച.

സർവകലാശാലാ നിയമപ്രകാരം വിസിമാർക്കു വിപുലമായ അധികാരങ്ങളുണ്ട്. എന്നാൽ, എല്ലാ സർവകലാശാലകളിലും പ്രധാന തീരുമാനങ്ങളെടുക്കുന്നതു രാഷ്ട്രീയക്കാരടങ്ങുന്ന സിൻഡിക്കേറ്റുകളാണ്. വിദ്യാർത്ഥികളുടെയും സംസ്ഥാനത്തിന്റെയും പൊതുതാൽപര്യങ്ങൾക്കുതകുന്ന തീരുമാനങ്ങളെടുക്കാൻ ആഗ്രഹിക്കുന്ന വിസിമാർക്കുപോലും അതു സാധിക്കുന്നില്ല. ചാൻസലർ കൂടിയായ ഗവർണർ രാഷ്ട്രീയ നിലപാടുകളെടുക്കുന്നതും അതിനെ നേരിടാൻ സർക്കാരും സിപിഎമ്മും എസ്എഫ്ഐയും പകയോടെ രംഗത്തിറങ്ങുന്നതുമാണ് ഇപ്പോൾ കേരള വാഴ്സിറ്റിയിൽ നാം കാണുന്നത്. ഇവരിലാരുടെയും ചട്ടുകമാകാതെ, അക്കാദമിക ലക്ഷ്യങ്ങൾ മാത്രം മുന്നിൽക്കണ്ടു പ്രവർത്തിക്കേണ്ടയാളാണ് വി.സി. മറ്റ് ഉന്നത ഉദ്യോഗസ്ഥരുടെ കാര്യവും അങ്ങനെതന്നെ. എന്നാൽ, ഒരേസമയം രണ്ടു റജിസ്ട്രാർമാർ എന്ന അപഹാസ്യ സാഹചര്യം പോലും കേരള സർവകലാശാലയിൽ നമുക്കു കാണേണ്ടിവന്നിരിക്കുന്നു.

വിദ്യാഭ്യാസരംഗത്തെ വീണ്ടെടുക്കേണ്ടതു ഗവർണർമാരിൽനിന്നോ സംഘപരിവാറിൽനിന്നോ മാത്രമല്ല. ആൾക്കൂട്ട വിചാരണയ്ക്കു മടിക്കാത്ത, സഹപാഠികളെ മരണത്തിലേക്കു തള്ളിവിടുന്ന, അക്രമമാണു രാഷ്ട്രീയമെന്നു കരുതുന്ന വിദ്യാർത്ഥികളിൽനിന്നും; രാഷ്ട്രനിർമിതിയെ ഇടുങ്ങിയ പാർട്ടിപ്രവർത്തനമായി ചുരുക്കിയ അധ്യാപകരിൽനിന്നും മേധാവികളിൽനിന്നും; പിൻവാതിൽനിയമനങ്ങൾക്കു കാത്തുനിൽക്കുന്ന രാഷ്ട്രീയക്കാരിൽനിന്നും; പൊതുമുതൽകൊണ്ട് ഇവരെയൊക്കെ തീറ്റിപ്പോറ്റുന്ന അധികാര രാഷ്ട്രീയത്തിൽനിന്നും കേരളത്തിലെ വിദ്യാഭ്യാസമേഖലയെ മോചിപ്പിച്ചേ തീരൂ.

# നിഷ്പക്ഷതയും നിശബ്ദതയും പാലിക്കുന്നത് ക്രിമിനൽ കുറ്റമാണ്

ജോൺ ബ്രിട്ടാസ്

കൊടുംപാതകങ്ങളും കടുത്ത അനീതിയും സംഭവിക്കുമ്പോൾ നിഷ്പക്ഷതയും നിശബ്ദതയും പാലിക്കുന്നത് ക്രിമിനൽ കുറ്റമാണ്. ഒട്ടേറെ മഹദ് വ്യക്തികൾ പലവുരു ആവർത്തിച്ചിട്ടുള്ളതാണിത്.

കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തെ ചവിട്ടിമെതിക്കാനും താറുമാറാക്കാനും ഗവർണറും കിങ്കരന്മാരും പാടുപെടുമ്പോൾ നമ്മുടെ മാധ്യമങ്ങളും നിഷ്പക്ഷത ചമയുന്ന ചില നിരീക്ഷകന്മാരും പുലർത്തുന്ന സമീപനം കാണുമ്പോൾ മേൽപറയുന്ന ഉദ്ധരണിക്ക് ഏറെ പ്രസക്തിയുണ്ട്. രാജ്യത്തുടനീളമുള്ള 1200-ലേറെ സർവകലാശാലകളിൽ ഗണ്യമായ പങ്കും വിവിധ സംസ്ഥാനങ്ങൾ സ്ഥാപിച്ച സർവകലാശാലകളാണ്. കേന്ദ്ര സർവകലാശാലകളുടെ പൂർണ്ണ നിയന്ത്രണം സ്വാഭാവികമായും കേന്ദ്രസർക്കാരിനാണ്. അവർ അത് മുറതെറ്റാതെ ചെയ്യുന്നുമുണ്ട്. നമ്മുടെ നിയമസഭ നിയമനിർമ്മാണത്തിലൂടെ സ്ഥാപിച്ച സർവകലാശാലകൾ നമ്മുടെ നികുതിപ്പണം കൊണ്ട് നടത്തുന്നതാണ്. ഇവയെങ്ങനെ പ്രവർത്തിക്കണം എന്നുള്ളതാണ് ഇപ്പോഴത്തെ ചോദ്യം.

തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനോ നിയമസഭകൾക്കോ അക്കാദമിക് സമൂഹത്തിനോ ഒരു പങ്കും വേണ്ട, കേന്ദ്രത്തിൽനിന്ന് നൂലിൽ കെട്ടിയിറക്കുന്ന ഗവർണറും അദ്ദേഹത്തിന്റെ കിങ്കരന്മാരും യഥേഷ്ടം ഇവയൊക്കെ നിയന്ത്രിക്കും... ഇത്രയും ജനവിരുദ്ധവും അധാർമ്മികവുമായ ആഭാസം ഇവിടെ അരങ്ങേറിയിട്ടും ഇവയ്ക്കെതിരേയുള്ള പ്രതിഷേധത്തെ ഇടതുപക്ഷ-വിരുദ്ധ കണ്ണടയിലൂടെ നോക്കിക്കാണുന്നത്ര അശ്ലീലം മറ്റെന്തെങ്കിലുമുണ്ടോ? മലയാളികളുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമാണിത്. നമ്മുടെ സർവകലാശാലകളുടെ തലപ്പത്തുണ്ടായിരുന്ന വൈസ് ചാൻസലർമാരുടെ ഒരു പട്ടിക പരിശോധിച്ചാൽ നമുക്ക് അഭിമാനം പകരുന്ന ഒട്ടേറെ പേരുകൾ ഉയർന്നുവരും. ഇന്ന് ഗവർണർ അടിച്ചേല്പിക്കുന്ന വ്യക്തികൾക്ക് ആ കസേരയുടെ കൈപ്പിടിയിൽ കൈവെക്കാനുള്ള യോഗ്യതയുണ്ടോ? ആർഎസ്എസിന്റെ ചട്ടുകമാകുന്ന ഏതെങ്കിലും വ്യക്തികളുടെ കൈപ്പിടിയിലേക്ക് നമ്മുടെ ഉന്നതവിദ്യാഭ്യാസത്തെ എറിഞ്ഞുകൊടുക്കേണ്ടതുണ്ടോ എന്ന് ഏതൊ



ലേഖകൻ

രാളും ചിന്തിക്കേണ്ട സന്ദർഭമാണിത്.

ഗവർണർമാർ ചാൻസലറായി പ്രവർത്തിക്കുക എന്നത് ബ്രിട്ടീഷ് കാലഘട്ടത്തിലെ ഏർപ്പാടാണ്. സ്വാതന്ത്ര്യം കിട്ടി ഭരണഘടന അംഗീകരിച്ച് ജനാധിപത്യ സംവിധാനങ്ങൾ നിലവിൽ വന്നെങ്കിലും നമ്മൾ ആ പതിവ് തുടർന്നു. ഗവർണർമാർ തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകളുടെ ഇംഗിതപ്രകാരം പ്രവർത്തിക്കുമെന്ന് ഭരണഘടന സ്പഷ്ടമായി പറഞ്ഞതുകൊണ്ടും ഇക്കൂട്ടർ മാന്യന്മാരായിരിക്കുമെന്ന് ഭരണഘടനാ ശില്പികൾ കരുതിയതുകൊണ്ടും ഉണ്ടായ വലിയൊരപകടം!

കേന്ദ്ര കിങ്കരന്മാർ ഭരണഘടനാവിരുദ്ധമായി പ്രവർത്തിച്ചു തുടങ്ങിയപ്പോൾ തന്നെ സന്ദേഹങ്ങൾ ഉയർന്നിരുന്നു. ഭരണഘടനയുടെ പ്രവർത്തനം വിലയിരുത്താനും കേന്ദ്ര-സംസ്ഥാന ബന്ധങ്ങളുടെ പുനർനിർണയം ലക്ഷ്യംവെച്ചുകൊണ്ട് ഇന്ത്യയിൽ പ്രധാനമായും മൂന്ന് കമ്മീഷനുകൾ നിലവിൽ വരികയുണ്ടായി. യഥാക്രമം ഇന്ദിരാഗാന്ധി, എ.ബി. വാജ്പേയി, ഡോ. മൻമോഹൻസിംഗ് എന്നിവർ പ്രധാനമന്ത്രിമാരായിരുന്നപ്പോൾ നിയമിക്കപ്പെട്ട സർക്കാരിയ കമ്മീഷൻ (1983), എം.എൻ. വെങ്കടാചലയ്യ കമ്മീഷൻ (2000), എം.എം. പൂഞ്ചി കമ്മീഷൻ (2007) എന്നിവ. ഈ കമ്മീഷനുകൾ ഐകകണ്ഠ്യേന പറയുന്ന ഒരു കാര്യമുണ്ട്; ചാൻസലർ പദവിയിൽ നിന്ന് ഗവർണർമാരെ ഒഴിവാക്കണം. ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഈ റിപ്പോർട്ടുകളിലൂടെ കണ്ണോടിക്കാവുന്നതാണ്.

വർത്തമാനകാലത്തെ ഏറ്റവും വലിയൊരു കാപട്യവും കൂടി ചൂണ്ടിക്കാണിക്കട്ടെ. നരേന്ദ്രമോദി ഗുജറാത്ത് മുഖ്യമന്ത്രി ആയിരിക്കുമ്പോൾ നിയമസഭയിൽ അവതരിപ്പിച്ചു പാസാക്കിയ ഒരു ബില്ലുണ്ട്-2013-ലെ ഗുജറാത്ത് യൂണിവേഴ്സിറ്റി നിയമഭേദഗതി ബിൽ. ഇത് അല്പകാലം കേന്ദ്രത്തിൽ തടഞ്ഞുവെക്കപ്പെട്ടെങ്കിലും അദ്ദേഹത്തിന്റെ പാർട്ടി ഡൽഹിയിൽ അധികാരത്തിൽ വന്നപ്പോൾ കേന്ദ്ര അനുമതിയോടെ നിയമം യാഥാർത്ഥ്യമാക്കി. ഇന്ന് അദ്ദേഹം എന്താണ് ചെയ്യുന്നത്? പ്രതിപക്ഷം ഭരിക്കുന്ന സംസ്ഥാനങ്ങളിലെ ഉന്നത വിദ്യാഭ്യാസ മേഖല ഗവർണർമാരുടെ ചാൻസലർ പദവിയിലൂടെ താറുമാറാക്കാൻ ശ്രമിക്കുന്നു. കാപട്യത്തിനും വഞ്ചനയ്ക്കും ഇത്രത്തോളം കാഠിന്യം വേണ്ടതുണ്ടോ എന്ന് ആരെങ്കിലും ചോദിച്ചാൽ അവരെ കുറ്റം പറയാൻ കഴിയില്ല.

കേരളത്തിലെ ജനങ്ങളുടെ അദ്ധ്വാനത്തിന്റെയും വിയർപ്പിന്റെയും സൃഷ്ടിയാണ് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖല. ഇവ കേന്ദ്ര സർക്കാരിന്റെ കിങ്കരന്മാരുടെ കേളീരംഗമായി മാറ്റാൻ ഒരിക്കലും അനുവദിക്കരുത്. അതിനെതിരെ പോരാടുന്നവർക്കൊപ്പമായിരിക്കണം ഓരോ മലയാളിയും. അല്ലാതെ എസ്എഫ്ഐയും ഗവർണറും നേർക്കുനേർ, സർവകലാശാല പോർക്കളം, ഗവർണർ പിടിമുറുക്കുന്നു തുടങ്ങി തലവാചകങ്ങളിൽ നിഷ്പക്ഷത ചമയാനുള്ള നീക്കം കൊടും പാതകം ആണെന്ന് ഇന്നല്ലെങ്കിൽ നാളെ ചരിത്രം വിധിയെഴുതും.

# കേരളത്തിന് 153.20 കോടി കാലവർഷ ദുരിതാശ്വാസം

ന്യൂഡൽഹി: ഈ വർഷത്തെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ ദുരിതം ബാധിച്ച കേരളമുൾപ്പെടെയുള്ള ആറു സംസ്ഥാനങ്ങൾക്ക് 1066.80 കോടി രൂപ അനുവദിച്ച് കേന്ദ്രസർക്കാർ. സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ടിൽനിന്നുള്ള (എസ്ഡിആർഎഫ്) കേന്ദ്രസർക്കാരിന്റെ പങ്കായാണ് പണം അനുവദിച്ചിരിക്കുന്നത്.

കേരളത്തിനു പുറമെ അസം, മേഘാലയ, മണിപ്പൂർ, മിസോറം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങൾക്കാണ് ഫണ്ട് ലഭിച്ചിട്ടുള്ളത്.

ഈ വർഷത്തെ തെക്കുപടിഞ്ഞാറൻ കാലവർഷത്തിൽ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും ദുരിതം ബാധിച്ച സംസ്ഥാനങ്ങൾക്കാണ് എസ്ഡിആർഎഫിൽനിന്ന് ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം പുറത്തിറക്കിയ പ്രസ്താവനയിൽ വ്യക്തമാക്കി.

ദുരിതം ബാധിച്ച 6 സംസ്ഥാനങ്ങളിൽ കേരളത്തിന് 153.20 കോടി രൂപ ലഭിച്ചപ്പോൾ ഉത്തരാഖണ്ഡിന് 455.60 കോടിരൂപയും അസമിന് 375.60 കോടി രൂപയും ലഭിച്ചു. മേഘാലയയ്ക്ക് 30.40 കോടി രൂപ ലഭിച്ചപ്പോൾ മണിപ്പൂരിന് 29.20 കോടി രൂപയും മിസോറാമിന് 22.80 കോടി രൂപയും ലഭിച്ചു.

ഈ വർഷം എസ്ഡിആർഎഫിൽനിന്നും ദേശീയ ദുരന്തപ്രതികരണ ഫണ്ടിൽനിന്നും (എൻഡിആർഎഫ്) 8000 കോടിയിലധികം രൂപ 19 സംസ്ഥാനങ്ങൾക്കായി അനുവദിച്ചിട്ടുണ്ടെന്നും മോദിസർക്കാർ എല്ലാ സാഹചര്യങ്ങളിലും സംസ്ഥാനങ്ങളോടൊപ്പം നിലകൊള്ളുമെന്നും ആഭ്യന്തരമന്ത്രി അമിത്ഷാ എക്സിൽ കുറിച്ചു.

# രാജ്യവിരുദ്ധ ഉള്ളടക്കം വൈറലാക്കിയാൽ കർശന നടപടി

ന്യൂഡൽഹി: സമൂഹമാധ്യമങ്ങളിൽ രാജ്യവിരുദ്ധ ഉള്ളടക്കങ്ങൾ പങ്കുവെച്ച് അവയെ വൈറലാക്കാൻ സഹായിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കാൻ ദേശീയ അന്വേഷണ ഏജൻസി. ഓൺലൈനിലെ തെറ്റിദ്ധാരണാജനകവും പ്രകോപനപരവുമായ ഉള്ളടക്കങ്ങളുടെ വ്യാപനം തടയുന്നതിനായി മറ്റ് രഹസ്യാന്വേഷണ ഏജൻസികളുമായി ചേർന്ന് സംയുക്ത തന്ത്രം രൂപീകരിക്കാനാണ് എൻഐഎയുടെ ശ്രമം. പദ്ധതിയനുസരിച്ച് പുതിയ ചട്ടക്കൂടിനുകീഴിലുള്ള അവരുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് സമൂഹമാധ്യമ പ്ലാറ്റ്ഫോമുകളെ ഔദ്യോഗികമായി അറിയിക്കും. സമൂഹമാധ്യമ പ്ലാറ്റ്ഫോമുകൾ അവരുടെ ആഭ്യന്തരസംവിധാനങ്ങളിലൂടെ രാജ്യവിരുദ്ധവും പ്രകോപനപരവുമായ ഉള്ളടക്കങ്ങൾ നിരീക്ഷിക്കുകയും തടയുകയും ചെയ്യണം. ഇത്തരം ഉള്ളടക്കങ്ങൾക്കെതിരെ എന്തെല്ലാം നടപടികളെടുത്തുവെന്ന് സർക്കാരിനെ കൃത്യമായ ഇടവേളകളിൽ അറിയിക്കുകയും വേണം. വിദേശത്തുനിന്ന് പോസ്റ്റ് ചെയ്യുന്ന ഉള്ളടക്കങ്ങൾക്കെതിരെയും നടപടികളുണ്ടാകുമെന്ന് അധികൃതർ സൂചിപ്പിച്ചു.

# കുമ്പനാട് ഐപിസി ഹെബ്രോൻ ചാപ്പൽ ശതാബ്ദി സമ്മേളനത്തിന് അനുഗ്രഹ സമാപ്തി

**ബെൻസൺ തെങ്ങുംപള്ളിൽ**

കുമ്പനാട്: നൂറു വർഷം പിന്നിടുന്ന ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ആസ്ഥാന സഭയായി ഐപിസി ഹെബ്രോൻ ചാപ്പലിന്റെ ശതാബ്ദി സമ്മേളനം സമാപിച്ചു.

പാസ്റ്റർ സാംകുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ രാജ്യാന്തര അദ്ധ്യക്ഷനായ റവ.ഡോ. ടി. വത്സൻ ഏബ്രഹാം ഉദ്ഘാടനം ചെയ്തു. യേശുവിനെ സ്ഥിരതയോടെ ശുശ്രൂഷിക്കുന്നതിലൂടെയും അശരണർക്ക് അഭയം ഒരുക്കുന്നതിലൂടെയും സമൂഹത്തെ ക്ലേശങ്ങളിൽ നിന്നും ഉദ്ധരിക്കാമെന്ന് അദ്ദേഹം ഉദ്ഘാടനപ്രസംഗം നിർവഹിച്ച് പറഞ്ഞു.

പ്രതിസന്ധികളിലാണ് ഉയിർപ്പിന്റെ സന്ദേശം ഏറെ ദർശിക്കാൻ കഴിയുന്നതെന്ന് ജീവകാരുണ്യ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്ത മന്ത്രി വീണാ ജോർജ് പറഞ്ഞു. പാസ്റ്റർ ഡി. സാംകുട്ടി അദ്ധ്യക്ഷത വഹിച്ചു. സഭയുടെ മുൻ ജനറൽ പ്രസിഡണ്ടും പവർ വിഷൻ ടിവി ചാനൽ ചെയർമാനുമായ പാസ്റ്റർ ഡോ. കെ.സി. ജോൺ സമർപ്പണ ശുശ്രൂഷ നടത്തി ഐപിസി കേരള സ്റ്റേറ്റ് പ്രസിഡണ്ട് പാസ്റ്റർ കെ.സി. തോമസ് വചനപ്രഭാഷണം നടത്തി. ഹെബ്രോൺ സഭയിൽ ശുശ്രൂഷിച്ച മുൻകാല പാസ്റ്റർമാരെ ഐപിസി സീനിയർ പാസ്റ്റർ ബെഞ്ചമിൻ വർഗീസ് ആദരിച്ചു.

സഹായവിതരണങ്ങളുടെ ഉദ്ഘാടനം ആന്റോ ആന്റണി എംപി നിർവഹിച്ചു. റാന്നി മുൻ എംഎൽഎ രാജു ഏബ്രഹാം, ഐപിസി കുമ്പനാട് സെന്റർ സെക്രട്ടറി പാസ്റ്റർ ബ്ലസൻ കുഴിക്കാല, സഭാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളായ പാസ്റ്റർ സാം പി. ജോസഫ്, ജോജി ഐപ്പ് മാത്യൂസ്, സജി മത്തായി കാതേട്ട്, കേണൽ വി.ഐ. ലൂക്ക്, പഞ്ചായത്ത് അംഗം പി.എം. റോസ, വിൽസൺ ഏബ്രഹാം, പുന്നൂസ് സഖറിയാ, എൻ.സി. ബാബു, കെ. എം. മാത്യു, ഡോ. കോശി പി. ചാക്കോ, ജോൺ കെ. മാത്യു, മാത്യു ജോൺ, പാസ്റ്റർ പ്രിൻസ് ഗിൽഗാൽ, സ്റ്റാർല ലൂക്ക്, ജോയി ജോൺ, സജി എം. വർഗീസ്, വിൽസൺ കുരീകാട്ടിൽ, കെ.എം. വർഗീസ്, പാസ്റ്റർ ജോജി എം. വർഗീസ്, ഷിനു തോമസ്, സജി ബേബി, ഓമന ദേവരാജൻ, ബിജി മോൻസി, സ്നേഹ ഷാജി എന്നിവർ പ്രസംഗിച്ചു.



ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ആസ്ഥാന സഭയായ ഐപിസി ഹെബ്രോൻ ചാപ്പലിന്റെ ശതാബ്ദി ജീവകാരുണ്യ പ്രവർത്തനങ്ങൾ മന്ത്രി വീണാ ജോർജ് ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ബെഞ്ചമിൻ വർഗീസ്, ഡോ. കെ.സി. ജോൺ, ഡി. സാംകുട്ടി എന്നിവർ സമീപം.

ഉച്ചകഴിഞ്ഞു കുടുംബസംഗമം നടന്നു. പാസ്റ്റർമാരായ കെ.ഇ. ഏബ്രഹാം, കെ.സി. ഉമ്മച്ചൻ കൊടുന്തറ എന്നിവരുടെ നേതൃത്വത്തിൽ കുമ്പനാട് ആരംഭിച്ച പ്രാദേശിക കൂട്ടായ്മയാണ് നൂറു വർഷങ്ങൾ പിന്നിടുന്നത്.

ഐപിസി സഭകളുടെ കേന്ദ്രമായി ഹെബ്രോൻ ചാപ്പൽ അറിയപ്പെടുന്നു. ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ പ്രസിഡണ്ടുമാരായിരുന്ന പാസ്റ്റർ കെ.ഇ. ഏബ്രഹാം, പാസ്റ്റർ ടി.എസ് ഏബ്രഹാം, ഇപ്പോൾ പ്രസിഡണ്ടായി സേവനം ചെയ്യുന്ന പാസ്റ്റർ ഡോ. ടി. വത്സൻ ഏബ്രഹാം എന്നിവരുടെ പ്രാദേശിക സഭയാണ് കുമ്പനാട് ഐപിസി ഹെബ്രോൻ ചാപ്പൽ. ഇരുനൂറിലധികം കുടുംബങ്ങളിൽ നിന്നായി നാനൂറിൽ അധികം വിശ്വാസികൾ ഇവിടെ അംഗങ്ങളായി സഭാ ആരാധനയിൽ പങ്കുകൊള്ളുന്നു.

ഒരു വർഷം നീണ്ടുനിന്ന ശതാബ്ദി പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ സുവിശേഷ ജീവകാരുണ്യ പദ്ധതികൾ നടത്തുവാൻ സഭയ്ക്കു കഴിഞ്ഞു എന്ന് ശതാബ്ദി കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു.

# ഫൊക്കാന വിമൻസ് ഫോറം സ്കോളർഷിപ്പ് വിതരണം ഓഗസ്റ്റ് 2-ന്

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: അമേരിക്കയിലെ സംഘടനകളുടെ സംഘടനയായ ഫൊക്കാന കേരള കൺവൻഷനോടനുബന്ധിച്ച് ഓഗസ്റ്റ് 2-ന് നടത്തുന്ന വിമൻസ് ഫോറം സെമിനാറിൽ വെച്ച് 25 സമർത്ഥരായ നിർദ്ധന പ്രഫഷണൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് അമ്പതിനായിരം രൂപ വീതം സ്കോളർഷിപ്പ് നല്കുമെന്ന് വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള അറിയിച്ചു.




ജീവിതകാലത്ത് ഒരു വ്യക്തിക്കു നല്കുവാൻ കഴിയുന്ന ഏറ്റവും വലിയ നിക്ഷേപമാണ് വിദ്യാഭ്യാസം. ശരിയായ സമയത്ത് ശരിയായ നിക്ഷേപം നടത്തുകയാണെങ്കിൽ ഭാവിയിൽ മികച്ച നേട്ടം സ്വന്തമാക്കാൻ ഈ കുട്ടികൾക്ക് കഴിയും. അതിന് അവരെ പ്രാപ്തരാക്കുന്നതിനു വേണ്ടിയുള്ള ധനസഹായമാണ് ഫൊക്കാനയുടെ ഈ സ്കോളർഷിപ്പ് പ്രോഗ്രാം.

ഒരു പ്രവാസി സംഘടന നല്കുന്ന ഏറ്റവും വലിയ സ്കോളർഷിപ്പാണ് ഫൊക്കാന വിമൻസ് ഫോറത്തിന്റെ സ്കോളർഷിപ്പ് പ്രോഗ്രാം. സമൂഹത്തിന്റെ ആവശ്യമനുസരിച്ച് വിവിധ തുറകളിൽ വൈദഗ്ദ്ധ്യം സിദ്ധിച്ചവരെ ഉണ്ടാക്കുന്നതിനായി ഫൊക്കാന നല്കുന്ന സഹായമാണ് ഈ സ്കോളർഷിപ്പ് പ്രോഗ്രാം.

ഫൊക്കാനയുടെ 2024-26 വർഷത്തേക്കുള്ള പുതിയ ഭരണസമിതി പ്രവർത്തനമണ്ഡലത്തിൽ വലിയൊരു നാഴികക്കല്ലായി മാറുന്ന പല ചാരിറ്റി പ്രവർത്തനങ്ങളാണ് കേരള കൺവൻഷനിൽ വിഭാവനം ചെയ്തിരിക്കുന്നത്. അതിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വിമൻസ് ഫോറം സ്കോളർഷിപ്പ് പ്രോഗ്രാം എന്ന് പ്രസിഡണ്ട് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

പണമില്ലാത്തതിന്റെ പേരിൽ പല വിദ്യാർത്ഥികൾക്കും പഠിക്കാനുള്ള അവസരം നഷ്ടപ്പെടുന്നതായി പലപ്പോഴും നാം കാണാറുണ്ട്. പഠനം സുഗമമാക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമായതിനാൽ സമർത്ഥരായ വിദ്യാർത്ഥികളെ അർഹമായ സ്കോളർഷിപ്പുകളിലൂടെ സഹായിക്കുക എന്നതാണ് ഫൊക്കാനയുടെ ലക്ഷ്യം. ഈ സ്കോളർഷിപ്പിനൊപ്പം മറ്റ് അർഹമായ സ്കോളർഷിപ്പു കണ്ടുപിടിച്ചു നല്കുന്നതിനും ഫൊക്കാന സഹായിക്കുന്നതാണ്.

വിദ്യാഭ്യാസ ജീവിതച്ചെലവുകൾ വർദ്ധിച്ചു വരുകയാണ്. ഇതു താങ്ങാൻ പല രക്ഷിതാക്കളും ബുദ്ധിമുട്ടുന്നതു കാണാം. പലർക്കും വിദ്യാഭ്യാസം ഒരു ബാദ്ധ്യത ആകുന്നതു കാണാം. ചിന്തിക്കുകയും വലിയ സ്വപ്നങ്ങൾ കാണാൻ പ്രാപ്തരാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നമ്മുടെ കുട്ടികൾക്ക് ഒരു കൈത്താങ്ങ് നല്കാനാണ് ഫൊക്കാന ശ്രമിക്കുന്നത്.

കേരളത്തിനകത്തും പുറത്തും മലയാളികളുടെ ഉന്നമനത്തിനായി പ്രവർത്തിക്കുന്ന സംഘടനയാണ് ഫൊക്കാന. നാം വളരെയധികം ചാരിറ്റി പ്രവർത്തനങ്ങൾ കേരളത്തിൽ ഈ കേരളാ കൺവൻഷനോടനുബന്ധിച്ച് ചെയ്യുന്നുണ്ടെന്ന് വിമൻസ് ഫോറം ദേശീയ ചെയർപേഴ്സൺ രേവതി പിള്ള അറിയിച്ചു.

# ചിക്കാഗോയിൽ അന്തരിച്ച ജോർജ് മാന്തുരുത്തിലിന്റെ സംസ്കാര ശുശ്രൂഷകൾ ജൂലൈ 14, 15 തീയതികളിൽ



ചിക്കാഗോ: ചിക്കാഗോയിൽ അന്തരിച്ച ജോർജ് മാന്തുരുത്തിലിന്റെ സംസ്ക്കാര ശുശ്രൂഷകൾ ജൂലൈ 14, 15 തീയതികളിൽ മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ പള്ളിയിൽ നടത്തപ്പെടും. ജൂലൈ 14-ന് തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ 9 മണി വരെ പൊതുദർശനം. 15-ന് രാവിലെ 9:30-ന് നടത്തപ്പെടുന്ന പ്രാർത്ഥനാശുശ്രൂഷകൾക്കും ദിവ്യബലിക്കും ശേഷം മേരിഹിൽ സെമിത്തേരിയിൽ സംസ്ക്കാരം നടക്കും.

കൈപ്പുഴ സ്വദേശിയായ ജോർജ് മാന്തുരുത്തിലിന്റെ ഭാര്യ പരേതയായ മേരിക്കുട്ടി കുറുമുള്ളൂർ ഐക്കരപ്പറമ്പിൽ കുടുംബാംഗമാണ്. മക്കൾ: സ്വപ്ന കുരുവിള മാന്തുരുത്തിൽ, വിനോദ് & എൽസി (ചക്കാലക്കൽ, ഡാളസ്). കൊച്ചുമക്കൾ: കെന്നി, കെയ്സൺ.

സഹോദരങ്ങൾ: ബ്രദർ അബ്രഹാം, പരേതനായ സൈമൺ & ഗ്ലോറി, ബ്രദർ മാത്യു, തോമസ് & ഷേർലി, പരേതനായ ആന്റണി& കരോളിൻ, ബിബി & സലിം, സിബി & വിജി, മിനി & അബ്രഹാം ചാലുപറമ്പിൽ, ജോസഫ് (ജോയി) & ബെറ്റ്സി.

# ചെയറിൽ ഇനി 'ചെയർപഴ്സൻ' മാത്രം

തിരുവനന്തപുരം: സർക്കാർ പദവികളിൽ ഇനി 'ചെയർമാന്' കസേരയില്ല. എല്ലായിടത്തും 'ചെയർപഴ്സൻ' കസേരയിട്ടിരിക്കും. ഭരണ രംഗത്ത് ജെൻഡർ നിഷ്പക്ഷ പദങ്ങളുടെ ഉപയോഗം വർധിപ്പിക്കുന്നതിന്റെ ഭാഗമായാണ് ചെയർമാൻ എന്ന വാക്കിനു പകരം ചെയർപഴ്സൻ എന്ന് ഉപയോഗിക്കാൻ ഉദ്യോഗസ്ഥ-ഭരണപരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് നിർദേശം നൽകിയത്.

# ഹിന്ദു പെൺമക്കൾക്ക് തുല്യാവകാശം

കൊച്ചി: കേരളത്തിലെ ഹിന്ദു കുടുംബങ്ങളിലും പെൺമക്കൾക്കു പൂർവിക സ്വത്തിൽ തുല്യാവകാശമുണ്ടെന്നു ഹൈക്കോടതി വ്യക്തമാക്കി. ഹിന്ദു പിന്തുടർച്ചാവകാശ നിയമത്തിനു കേന്ദ്രസർക്കാർ കൊണ്ടുവന്ന ഭേദഗതി പ്രാബല്യത്തിൽ വന്ന 2004 ഡിസംബർ 20-നു ശേഷം മരിച്ചവരുടെ പെൺമക്കൾക്ക് തുല്യാവകാശമുണ്ടാകും. ഈ തീയതിക്കു മുൻപു നടന്ന ഭാഗഉടമ്പടികൾക്ക് വിധി ബാധകമല്ല. നിയമഭേദഗതി കേരളത്തിൽ നടപ്പാക്കാൻ തടസ്സമായിനിന്ന 1975-ലെ കേരള കൂട്ടുകുടുംബ സമ്പ്രദായം (നിർത്തലാക്കൽ) നിയമത്തിലെ 3,4 വകുപ്പുകൾ നിലനിൽക്കില്ലെന്നു കോടതി വ്യക്തമാക്കി.

കുടുംബ സ്വത്തിൽ തുല്യാവകാശം തേടി കോഴിക്കോട് സ്വദേശികളായ എൻ.പി. രജനിയും സഹോദരിമാരും നൽകിയ അപ്പീൽ അനുവദിച്ചാണ് ജസ്റ്റിസ് എസ്. ഈശ്വരന്റെ സുപ്രധാന വിധി. പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നെ സ്വത്തുക്കൾ ഹർജിക്കാരുടെ സഹോദരനു മാത്രം നൽകിയതാണു നിയമ പോരാട്ടത്തിൽ കലാശിച്ചത്.

# ജസ്റ്റീസ് വർമയുടെ ഇംപീച്ച്മെന്റിന് സർക്കാർ–പ്രതിപക്ഷ യോജിപ്പ്

ന്യൂഡൽഹി: ഡൽഹിയിലെ ഔദ്യോഗിക വസതിയിൽ ചാക്കുകളിൽ കെട്ടി സൂക്ഷിച്ചിരുന്ന 500 രൂപയുടെ നോട്ടുകെട്ടുകൾ കണ്ടെത്തിയ സംഭവത്തിൽ ജസ്റ്റിസ് യശ്വന്ത് വർമ്മയെ പുറത്താക്കുന്നതിന് 21-ന് തുടങ്ങുന്ന പാർലമെന്റിന്റെ വർഷകാല സമ്മേളനത്തിൽ കേന്ദ്രസർക്കാർ തന്നെ ഇംപീച്ച്മെന്റ് പ്രമേയം അവതരിപ്പിക്കും. കോൺഗ്രസ് അടക്കമുള്ള പ്രതിപക്ഷം പിന്തുണയ്ക്കുമെന്ന് അറിയിച്ചതോടെ ഓഗസ്റ്റ് 21 വരെ നീളുന്ന പാർലമെന്റ് സമ്മേളനത്തിൽ പ്രമേയം പാസാകുന്നതിന് കളമൊരുങ്ങി. പാർലമെന്റിൽ പ്രമേയം പാസാക്കുന്നതിനു മുമ്പായി വിവാദ ജഡ്ജി രാജിവെച്ചേക്കുമെന്നാണ് സൂചന.

അഴിമതി ആരോപണം നേരിടുന്ന അലഹബാദ് ഹൈക്കോടതി ജഡ്ജി യശ്വന്ത് വർമ്മയെ പുറത്താക്കണമെന്ന



തിൽ ബിജെപി, കോൺഗ്രസ്, ഇടതുപക്ഷ പാർട്ടികൾ അടക്കമുള്ള പ്രധാന ഭരണ-പ്രതിപക്ഷ പാർട്ടികൾക്കിടയിൽ യോജിപ്പുണ്ടെന്ന് സർക്കാർ വൃത്തങ്ങൾ അറിയിച്ചു. ജഡ്ജിയെ നീക്കം ചെയ്യണമെന്നാവശ്യപ്പെട്ട് ഔപചാരിക പ്രമേയം അവതരിപ്പിക്കുന്നതിന് ആവശ്യമായ പിന്തുണയ്ക്കായി ലോക്സഭയിലെയും രാജ്യസഭയിലെയും എല്ലാ പ്രധാന പാർട്ടികളെയും സർക്കാർ സമീപിച്ചിട്ടുണ്ട്. ലോക്സഭയിൽ പ്രമേയം അവതരിപ്പിക്കുന്നതിന് കുറഞ്ഞത് നൂറ് എംപിമാരുടെ ഒപ്പ് ആവശ്യമാണ്. രാജ്യസഭയിൽ അമ്പത് എംപിമാരുടെ ഒപ്പ് മതിയാകും. ജഡ്ജിക്കെതിരായ ഇംപീച്ച്മെന്റ് പ്രമേയത്തെ പിന്തുണയ്ക്കാൻ പ്രധാന പ്രതിപക്ഷ പാർട്ടികൾ തത്വത്തിൽ അംഗീകാരം നല്കിയതായി കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. എന്നാൽ, പ്രമേയം ലോക്സഭയിലാണോ രാജ്യസഭയിലാണോ കൊണ്ടുവരുകയെന്ന് സർക്കാർ ഇതുവരെ തീരുമാനിച്ചിട്ടില്ലെന്ന് മന്ത്രി വ്യക്തമാക്കി. ജസ്റ്റിസ് വർമയെ നീക്കം ചെയ്യുന്നത് ഗൗരവമായി പരിഗണിക്കണമെന്ന് സുപ്രീം കോടതി രൂപീകരിച്ച ആഭ്യന്തര വസ്തുതാന്വേഷണ സമിതി ശിപാർശ ചെയ്തതായി റിപ്പോർട്ടുണ്ട്.

ഡൽഹി ഹൈക്കോടതിയിൽ ഡെപ്യൂട്ടേഷനിലായിരിക്കെയാണ് വർമയുടെ ഔദ്യോഗിക വസതിയിൽ നിന്ന് കണക്കിൽപ്പെടാത്ത വൻതോതിലുള്ള പണം കണ്ടെത്തിയത്. സുരക്ഷാ ഉദ്യോഗസ്ഥർ കാവലുള്ള വസതിയുടെ വളപ്പിൽ ഔട്ട്ഹൗസിലുണ്ടായ തീപിടിത്തത്തെത്തുടർന്നാണ് കെട്ടുകണക്കിന് 500 രൂപയുടെ കറൻസികൾ പാതി കത്തിയ നിലയിൽ അഗ്നിരക്ഷാ സേനാംഗങ്ങളും പോലീസും കണ്ടെത്തിയത്.

സംഭവസമയത്തു വർമയും കുടുംബാംഗങ്ങളും വീട്ടിൽ ഉണ്ടായിരുന്നില്ല. പാതി കരിഞ്ഞ നോട്ടുകളുള്ള ചാക്കുകെട്ടുകൾ പെട്ടെന്നുതന്നെ മറ്റെങ്ങോട്ടോ കടത്തിക്കൊണ്ട് പോയിരുന്നു. സംഭവത്തിൽ കേസെടുക്കുകയോ പണം തൊണ്ടിയായി എടുക്കുകയോ ചെയ്യാതെ ഡൽഹി പോലീസ് കള്ളക്കളി നടത്തിയത് വലിയ പ്രതിഷേധത്തിനിടയാക്കിയിരുന്നു.

# ആരോഗ്യ സൂചികയിൽ കേരളം നാലാമത്

തിരുവനന്തപുരം: നീതി ആയോഗിന്റെ 'ഗോൾ ഓഫ് ഗുഡ് ഹെൽത്ത് ആൻഡ് വെൽബിയിങ് ഇൻഡക്സി'ൽ കേരളത്തിന്റെ സ്ഥാനം നാലാമത്. ആത്മഹത്യയും റോഡപകടങ്ങളും മാനദണ്ഡമായതോടെ സൂചികയിൽ കേരളം താഴേക്ക് പോയിരുന്നു.

പുതിയ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതിനു മുമ്പ് 2018-19, 2019-20 വർഷങ്ങളിൽ ഒന്നാം സ്ഥാനത്തായിരുന്നു കേരളം. പുതിയ ഘടകങ്ങൾ വന്നതോടെ 2020-21-ൽ പന്ത്രണ്ടാം സ്ഥാനത്തേക്കു പോയ സംസ്ഥാനത്തിന്റെ തിരിച്ചുവരവിന്റെ സൂചനയാണ് ഇപ്പോഴത്തെ നാലാം സ്ഥാനമെന്ന് ആരോഗ്യവിദഗ്ദ്ധർ പറയുന്നു.

ഏറ്റവും പുതിയ വിലയിരുത്തൽ (2023-24) പ്രകാരം 90 പോയിന്റ് നേടിയ ഗുജറാത്താണ് ഒന്നാം സ്ഥാനത്ത്. 84 പോയിന്റ് നേടിയ മഹാരാഷ്ട്രയും ഉത്തരാഖണ്ഡും രണ്ടാമതും 83 പോയിന്റുള്ള ഹിമാചൽപ്രദേശാണ് മൂന്നാമത്. കേരളത്തിനൊപ്പം 80 പോയിന്റോടെ കർണാടകവും നാലാം സ്ഥാനത്തുണ്ട്.

2030-ഓടെ സുസ്ഥിര ലക്ഷ്യം നേടുന്നതിനായി ആവിഷ്കരിച്ച ഘടകങ്ങളാണ് വിലയിരുത്തിയിട്ടുള്ളത്. മാതൃമരണനിരക്ക്, അഞ്ചു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളുടെ മരണം, ഒമ്പതു മുതൽ 11 മാസം വരെയുള്ള കുഞ്ഞുങ്ങളുടെ പ്രതിരോധ കുത്തിവെപ്പ്, എച്ച്ഐവി ബാധിതർ, ആയുർദൈർഘ്യം, ആശുപത്രികളിലെ പ്രസവം, സ്വന്തം കീശയിൽ നിന്നുള്ള ചികിത്സാച്ചെലവ്, ആരോഗ്യപ്രവർത്തകരുടെ എണ്ണം തുടങ്ങി 11 ഘടകങ്ങളാണ് വിലയിരുത്തിയത്. ഇതിൽ റോഡപകടങ്ങൾ, ചികിത്സാച്ചെലവ്, ആത്മഹത്യ എന്നിവയിലെ ഉയർന്ന നിരക്കാണ് കേരളത്തിനു തടസ്സമായത്.

ആത്മഹത്യാനിരക്ക് ലക്ഷത്തിൽ നാല് എന്നതാണ് ദേശീയ ലക്ഷ്യമെങ്കിലും കേരളത്തിൽ ഇപ്പോൾ ഇത് 28.5 ആണ്. റോഡപകടങ്ങളിൽ ഇവിടെ ലക്ഷത്തിൽ 12.1 ആണ് മരണനിരക്ക്.

സ്വന്തം കീശയിൽ നിന്ന് ആരോഗ്യ ആവശ്യങ്ങൾക്ക് ചെലവാക്കുന്നത് ദേശീയതലത്തിൽ 13 ശതമാനമാണെങ്കിൽ ഇതിൽ മുന്നിലുള്ള കേരളവും അരുണാചൽപ്രദേശും 17 ശതമാനം ചെലവിടുന്നു.

# ഹിന്ദുസ്ഥാൻ യൂണീലിവർ തലപ്പത്ത് പ്രിയാനായർ



കൊച്ചി: ഹിന്ദുസ്ഥാൻ യൂണീലിവറിന്റെ (എച്ച്യുഎൽ)മാനേജിങ് ഡയറക്ടറും സിഇഒയുമായി മലയാളിയായ പ്രിയാനായർ നിയമിതയായി. ഉപഭോക്തൃ ഉത്പന്ന രംഗത്തെ ഭീമന്മാരായ എച്ച്യുഎല്ലിന്റെ 92 വർഷത്തെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഒരു വനിത സിഇഒ ആകുന്നത്. 53- കാരിയായ പ്രിയ ഓഗസ്റ്റ് ഒന്നിനു ചുമതലയേൽക്കും. നിലവിൽ ലണ്ടനിൽ എച്ച്യുഎല്ലിന്റെ മാതൃകമ്പനിയായ യൂണീലിവറിന്റെ ബ്യൂട്ടി ആൻഡ് വെൽബീയിങ് വിഭാഗം പ്രസിഡന്റാണ്. നിലവിലെ എംഡിയും സിഇഒയുമായ രോഹിത് ജാവ സ്ഥാനമൊഴിയുന്നതിനെ തുടർന്നാണ് പുതിയ നിയമനം.

കേരളത്തിൽ കുടുംബവേരുകളുള്ള പ്രിയ, പൂനെയിലെ സിംബയോസിസ് ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് മാർക്കറ്റിങ്ങിൽ എംബിഎ പൂർത്തിയാക്കിയശേഷം 1995ലാണ് എച്ച്യുഎല്ലിൽ ജോലിയിൽ പ്രവേശിച്ചത്. 2014-ൽ എക്സിക്യൂട്ടീവ് ഡയറക്ടറായി ഉയർന്നു. 2022-ൽ ലണ്ടനിൽ യൂണീലിവറിന്റെ ബ്യൂട്ടി ആൻഡ് വെൽബീയിങ് വിഭാഗം ആഗോള ചീഫ് മാർക്കറ്റിങ് ഓഫീസറായി. 2023 മുതൽ അതിന്റെ പ്രസിഡണ്ടായി പ്രവർത്തിച്ചുവരുകയായിരുന്നു.

# ഇന്ത്യയും നമീബിയയും നാല് കരാറുകളിൽ ഒപ്പുവെച്ചു

വിൻഡ്ഹോക്ക്: രാജ്യങ്ങൾ തമ്മിലുള്ള സഹകരണം വർധിപ്പിക്കുന്നതിനായി, ഊർജവും ആരോഗ്യവുമടക്കമുള്ള മേഖലകളിലായി നാല് കരാറുകളിൽ ഇന്ത്യയും നമീബിയയും ഒപ്പുവെച്ചു. പ്രധാനമന്ത്രി നരേന്ദ്ര മോദിയും നമീബിയ പ്രസിഡണ്ട് നന്ദി നദൈത്വയും തമ്മിൽ നടത്തിയ ചർച്ചയ്ക്കു ശേഷമാണ് ഇവയിൽ ഒപ്പുവെച്ചത്. മോദി നടത്തുന്ന അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ അവസാന ഘട്ടത്തിലാണ് നമീബിയയിലെത്തിയത്.

ജൈവ ഇന്ധനങ്ങൾ, ആരോഗ്യം, ദുരന്തനിവാരണം തുടങ്ങിയ മേഖലകളിലടക്കം നാല് കരാറുകളാണ് ഒപ്പിട്ടത്. മോദി നമീബിയയിലേക്ക് നടത്തുന്ന ആദ്യത്തെ സന്ദർശനമാണിത്. രാജ്യത്തെത്തുന്ന മൂന്നാമത്തെ ഇന്ത്യൻ പ്രധാനമന്ത്രികൂടിയാണ് അദ്ദേഹം. 'വിലപ്പെട്ടതും വിശ്വസ്തനുമായ പങ്കാളി' എന്നാണ് നമീബിയയെ മോദി വിശേഷിപ്പിച്ചത്. സ്റ്റേറ്റ്ഹൗസിൽ ആചാരപരമായ സ്വീകരണമൊരുക്കിയാണ് അദ്ദേഹത്തെ നമീബിയ വരവേറ്റത്.

HEATING & AIR CONDITIONING
Honest Reliable Professional
Lifetime Comfort, Inc
HEATING, AIR CONDITIONING AND ENERGY MANAGEMENT
Services at Reasonable Rates
847-924-4277
LIFETIME COMFORT. INC
Repairs • Maintenance • Installation
Air Conditioners • Furnaces • Boilers
Water Heaters • Humidifiers
24 Hour Emergency Service


• Honest • Reliable
• Licensed • Insured • Bonded
Contact: Eby Elakkatt
16 years of experience
Forlifetimecomfort@gmail.com
We Offer FREE Second Opinion

PINNACLE MORTGAGE
MAKING YOUR DREAMS COME TRUE

George Kurian
Mortgage Specialist
NMLS ID 220917
1325 Wiley Rd Suite 160
Schaumburg, IL 60173
NMLS ID 2278494 Lic # MB.6761681
8473408708
avicote2@gmail.com
http://pinnacle.mortgage
"Licensed to originate Mortgage both in Illinois and Georgia"

# ലിവർപൂളിൽ യൂറോപ്പിലെ ആദ്യദേവാലയം സ്വന്തമാക്കി ക്നാനായക്കാർ സെന്റ് പയസ് ടെൻത് മിഷന്റെ നവീകരിച്ച വൈദിക ഭവനത്തിന്റെ വെഞ്ചരിപ്പ് കർമ്മങ്ങൾ വർണ്ണാഭമായി



**സോജൻ തോമസ്**

ലിവർപൂൾ: സെന്റ് പയസ് ടെൻത് ക്നാനായ കാത്തലിക് മിഷൻ ലിവർപൂൾ രൂപത നല്കിയ ദേവാലയവും വൈദിക ഭവനവും ലഭിച്ചതിന്റെ സന്തോഷത്തിലാണ് യുകെയിലെ ക്നാനായ കത്തോലിക്കാ സമൂഹം. നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പ് കർമ്മമാണ് ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ മൂന്നാം തീയതി ചൊവ്വാഴ്ച ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ നിർവഹിച്ചത്. യുകെയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള നിരവധി വൈദികർ വെഞ്ചരിപ്പ് ചടങ്ങുകൾക്ക് സഹകാർമ്മികരായി.

2025 ജൂലൈ മൂന്നിന് ഔവർ ലേഡി ഓഫ് വാൽസിംഗ്ഹാം ദേവാലയത്തിൽ വൈകുന്നേരം ആറ് മണിക്ക് ആരംഭിച്ച വിശുദ്ധ കുർബാനയെ തുടർന്നാണ് നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വൈദിക മന്ദിരത്തിന്റെ (St. Pius X Presbutery, Litherland) വെഞ്ചരിപ്പ് കർമ്മം നടന്നത്. യുകെയിലെ ക്നാനായ സമൂഹത്തിന്റെ പതിനഞ്ചു മിഷനുകൾക്കും സ്വന്തമായ ദേവാലയമെന്നതാണ് തന്റെ ആഗ്രഹമെന്നും അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾക്ക് തന്റെ പൂർണ്ണമായ പിന്തുണയും പ്രാർത്ഥനയും ഉണ്ടാകുമെന്നും മാർ ജോസഫ് സ്രാമ്പിക്കൽ തന്റെ സന്ദേശത്തിൽ എടുത്തുപറഞ്ഞു. ക്നാനായ മിഷൻ കോ-ഓർഡിനേറ്റർ ഫാ. സുനി പടിഞ്ഞാറേക്കര സ്വാഗതവും കൈക്കാരന്മാരുടെ പ്രതിനിധി ജോയി പാവക്കുളം നന്ദിയും പറഞ്ഞു.

നാനൂറിലേറെ പേർക്ക് ഒരേസമയം തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാൻ കഴിയുന്ന ദേവാലയവും മുന്നൂറിലേറെ പേരെ ഉൾക്കൊള്ളാൻ കഴിയുന്ന വലിയ ഹാളും വൈദിക ഭവനവും ഉൾപ്പെടുന്ന പ്രോപ്പർട്ടിയാണ് ക്നാനായ സമൂഹത്തിനായി ലഭ്യമായിരിക്കുന്നത്. അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി സെപ്റ്റംബർ മാസം ഇരുപതാം തീയതി ദേവാലയത്തിന്റെ വെഞ്ചരിപ്പ് കർമ്മങ്ങൾ വിപുലമായി നടത്തുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

ഗ്രേറ്റ് ബ്രിട്ടൺ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ പിതാവിന്റെ അനുഗ്രഹാശീർവാദങ്ങളോടെ ലിവർപൂൾ ആർച്ച്ബിഷപ് മാല്ക്കം മാക്മഹോനുമായി യുകെ ക്നാനായ കാത്തലിക് മിഷൻസ് കോ-ഓർഡിനേറ്റർ ഫാ. സുനി പടിഞ്ഞാറേക്കരയുടെ നേതൃത്വത്തിൽ ഡീക്കൻ അനിൽ ഒഴുകയിൽ, കൈക്കാരന്മാരായ ഫിലിപ്പ് കുഴിപ്പറമ്പിൽ, ജോയി പാവക്കുളത്ത് എന്നിവർ നാളുകളായി നടത്തിയ ചർച്ചകളുടെയും ആശയവിനിമയങ്ങളുടെയും ശ്രമഫലമായിട്ടാണ് മനോഹരമായ ദേവാലയവും സൗകര്യപ്രദമായ ഹാളും വൈദികമന്ദിരവും ലഭിച്ചിരിക്കുന്നത്.

വൈദിക ഭവന വെഞ്ചരിപ്പിനുശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു. യുകെയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി നൂറുകണക്കിന് ക്നാനായക്കാരാണ് വെഞ്ചരിപ്പ് കർമ്മത്തിന് സാക്ഷികളാകാനെത്തിയത്.

















# സർക്കാർ ആശുപത്രികളുടെ നിലവാരം: കോടതി വിശദാംശങ്ങൾ തേടി

കൊച്ചി: കേരളത്തിലെ മെഡിക്കൽ കോളജുകളുടെയും സർക്കാർ ആശുപത്രികളുടെയും പ്രവർത്തന നിലവാരം ഉറപ്പുവരുത്താൻ നടത്തുന്ന പരിശോധനകൾ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാൻ ഹൈക്കോടതി സർക്കാരിനു നിർദേശം നൽകി. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം നിശ്ചിത ഇടവേളകളിൽ കൃത്യമായ നിലവാര പരിശോധന നടക്കുന്നുണ്ടോയെന്ന് ആരാഞ്ഞ ശേഷമാണു ചീഫ് ജസ്റ്റിസ് നിധിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ച് ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം തേടിയത്.

കേരളത്തിലെ മെഡിക്കൽ കോളജുകളടക്കമുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനവും കാര്യക്ഷമമായ നടത്തിപ്പും ഉറപ്പാക്കാൻ നടപടി ആവശ്യപ്പെട്ട് ആലപ്പുഴ സ്വദേശി ജി. സാമുവൽ നൽകിയ പൊതുതാത്പര്യ ഹർജിയാണു കോടതി പരിഗണിച്ചത്. കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിക്കെട്ടിടം ഇടിഞ്ഞുവീണ് ഒരു സ്ത്രീ മരിച്ചതടക്കം ചൂണ്ടിക്കാട്ടിയാണു ഹർജി. സർക്കാർ ആശുപത്രികളിൽ ഉപകരണങ്ങളും ശുചിത്വവും ഉറപ്പാക്കണമെന്ന ആവശ്യവും ഹർജിയിൽ ഉന്നയിച്ചിട്ടുണ്ട്.

ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിൽ പരിശോധനകൾ സംബന്ധിച്ച് എന്താണു പരാമർശിച്ചിട്ടുള്ളതെന്ന് ഹർജി പരിഗണിക്കവേ കോടതി ചോദിച്ചു.

## 20.9 കോടി വർഷം പഴക്കമുള്ള ഫോസിലുകൾ കണ്ടെത്തി

അരിസോന: ദിനോസറുകളുടെ തുടക്കകാലത്ത് ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്ന പെട്രോസോറുകളുടെ 20.9 കോടി വർഷം പഴക്കമുള്ള ഫോസിലുകൾ കണ്ടെത്തി. നോർത്ത് അമേരിക്കയിലെ പെട്രിഫൈഡ് ഫോറസ്റ്റ് നാഷണൽ പാർക്കിലാണ് 'പറക്കുന്ന മുതലകൾ' എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന ജീവികളുടെ ഫോസിലുകൾ കണ്ടെത്തിയത്. കടൽകാക്കകളുടെ വലിപ്പമുണ്ടായിരുന്നുവെന്ന് കരുതുന്ന ഇവ നദികളിൽ മത്സ്യങ്ങളെയും മറ്റും ആഹാരമാക്കി ജീവിച്ചിരുന്നവയാണ് എന്നാണ് അനുമാനം. ഫോസിലുകളുടെ സംരക്ഷിത കേന്ദ്രമെന്ന നിലയിൽ പ്രശസ്തമാണ് പെട്രോഫൈഡ് ഫോറസ്റ്റ് നാഷണൽ പാർക്ക്. എങ്കിലും പെട്രോസോറുകളുടെ ഫോസിലുകൾ ഇവിടെ കണ്ടെത്തുമെന്ന് ശാസ്ത്രജ്ഞർ കരുതിയിരുന്നില്ല. ഇതുവരെ കേട്ടിട്ടില്ലാത്ത മറ്റ് ഏഴ് ജീവികളുടെ ഫോസിലുകൾ കൂടി കണ്ടെത്തിയിട്ടുണ്ട്.

# 'നിധി' അമ്മയുടെ കരങ്ങളിൽ

കൊച്ചി: കുഞ്ഞുടുപ്പിട്ട നിധിയെ തന്റെ കൈകളിലേക്ക് ഏറ്റുവാങ്ങുമ്പോൾ അമ്മ രഞ്ജിതയുടെ കണ്ണു നിറഞ്ഞു. തല കുനിച്ചുനിന്ന പിതാവ് മംഗളേശ്വറിന്റെ മുഖത്ത് കുഞ്ഞിനെ കണ്ടതോടെ നിറപുഞ്ചിരി... കേരളം സ്നേഹിച്ചു കരുതലൊരുക്കിയ കുഞ്ഞു നിധി അങ്ങനെ ജാർഖണ്ഡിൽ മാതാപിതാക്കളുടെ കൈകളിലേക്കു സുരക്ഷിതമായെത്തി.



ജാർഖണ്ഡിലെ ലോഹർബഗായിലെത്തിച്ച 'നിധി' അമ്മ രഞ്ജിതയുടെ കൈകളിൽ.

പ്രസവശേഷം കൊച്ചിയിലെ ആശുപത്രിയിൽ ഉപേക്ഷിച്ച കുഞ്ഞിനെ നിയമനടപടികൾ പൂർത്തിയാക്കി ജാർഖണ്ഡിലെ ലോഹർബഗായിലെത്തിച്ച് ജില്ലാ ശിശുക്ഷേമ സമിതി അധികൃതർക്കു കൈമാറി. എറണാകുളം ജില്ലാ ശിശു സംരക്ഷണ സമിതി ഓഫീസർ കെ.എസ്. സിനി, ലോഹർബഗായിലെ സിബ്ല്യുസി അംഗം പൂജ കുമാരിക്കു കുഞ്ഞിനെ കൈമാറി. ഇരുവരും ചേർന്നു കുഞ്ഞിനെ മാതാപിതാക്കളെ ഏൽപ്പിച്ചു. തുടർന്ന് ജില്ലാ കളക്ടർ ഡോ. താരാചന്ദിന്റെ ചേംബറിലെത്തി സ്നേഹം പങ്കിട്ടു. സിഡബ്ല്യുസി ചെയർപേഴ്സൺ കുന്തി സാഹുവും ഒപ്പമുണ്ടായിരുന്നു.

കുഞ്ഞിന് സംരക്ഷണവും വലിയ കരുതലും ഒരുക്കിയ കേരളത്തിലെ സർക്കാരിനും ആരോഗ്യപ്രവർത്തകർക്കും ജില്ലാ കളക്ടർ നന്ദി പറഞ്ഞു. "അറിവില്ലാതെ ചെയ്തുപോയതാണ്. വലിയ സങ്കടമുണ്ട്. ഇനി ഞങ്ങൾ മോളെ പൊന്നുപോലെ നോക്കും" – അമ്മ രഞ്ജിത പറഞ്ഞു. മകൾക്കു കേരളം നൽകിയ നിധി എന്ന പേര് മാറ്റില്ലെന്നും മാതാപിതാക്കൾ പറഞ്ഞു. കോട്ടയത്തെ ഫിഷ് ഫാമിൽ ജോലിക്കാരായിരുന്നു രഞ്ജിതയും മംഗളേശ്വറും.

കഴിഞ്ഞ ജനുവരി 29-നായിരുന്നു എറണാകുളം ജനറൽ ആശുപത്രിയിൽ നിധിയുടെ ജനനം. കുഞ്ഞിന്റെ ആരോഗ്യനില വഷളായതിനെത്തുടർന്ന് 31-ന് വിദഗ്ധ ചികിത്സയ്ക്കായി എറണാകുളം ലൂർദ് ആശുപത്രിയിലേക്കു മാറ്റി. ചികിത്സയ്ക്കു പണമില്ലാത്തതിനാൽ അന്നു രാത്രി മാതാപിതാക്കൾ കുഞ്ഞിനെ ഉപേക്ഷിച്ചു ജാർഖണ്ഡിലേക്കു കടക്കുകയായിരുന്നു. തുടർന്ന് കുട്ടിയുടെ ചികിത്സ സർക്കാർ ഏറ്റെടുത്തു. കുഞ്ഞിനു മന്ത്രി വീണാ ജോർജാണ് നിധി എന്നു പേരിട്ടത്.

# റോയിട്ടേഴ്സിനെ വിലക്കിയത് കേന്ദ്രം ആവശ്യപ്പെട്ടതുകൊണ്ട്

ന്യൂഡൽഹി: വാർത്താ ഏജൻസിയായ റോയിട്ടേഴ്സിന്റെ സമൂഹമാധ്യമ അക്കൗണ്ട് വിലക്കാൻ ജൂലൈ മൂന്നിന് കേന്ദ്രസർക്കാരാണു ആവശ്യപ്പെട്ടതെന്ന് എക്സ് വെളിപ്പെടുത്തി.

ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ പറഞ്ഞതിനു വിരുദ്ധമാണ് വെളിപ്പെടുത്തൽ. അക്കൗണ്ട് വിലക്കാൻ എക്സിനോട് ആവശ്യപ്പെട്ടിട്ടില്ലെന്നാണു കേന്ദ്ര ഐടി മന്ത്രാലയം വിശദീകരിച്ചത്.

ജൂലൈ മൂന്നിന് റോയിട്ടേഴ്സ് അക്കൗണ്ട് വിലക്കാൻ പുതിയ ഉത്തരവു നൽകിയിട്ടില്ലെന്ന് ഐടി മന്ത്രാലയം ജൂലൈ 11-ന് വിശദീകരണക്കുറിപ്പിറക്കി. രാജ്യാന്തര വാർത്താ ഏജൻസികളെ വിലക്കാൻ സർക്കാരിന് ഉദ്ദേശ്യമില്ല.

റോയിട്ടേഴ്സിനെ വിലക്കിയത് അറിഞ്ഞയുടൻ അതു നീക്കണമെന്നു സർക്കാരാണ് എക്സിനോട് ആവശ്യപ്പെട്ടത്. സാങ്കേതികത്വം പറഞ്ഞു വിലക്കു നീക്കുന്നതു വൈകിച്ചു. നിരന്തര പ്രയത്നത്തിനൊടുവിലാണ് 21 മണിക്കൂറോളം വൈകി അൺബ്ലോക് ചെയ്തതെന്നും സർക്കാർ അറിയിച്ചു.

ഇന്ത്യയിൽ തുടരുന്ന മാധ്യമ സെൻസർഷിപ്പിൽ ആശങ്കയുണ്ടെന്ന് എക്സ് ചൂണ്ടിക്കാട്ടി. സർക്കാർ ഇടപെടലിനെതിരെ നിയമനടപടിക്കുള്ള സാധ്യത പരിശോധിക്കുകയാണെന്നും അറിയിച്ചു.

ജൂലൈ മൂന്നിനാണ് റോയിട്ടേഴ്സിന്റേതടക്കം 2355 അക്കൗണ്ടുകൾ വിലക്കാൻ കേന്ദ്രം ഉത്തരവിട്ടതെന്ന് എക്സ് അറിയിച്ചു. പാലിച്ചില്ലെങ്കിൽ ക്രിമിനൽ നടപടി നേരിടേണ്ടിവരുമെന്നായിരുന്നു മുന്നറിയിപ്പ്. ഒരു മണിക്കൂറിനുള്ളിൽ വിലക്കണമെന്നായിരുന്നു നിർദേശം.

പ്രതിഷേധമുയർന്നതോടെ സർക്കാർതന്നെ ആവശ്യപ്പെട്ടതിനാൽ വിലക്ക് നീക്കിയെന്നാണു കമ്പനിയുടെ വിശദീകരണം. ചൈനീസ് മാധ്യമമായ ഗ്ലോബൽ ടൈംസ്, ടർക്കിഷ് പബ്ലിക് ബ്രോഡ്കാസ്റ്റിങ് സ്ഥാപനമായ ടിആർടി വേൾഡ് എന്നിവയുടെ വിലക്കും ഇതിനൊപ്പം നീക്കിയിരുന്നു.

# കേന്ദ്രം കക്ഷിയായ 7,30,000 കേസുകൾ: വേഗത്തിലാക്കാൻ നിർദേശം

ന്യൂഡൽഹി: കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ കുറയ്ക്കാനായി സർക്കാർ നടപടികൾ വേഗത്തിലാക്കാൻ കേന്ദ്രനിയമ മന്ത്രാലയത്തിന്റെ നിർദേശം. കേസുകളുടെ ഗൗരവവും പ്രാധാന്യവും പരിഗണിച്ച് തരംതിരിക്കാനും വേഗത്തിൽ മുന്നോട്ടുകൊണ്ടുപോകാനുമുള്ള സമഗ്രമായ നടപടിക്രമങ്ങളാണ് വിവിധ വകുപ്പുകൾക്ക് നിയമ മന്ത്രാലയം അയച്ചുകൊടുത്തത്.

ഇന്ത്യയിലെ ഏറ്റവും വലിയ വ്യവഹാരി എന്ന നിലയിലാണ് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികൾ വേഗത്തിലാക്കുന്നത്. സംസ്ഥാനങ്ങൾക്കും ഇവ നടപ്പാക്കാവുന്നതാണെന്നും പറയുന്നു.

ഹൈക്കോടതിയുടെയോ കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെയോ ഉത്തരവുകൾ കേന്ദ്ര പേഴ്സണൽ വകുപ്പിന്റെ മാർഗരേഖകളുമായി ചേർന്നുപോകുന്നില്ലെങ്കിൽ മുൻകൂർ അനുമതിയില്ലാതെ അപ്പീൽ നൽകണമെന്നാണ് നിർദേശം. പത്തുകോടി രൂപയ്ക്കുതാഴെ മൂല്യമുള്ള വാണിജ്യ, കരാർ വിഷയങ്ങളിൽ അപ്പീൽ നൽകും മുൻപ് പരിശോധന നടത്തണം.

വിവിധ കോടതികളിലായി തീർപ്പാക്കാതെ കിടക്കുന്ന 7.30 ലക്ഷത്തോളം കേസുകളിൽ കേന്ദ്രസർക്കാർ കക്ഷിയാണ്. കെട്ടിക്കിടക്കുന്ന കേസുകളിൽ പകുതിയും കേന്ദ്ര, സംസ്ഥാന സർക്കാരുകളോ വകുപ്പുകളോ കക്ഷിയായിട്ടുള്ളതാണ്.






## മതചടങ്ങുകളിൽ വിദ്യാർത്ഥികളെ നിർബന്ധിച്ച് പങ്കെടുപ്പിക്കരുത്: ഹൈക്കോടതി

ചെന്നൈ: ജാതീയവും മതപരവുമായ ചടങ്ങുകളിൽ വിദ്യാർത്ഥികളെ നിർബന്ധിച്ച് പങ്കെടുപ്പിക്കരുതെന്ന് മദ്രാസ് ഹൈക്കോടതി. വിദ്യാഭ്യാസവകുപ്പിന്റെ അനുമതിയില്ലാതെ നടത്തുന്ന ഇത്തരം ചടങ്ങുകൾക്ക് കോളജ് അവധി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽപ്പോലും നേരിട്ടോ അല്ലാതെയോ വിദ്യാർത്ഥികളെ ഇതിൽ പങ്കെടുക്കാൻ നിർബന്ധിക്കരുത്.

ഏതു ചടങ്ങിൽ പങ്കെടുക്കണം എന്നത് വിദ്യാർത്ഥികളുടെ വ്യക്തിപരമായ അവകാശമാണ്. അതിനു നിർബന്ധിക്കുന്നതു ശരിയായ നടപടിയല്ല. ചടങ്ങുകളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾ നിർബന്ധിച്ചാണ് വന്നതെന്ന് സ്ഥിരീകരിച്ചാൽ കോളജിന് നൽകുന്ന സഹായം റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ തമിഴ്നാട് സർക്കാർ തയ്യാറാകണം. നിയമലംഘനം കണ്ടാൽ പോലീസും വിദ്യാഭ്യാസവകുപ്പും ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നും ജസ്റ്റിസ് എസ്.എം. സുബ്രഹ്മണ്യം, ജസ്റ്റിസ് എ.ഡി. മരിയ ക്ലീറ്റ് എന്നിവരുടെ ബെഞ്ച് നിർദേശിച്ചു.

# നേര്യമംഗലം – വാളറ മേഖലയിൽ ദേശീയപാത നിർമാണം തടയാൻ ഹൈക്കോടതി ഉത്തരവ്

കൊച്ചി: കൊച്ചി-ധനുഷ്കോടി ദേശീയപാതയിൽ (എൻഎച്ച്-85) നേര്യമംഗലം മുതൽ വാളറ വരെയുള്ള 14.5 കിലോമീറ്റർ ഭാഗം വീതികൂട്ടുന്ന പ്രവർത്തനങ്ങൾ വിലക്കാൻ ഹൈക്കോടതി ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകി. ഈ ഭാഗം വനമേഖലയിൽ ഉൾപ്പെട്ടതാണെന്നാണ് സർക്കാർ നൽകിയിരിക്കുന്ന സത്യവാങ്മൂലത്തിൽ വിശദീകരിക്കുന്നതെന്ന് ചൂണ്ടിക്കാട്ടിയതിനെ തുടർന്നാണ് ചീഫ് ജസ്റ്റിസ് നിതിൻ ജാംദാർ, ജസ്റ്റിസ് ബസന്ത് ബാലാജി എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ ഈ മേഖലയിൽ ദേശീയപാതയുടെ വീതികൂട്ടുന്ന ജോലികൾ നടത്തുന്നത് വിലക്കണമെന്നാവശ്യപ്പെട്ട് തൊടുപുഴ സ്വദേശി എം.എൻ. ജയചന്ദ്രൻ ഫയൽ ചെയ്ത ഹർജിയിലാണ് ഉത്തരവ്.

സർക്കാർതന്നെ വനഭൂമിയുടെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കുന്നത് കണക്കിലെടുത്ത് ഉടൻ നടപടി സ്വീകരിക്കാനാണ് ചീഫ് സെക്രട്ടറിയോട് കോടതി നിർദേശിച്ചത്. ഇക്കാര്യത്തിൽ ഉടൻതന്നെ ഉത്തരവിടാനും നിർദേശിച്ചു. സർക്കാർ നിലപാടിന് എതിരായി പ്രവർത്തിച്ച സർക്കാരിന്റെയും ദേശീയപാത അതോറിറ്റിയുടെയും ഉദ്യോഗസ്ഥർക്കെതിരെ നടപടി വേണം.

അനുമതി ലഭിച്ചതിനെക്കാൾ അധികമായുള്ള പ്രവൃത്തി നിർത്തിവെക്കാൻ നിർദേശം നൽകിയതായി ദേശീയപാത അതോറിറ്റിയും അറിയിച്ചു. ചീഫ് സെക്രട്ടറിക്കുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി മാർച്ച് 27-ന് ഫയൽചെയ്ത സത്യവാങ്മൂലത്തിലാണ് ബന്ധപ്പെട്ട മേഖല റിസർവ് വനമാണെന്ന് പറയുന്നതെന്ന് ഹർജിക്കാരൻ ചൂണ്ടിക്കാട്ടി.

ഇവിടെ അനുമതിയില്ലാതെ വനേതര പ്രവർത്തനങ്ങൾ നടത്താനാകില്ലെന്നും റിപ്പോർട്ടിൽ പറയുന്നുണ്ട്. അനുമതി ലഭിച്ചതിനെക്കാൾ അധികം മരങ്ങൾ ദേശീയപാത അതോറിറ്റി വെട്ടുന്നുണ്ടെന്നും വിശദീകരിച്ചു. സർക്കാർ നിലപാട് തള്ളിയാണ് ഇടുക്കി കളക്ടർ മരം മുറിക്കാനുള്ള അനുമതി നൽകിയതെന്നും വിശദീകരിച്ചു. എന്നാൽ, ഇക്കാര്യം അറിയില്ലെന്ന നിലപാടാണ് ദേശീയപാത അതോറിറ്റിയും വനംവകുപ്പും സ്വീകരിച്ചത്. സർക്കാരും ഉദ്യോഗസ്ഥരും രണ്ട് നിലപാട് സ്വീകരിച്ചത് കോടതിയലക്ഷ്യമാകുമോ എന്നത് പരിശോധിക്കേണ്ടതുണ്ടെന്ന് കോടതി അഭിപ്രായപ്പെട്ടു.

## ബിന്ദുവിന്റെ കുടുംബത്തിന് പത്ത് ലക്ഷം സഹായം

തിരുവനന്തപുരം: കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം ഇടിഞ്ഞുവീണു മരിച്ച തലയോലപ്പറമ്പ് സ്വദേശിനി ബിന്ദു വിശ്രുതന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പത്ത് ലക്ഷം രൂപ ധനസഹായം നല്കാൻ മന്ത്രിസഭ തീരുമാനിച്ചു. ബിന്ദുവിന്റെ മകൻ നവനീതിന് ഉചിതമായ ജോലി നല്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ശിപാർശ ചെയ്യാനും തീരുമാനിച്ചു. ചികിത്സയിലുള്ള മകൾക്ക് കൂട്ടിരിക്കാനെത്തിയ ബിന്ദു ജൂലൈ മൂന്നിനാണ് അപകടത്തിൽപ്പെട്ടത്.

## കാരണവർ വധക്കേസ് പ്രതി ഷെറിന് മോചനം



തിരുവനന്തപുരം: ചെങ്ങന്നൂർ ഭാസ്കരകാരണവർ വധക്കേസ് പ്രതി ഷെറിൻ അടക്കം 11 പേർക്ക് ശിക്ഷായിളവ് നൽകി വിട്ടയക്കണമെന്ന സർക്കാർ ശിപാർശ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അംഗീകരിച്ചു. നേരത്തേ ഷെറിന് ശിക്ഷായിളവ് നൽകണമെന്ന് സർക്കാർ ശിപാർശ നൽകിയിരുന്നു. എന്നാൽ, ഇതിനെതിരെ ആക്ഷേപമുയർന്നു. തുടർന്ന് ഓരോ തടവുകാരുടെയും കുറ്റകൃത്യം, ശിക്ഷ, പരോൾ ലഭ്യമായത്, ജയിലിലെ പെരുമാറ്റം തുടങ്ങിയ വിശദാംശങ്ങൾ പ്രതിപാദിക്കുന്ന ഫോറം രാജ്ഭവൻ ഏർപ്പെടുത്തി. ശിപാർശയോടൊപ്പം ഈ ഫോറം പൂരിപ്പിച്ച് സർക്കാർ വീണ്ടും ഫയൽ സമർപ്പിക്കുകയായിരുന്നു. ജീവപര്യന്തം തടവിന് ശിക്ഷിച്ച് 14 വർഷം തടവ് പൂർത്തിയാക്കിയവരെയാണ് മോചിപ്പിക്കുന്നത്.

## ടെന്നീസ് താരത്തെ അച്ഛൻ വെടിവെച്ചു കൊലപ്പെടുത്തി

ന്യൂഡൽഹി: സംസ്ഥാന ടെന്നീസ് താരത്തെ സ്വന്തം വീട്ടിൽ അച്ഛൻ വെടിവെച്ചു കൊന്നു. ഹരിയാന ഗുരുഗ്രാമിലെ സെക്ടർ 57-ലാണ് സംഭവം. 25-കാരി രാധികാ യാദവാണ് മരിച്ചത്. പിതാവ് ദീപക് യാദവിനെ (49) അറസ്റ്റ് ചെയ്തു. സ്വന്തം തോക്കുപയോഗിച്ച് അഞ്ചു തവണയാണ് അച്ഛൻ വെടിയുതിർത്തത്. ഇതിൽ മൂന്നെണ്ണം രാധികയുടെ ശരീരത്തിൽ തുളച്ചുകയറി. രാധിക സ്വന്തമായി നടത്തുന്ന ടെന്നീസ് അക്കാദമിയെക്കുറിച്ചുള്ള അഭിപ്രായ വ്യത്യാസമാണ് കൊലപാതകത്തിലേക്ക് നയിച്ചതെന്ന് പോലീസ് പറഞ്ഞു. ഇതേക്കുറിച്ചുള്ള പ്രമോഷണൽ വീഡിയോയെക്കുറിച്ചും തർക്കമുണ്ടായിരുന്നു.

പാചകം ചെയ്യുന്നതിനിടെ പിന്നിൽ വെടിയേറ്റ രാധിക സംഭവസ്ഥലത്ത് മരിച്ചു. അമ്മ താഴത്തെ നിലയിലായിരുന്നു. ഹരിയാനയ്ക്കു വേണ്ടിയാണ് രാധിക ടെന്നീസ് കളിച്ചിരുന്നത്. കൂടുതൽ വിവരങ്ങൾക്കായി പിതാവിനെ ചോദ്യം ചെയ്യുകയാണെന്ന് പോലീസ് പറഞ്ഞു. ഒട്ടേറെ മെഡലുകൾ സ്വന്തമാക്കിയിട്ടുള്ള രാധികാ യാദവിന്റെ ഡബിൾസ് ഇന്റർനാഷണൽ ടെന്നീസ് റാങ്കിംഗ് 113 ആണ്.

# ആഴക്കടൽ രക്ഷാപ്രവർത്തനത്തിന് 'നിസ്താർ'

ന്യൂഡൽഹി: ആഴക്കടൽ ഡൈവിങ്ങിനും രക്ഷാപ്രവർത്തനത്തിനും ഉപകരിക്കുന്ന ആദ്യത്തെ തദ്ദേശീയനിർമിത യുദ്ധക്കപ്പലായ 'നിസ്താർ' ജൂലൈ 18-ന് നാവികസേന കമ്മീഷൻ ചെയ്യും.

ലോകത്തുതന്നെ അപൂർവം നാവികസേനകൾക്കുമാത്രമേ ഇത്തരം കപ്പലുകളുള്ളൂ. വിശാഖപട്ടണം നേവൽ ഡോക്യാർഡിൽ നടക്കുന്ന ചടങ്ങിൽ പ്രതിരോധമന്ത്രി രാജ്നാഥ്സിങ് പങ്കെടുക്കും.

വിശാഖപട്ടണത്തെ ഹിന്ദുസ്ഥാൻ ഷിപ്പ്യാർഡ് ലിമിറ്റഡാണ് നിർമിച്ചത്. നേവിയുടെ മുങ്ങിക്കപ്പലുകളിൽ അടിയന്തര രക്ഷാപ്രവർത്തനം വേണ്ടിവരുന്ന ഘട്ടങ്ങളിൽ ഡീപ്പ് സബ്മെർജൻസ് റെസ്ക്യു വെസലിന്റെ മദർഷിപ്പായി നിസ്താർ പ്രവർത്തിക്കുമെന്ന് നാവികസേനാ വക്താവ് അറിയിച്ചു. കിഴക്കൻ നേവൽ കമാൻഡിന്റെ ഭാഗമായി നിസ്താർ പ്രവർത്തിക്കും. 120 മീറ്റർ നീളവും 10,000 ടണ്ണിനടുത്ത് ഭാരവുമുണ്ട്.

എയർ സാച്ചുറേഷൻ ഡൈവിങ് സംവിധാനങ്ങൾ, അണ്ടർവാട്ടർ റിമോ



ഐഎൻഎസ് നിസ്താർ

ട്ട്ലി ഓപ്പറേറ്റഡ് വെഹിക്കിൾസ് എന്നിവ ഉൾക്കൊള്ളുന്ന വിശാലമായ ഡൈവിങ് കോംപാക്ട് കപ്പലിന്റെ പ്രവർത്തനക്ഷമത ഉയർത്തുന്നു. ഓപ്പറേഷൻ തിയറ്റർ, തീവ്രപരിചരണ വിഭാഗം, എട്ട് കിടക്കകളുള്ള ആശുപത്രി, മറ്റ് മെഡിക്കൽ സംവിധാനങ്ങൾ എന്നിവ കപ്പലിലുണ്ടാകും. കടലിൽ 60 ദിവസത്തിലധികം നീളുന്ന രക്ഷാപ്രവർത്തനത്തിന് കപ്പൽ ഉപകരിക്കും. പ്രതിരോധ ഉത്പാദന മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുകയെന്ന സർക്കാർലക്ഷ്യത്തിന് ഉദാഹരണമാണ് കപ്പലെന്ന് നാവികസേന അറിയിച്ചു.



# കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ മിസോറി മേയർ റോബിൻ ഇലക്കാട്ടിനെ സന്ദർശിച്ചു

ബൈജു ആലപ്പാട്ട്

ഹൂസ്റ്റൺ: കെ.സി.സി.എൻ.എ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ ഹൂസ്റ്റൺ സന്ദർശനത്തിന്റെ ഭാഗമായി മിസോറി മേയറും കെസിവൈഎൽഎൻഎയുടെ പ്രഥമ പ്രസിഡണ്ടുമായ റോബിൻ ഇലക്കാട്ടിനെ മേയറുടെ ഓഫീസിലെത്തി സന്ദർശിച്ചു. കെസിസിഎൻഎ ട്രഷററും കെസിഎസ് ഹൂസ്റ്റൺ അംഗവുമായ ജോജോ തറയിലിനോടൊപ്പമെത്തിച്ചേർന്ന കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിനെ മേയർ റോബിൻ ഇലക്കാട്ട് അദ്ദേഹത്തിന്റെ ഓഫീസിൽ ഹാർദ്ദമായി സ്വീകരിച്ചു.





മേയർ റോബിൻ ഇലക്കാട്ട് ജെയിംസ് ഇല്ലിക്കലിനെ അഭിനന്ദിക്കുകയും കെസിസിഎൻഎ പരിപാടികൾക്ക് പൂർണ്ണപിന്തുണ വാഗ്ദാനം ചെയ്യുകയും അദ്ദേഹത്തിന്റെ ടേമിന് എല്ലാവിധ ആശംസകളും നേരുകയും ചെയ്തു. കെസിസിഎൻഎയും അതിന്റെ ഉപസംഘടനകളായ കെസിവൈഎൽഎൻഎ, കെസിഡബ്ല്യുഎഫ്എൻഎ, കെസിവൈഎൻഎ എന്നിവയും ഏറ്റെടുത്തു നടത്തിയ വിവിധ സംരംഭങ്ങളിൽ റോബിൻ ഇലക്കാട്ട് സന്തോഷം പ്രകടിപ്പിച്ചു.

മേയർ റോബിൻ ഇലക്കാട്ട് ക്നാനായ സമുദായത്തിന്റെ അഭിമാനമാണെന്ന് ജെയിംസ് ഇല്ലിക്കൽ പറഞ്ഞു. കൂടാതെ അദ്ദേഹത്തിന്റെ എല്ലാവിധ സമുദായ പിന്തുണയ്ക്കും നന്ദി പ്രകടിപ്പിക്കുകയും ചെയ്തു. 2026-ലെ കെസിസിഎൻഎ കൺവൻഷനിലേക്ക് മേയറെ ക്ഷണിക്കുകയും മേയർ ക്ഷണം സ്വീകരിക്കുകയും കൺവൻഷനിൽ പങ്കെടുക്കുമെന്ന് അറിയിക്കുകയും ചെയ്തു.

# അമേരിക്കൻ പാസ്പോർട്ട് കൈവശമുള്ളവർ പൗരന്മാരാണോ?

പന്തളം ബിജു തോമസ്

ലാസ് വേഗസ്: പ്രസിഡണ്ട് ട്രംപിന്റെ പുതുക്കിയ കുടിയേറ്റ നിയമം മൂലമുണ്ടായ സന്ദേഹങ്ങൾ അടങ്ങുന്നില്ല. പൗരത്വ നിയമ ഭേദഗതികളിൽ നമ്മൾ അറിഞ്ഞിരിക്കേണ്ട ചില വസ്തുതകൾ ഇവിടെ പ്രതിപാദിക്കുകയാണ്.

അമേരിക്കൻ പാസ്പോർട്ട് കൈവശമുണ്ടെങ്കിൽ അതുകൊണ്ടു മാത്രം പൗരത്വം തെളിയിക്കാനാവില്ല. താഴെ പറയുന്ന ഗണങ്ങളിൽ പെട്ടവർ പാസ്പോർട്ട് ഇല്ലെങ്കിലും അമേരിക്കൻ പൗരന്മാരായി പരിഗണിക്കപ്പെടും.

1. അമേരിക്കൻ പൗരത്വം ഉള്ള മാതാപിതാക്കളുടെ മക്കൾ ലോകത്ത് എവിടെ ജനിച്ചാലും അവർ അമേരിക്കക്കാരാണ്.

2. അമേരിക്കൻ പൗരത്വം ഉള്ള ഒരു മാതാവിന്റെയോ പിതാവിന്റെയോ മക്കൾ ലോകത്ത് എവിടെ ജനിച്ചാലും അവർ അമേരിക്കക്കാരാണ്.

3. അമേരിക്കയിൽ നിയമപരമായി ജനിക്കുന്നവർ ഏതുരാജ്യക്കാരാണെങ്കിലും (ഇതുവരെ) അമേരിക്കനാണ്.

മുകളിൽ പറഞ്ഞവർക്ക് പാസ്പോർട്ട് ലഭിക്കാൻ അമേരിക്കൻ സർക്കാരിന്റെ ജനന സർട്ടിഫിക്കറ്റ് മാത്രം മതിയാകും.

4. ഗ്രീൻകാർഡിൽ അമേരിക്കയിൽ വന്നവർ നല്ലനടപ്പനുസരിച്ച് കൃത്യം അഞ്ച് വർഷങ്ങൾ കഴിയുമ്പോൾ അമേരിക്കൻ പൗരത്വത്തിന് അപേക്ഷിക്കാനുള്ള യോഗ്യത നിലവിൽ വരും. അതനുസരിച്ച് എമിഗ്രേഷൻ വകുപ്പിന്റെ N-400 എന്ന അപേക്ഷയിൽ മതിയായ തുക അടച്ച് അപേക്ഷിക്കണം. നടപടിക്രമങ്ങൾ ശരിയായ രീതിയിലാണെങ്കിൽ ആറ് മാസത്തിനകം പൗരത്വം അംഗീകരിക്കും. സത്യപ്രതിജ്ഞ ചടങ്ങിന് ശേഷം പൗരത്വരേഖ അടങ്ങിയ സർട്ടിഫിക്കറ്റ് കിട്ടും. നാച്ചുറലൈസേഷൻ സർട്ടിഫിക്കറ്റ് എന്ന ഈ രേഖ



ലേഖകൻ

കൊണ്ട് അമേരിക്കൻ പാസ്പോർട്ടിന് അപേക്ഷ സമർപ്പിക്കാം.

5. ഗ്രീൻകാർഡിൽ കുട്ടികളുമായി അമേരിക്കയിൽ വന്നവർ (നമ്പർ 4-ൽ പറഞ്ഞവർ) ശ്രദ്ധിക്കേണ്ട വളരെ പ്രധാന കാര്യമാണ് ഇനി പറയുന്നത്. നിങ്ങളുടെ കുട്ടികൾ അമേരിക്കയിൽ ജനിച്ചവർ അല്ല. അവരുടെ ജനന സർട്ടിഫിക്കറ്റ് വേറെ ഒരു രാജ്യത്തിലെ ആയിരിക്കാം. നിങ്ങൾക്ക് അമേരിക്കൻ പൗരത്വം കിട്ടുന്ന സമയത്ത് അവർ പതിനെട്ട് വയസ്സിന് താഴെ ഉള്ളവർ ആണെങ്കിൽ ആ കുട്ടികളും അമേരിക്കൻ പൗരന്മാരായി കണക്കാക്കും. അവർക്ക് നിങ്ങളുടെ പൗരത്വ രേഖ കൊണ്ട് പാസ്പോർട്ടും ലഭിക്കും. പക്ഷേ അവർക്ക് പൗരത്വ രേഖ കൈവശമുണ്ടാകില്ല. പതിനെട്ട് വയസ്സ് കഴിഞ്ഞ് പാസ്പോർട്ട് നഷ്ടപ്പെട്ടാൽ, പൗരത്വ രേഖ ഉണ്ടായിരുന്ന മാതാപിതാക്കൾ ജീവിച്ചിരിപ്പില്ല എങ്കിൽ വലിയ നിയമ പ്രശ്നത്തിലേക്ക് കാര്യങ്ങൾ പോകുവാൻ വഴിയുണ്ട്.

വിദേശത്ത് ജനിച്ചവരും അമേരിക്കൻ പാസ്പോർട്ട് കൈവശം ഉള്ളവരും എന്നാൽ പൗരത്വരേഖ ഇതുവരെ എടുത്തിട്ടില്ലാത്തവരും എമിഗ്രേഷൻ വകുപ്പിന്റെ N-600 എന്ന അപേക്ഷയിൽ 1385.00 ഡോളർ അടച്ച് സർട്ടിഫിക്കറ്റ് ഓഫ് സിറ്റിസൺഷിപ്പിന് അപേക്ഷിക്കേണ്ടതാണ്.

അപേക്ഷകൾ അംഗീകരിച്ചാൽ പൗരത്വത്തിനുള്ള അതേ നടപടിക്രമങ്ങൾ തന്നെയാണ് ഇതിനും.

https://www.uscis.gov/n-600

N-600 അപേക്ഷ, അമേരിക്കൻ പൗരനാണ് എന്ന് തെളിയിക്കാനുള്ള രേഖയ്ക്കുള്ളതാണ് (സർട്ടിഫിക്കറ്റ് ഓഫ് സിറ്റിസൺഷിപ്പ്).

N-400 അപേക്ഷ, അമേരിക്കൻ പൗരത്വത്തിനുള്ളതാണ് (സർട്ടിഫിക്കറ്റ് ഓഫ് നാച്ചുറലൈസേഷൻ).







# ഫിലാഡൽഫിയ എബനേസർ ചർച്ച് ഓഫ് ഗോഡ് കൺവൻഷനും ഗോൾഡൻ ജൂബിലി ആഘോഷവും ഓഗസ്റ്റ് 29, 30 തീയതികളിൽ



ഫിലാഡൽഫിയ: എബനേസർ ചർച്ച് ഓഫ് ഗോഡ് കൺവൻഷനും ഗോൾഡൻ ജൂബിലി ആഘോഷവും ഓഗസ്റ്റ് 29, 30 തീയതികളിൽ നടത്തപ്പെടും. 30 ശനിയാഴ്ച്ച രാവിലെ ജൂബിലി സമ്മേളനം നടക്കും.

സീനിയർ പാസ്റ്റർ രഞ്ജൻ പി. ചെറിയാന്റെ നേതൃത്വത്തിൽ ജൂബിലി കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. ചാരിറ്റി, സുവനീർ, പബ്ലിസിറ്റി, പബ്ലിക്ക് റിലേഷൻസ്, ഫെലോഷിപ്പ് തുടങ്ങിയ സബ്കമ്മിറ്റികളും പ്രവർത്തിച്ചു വരുന്നു.

**ബാബുക്കുട്ടി ജോർജ്**



വെൽഷ് റോഡിലുള്ള സഭാ ഓഡിറ്റോറിയത്തിൽ വച്ചാണ് സമ്മേളനം നടക്കുന്നത്. ചർച്ച് ഓഫ് ഗോഡ് ടെന്നസി സ്റ്റേറ്റ് ഓവർസീയർ റവ.ഡോ. ടിം ഹിൽ, പെൻസിൽവാനിയ സ്റ്റേറ്റ് ഓവർസീയർ റവ.ഷേ ഹ്യൂസ് എന്നിവർ മുഖ്യ പ്രസംഗകരായി എത്തിച്ചേരും. ആത്മീയ ഗാനശുശ്രൂഷക്ക് സുവിശേഷകൻ ബ്ലസൻ മേമന നേതൃത്വം നൽകും. സഭയുടെ ആരംഭകാല പ്രവർത്തകരെ സമ്മേളനത്തിൽവെച്ച് ആദരിക്കും.

എഴുപതുകളുടെ ആരംഭത്തിൽ മലങ്കരയുടെ മണ്ണിൽനിന്നും അമേരിക്കൻ ഐക്യനാടുകളിലേക്ക് കേരളീയരുടെ കുടിയേറ്റം ശക്തിപ്പെടുവാൻ തുടങ്ങിയ കാലത്ത് ഫിലാഡൽഫിയ പട്ടണത്തിൽ ചെസ്റ്റ്നട്ട് സ്ട്രീറ്റിലെ 816-ാം നമ്പർ അപ്പാർട്ടുമെന്റിൽ 1975 നവംബർ 2-ന് ഞായറാഴ്ച പാസ്റ്റർ വർഗീസ് മത്തായിയുടെ നേതൃത്വത്തിൽ എട്ടു വിശ്വാസികൾ ഒരുമിച്ച് പങ്കെടുത്ത് പ്രാർത്ഥിച്ചാരംഭിച്ച കൂട്ടായ്മയാണ്, ഇന്ന് ഫിലാഡൽഫിയയിലെ ഏറ്റവും വലിയ മലയാളി പെന്തെക്കോസ്ത് സഭകളിൽ ഒന്നായി വളർന്നുകഴിഞ്ഞ എബനേസർ ചർച്ച് ഓഫ് ഗോഡ് ദൈവസഭ.

1976 ഡിസംബർ 26-ന് പാസ്റ്റർ ബേബി ഡാനിയേൽ സഭാ ശുശ്രൂഷകനായി ചാർജെടുക്കുകയും തുടർന്ന് 39 വർഷക്കാലം സഭയുടെ സീനിയർ ശുശ്രൂഷകനായി സുദീർഘമായ സേവനം ചെയ്യുകയും ചെയ്തു. വിവിധ സ്ഥലങ്ങളിൽ മാറിമാറി ആരാധന നടന്നതിനുശേഷം 1986-ൽ റൂസ്വെൽറ്റിലുള്ള 258-60 നമ്പർ കെട്ടിടം സ്വന്തമായി സഭയുടെ പേരിൽ വാങ്ങുവാൻ ഇടയായി.

1997 സഭാ വളർച്ചയിലെ ഒരു നിർണായക ഘട്ടമായിരുന്നു. പുതുതായി കടന്നുവരുന്ന വിശ്വാസികളെ ഉൾക്കൊള്ളാൻ പഴയ കെട്ടിടം പോരാതെ വരികയാൽ സൗകര്യപ്രദമായ മറ്റൊരു ആരാധനാലയം വെൽഷ് റോഡിൽ വാങ്ങിച്ചു. 2015 ഡിസംബർ മാസം മുതൽ പാസ്റ്റർ രഞ്ജൻ പി. ചെറിയാൻ സഭാ ശുശ്രൂഷയിൽ ആയിരുന്നു. 120 കുടുംബങ്ങളിൽ നിന്നുമായി മുന്നൂറിലധികം വിശ്വാസികൾ ഇപ്പോൾ ആരാധനയിൽ സംബന്ധിച്ചുവരുന്നു. ജൂബിലിയുടെ വിജയകരമായ നടത്തിപ്പിനായി വിപുലമായ ജൂബിലി കമ്മിറ്റി പ്രവർത്തിച്ചുവരുന്നു.

വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക: പാസ്റ്റർ രഞ്ജൻ പി. ചെറിയാൻ 713 409 5184. ഫിന്നി ഫിലിപ്പ് ( സെക്രട്ടറി) 215 432 5062, ഷിജിൻ വർഗീസ് (ട്രഷറർ) 215 435 2176

www.ebenezerphila.org

# DR. KURUVILLA JOSEPH APPOINTED AS THE FIRST PRO VICE CHANCELLOR OF IIST



Thiruvananthapuram: Dr. Kuruvilla Joseph has been appointed as the first Pro Vice Chancellor of the Indian Institute of Space Science and Technology (IIST), Thiruvananthapuram.

A distinguished scientist and academician, Dr. Joseph has served IIST in several pivotal administrative roles, including Registrar and Dean (Academics), contributing significantly to its growth and academic excellence. He is widely acclaimed for his outstanding research contributions, with more than 250 research papers in leading international journals, nine books and several patents to his credit. He has a notable h-index of 66 and citation index of more than 18,000. 22 doctoral students have achieved their PhD degree under his supervision.

Dr. Joseph's work has earned him international recognition, including his inclusion in the prestigious Stanford/Elsevier list of the world's top 2% scientists for five consecutive years (2020–2025), underscoring his sustained impact in his field. In addition to his academic and research achievements, he has served on several high-level committees at national and international fora, bringing his expertise to bear on shaping science and education policies.



# ജിമ്മി ജോർജ് മെമ്മോറിയൽ വോളിബോൾ ടൂർണമെന്റ് വിജയികളെ ഡാളസ് മലയാളി അസോസിയേഷൻ ആദരിച്ചു

ഡാളസ്: ഹൂസ്റ്റണിൽവെച്ചു നടന്ന മുപ്പത്തിയഞ്ചാമതു ഇന്റർ നാഷണൽ ജിമ്മി ജോർഡ് സൂപ്പർ ട്രോഫി വോളിബോൾ ടൂർണമെന്റിൽ അതിസാഹസികമായി പൊരുതി കാലിഫോർണിയ ബ്ലാസ്റ്റേഴ്സിനെ ഒന്നിനെതിരെ മൂന്നു ഗെയിമുകൾക്കു പരാജയപ്പെടുത്തി വിജയക്കൊടിയേന്തിയ ഡാളസ് സ്ട്രൈക്കേഴ്സിനെ അമേരിക്കയിലെ പ്രമുഖ സാംസ്കാരിക സംഘടനയായ ഡാളസ് മലയാളി അസോസിയേഷൻ ആദരിച്ചു.

**ബിനോയി സെബാസ്റ്റ്യൻ**

ഇർവിംഗ് ഇന്ത്യൻ റസ്റ്റോറന്റിൽ നടന്ന ചടങ്ങിൽ അസോസിയേഷൻ പ്രസിഡണ്ട് ജൂഡി ജോസ് സ്ട്രൈക്കേഴ്സ് ക്യാപ്റ്റൻ റോബിൻ ജോസഫിനു വിജയ ടീമിന്റെ ചിത്രം ആലേഖനം ചെയ്ത അംഗീകാര ഫലകം സമ്മാനിച്ചു. ഫോമാ സൗത്ത് വെസ്റ്റ് റീജിയൻ വൈസ് പ്രസിഡണ്ട് ബിജു ലോസൺ, അസോസിയേഷൻ ഡയറക്ടർ ഡസ്റ്റർ ഫെരേര, ഡാളസ് സ്ട്രൈക്കേഴ്സ് മാനേജർ തങ്കച്ചൻ ജോസഫ്, സ്ട്രൈക്കേഴ്സ് വൈസ് പ്രസിഡണ്ട് സുനിൽ തലവടി, ചീഫ് കോച്ച് ജിനു കുടിലിൽ, അസിസ്റ്റന്റ് കോച്ച് ഷിബു ഫിലിപ്പ്, വൈസ് ക്യാപ്റ്റൻ നെൽസൺ ജോസഫ്, അസോസിയേഷൻ വിമൻസ് ചെയർ പേഴ്സണും ഫോമാ വിമൻസ് ഫോറം പ്രതിനിധിയുമായ രേഷ്മ രഞ്ജിത്ത് തുടങ്ങിയവർ വിജയികളെ അനുമോദിച്ചു സംസാരിച്ചു.

മൂന്നു ദശകങ്ങൾക്കു മുമ്പു ഡാളസ് സ്ട്രൈക്കേഴ്സും ലീഗും അന്തർദേശീയ വോളിബോൾ വേദിയിലെ അദ്ഭുതപ്രതിഭയായ ജിമ്മി ജോർജിന്റെ സ്മരണാർത്ഥം തുടക്കം കുറിച്ച ടൂർണമെന്റ് ഇന്നിപ്പോൾ സ്പോർട്സ് പ്രേമികളായ നോർത്തമേരിക്കൻ മലയാളികളുടെ ഹരമായി മാറിയിരിക്കുന്നു. അടുത്ത വർഷം മെയ് മാസത്തിൽ ഡാളസിൽ അരങ്ങേറുന്ന മത്സരത്തിൽ മാറ്റുരയ്ക്കുവാനായി കാനഡ ഉൾപ്പെടെയുള്ള നോർത്തമേരിക്കയിലെ ടീമുകൾ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്.



ഡാളസ് സ്ട്രൈക്കേഴ്സിന്റെ വിജയത്തിനു പിന്നിൽ തിളങ്ങിയ മറ്റു താരങ്ങൾ: ജോനാ മാത്യു (എംവിപി), സീൽവാനുസ് സജു, ജൂഡ് ഐസക്ക്, ഡാനിയൽ ഇല്ലിക്കൽ, ട്രോയി ഫിലിപ്പ്, ജോഷ്വാ കുടിലിൽ, അരോൺ മാത്യു, സാക്ക് തോമസ്, പീറ്റർ അലക്സ്, ജോനാഥാൻ സാമുവൽ, ജേക്കബ് സ്കറിയ, എയ്ഡൻ ജോർജ്, നിഖിൽ ജോൺ, എന്നിവർ. സേവ്യർ ഫിലിപ്പ്, മനോജ് പാപ്പൻ എന്നിവർ സ്ട്രൈക്കേഴ്സിനെ പ്രതിനിധീകരിച്ചു സംസാരിച്ചു. ഡാളസ് മലയാളി അസോസിയേഷൻ സെക്രട്ടറി സിൻജോ തോമസ്, ട്രഷറാർ സെയ്ജു വർഗീസ് എന്നിവർ പ്രോഗ്രാം നയിച്ചു.



# ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റൺ വൈദികർക്ക് യാത്രയയപ്പ് നൽകി

ഹൂസ്റ്റൺ: ഇന്ത്യൻ ക്രിസ്ത്യൻ എക്യൂമെനിക്കൽ കമ്മ്യൂണിറ്റി ഓഫ് ഹൂസ്റ്റന്റെ ആഭിമുഖ്യത്തിൽ ഹൂസ്റ്റണിൽ നിന്നും സ്ഥലം മാറിപ്പോയ വൈദികർക്ക് യാത്രയയപ്പ് നല്കി. ജൂൺ മാസം 29 നു ഞായറാഴ്ച്ച ഹൂസ്റ്റൺ സെന്റ് ജോസഫ് സീറോ മലബാർ കത്തോലിക്കാ പള്ളിയിൽ നടത്തിയ യാത്രയയപ്പു സമ്മേളനത്തിൽ വികാരി റവ. ഫാ. ജോണിക്കുട്ടി ജോർജ് പുലിശ്ശേരിക്കു ഐസിഇസിഎച്ച് പ്രസിഡന്റ് റവ. ഡോ. ഐസക് ബി. പ്രകാശ് ഉപഹാരം നൽകി.

**ജീമോൻ റാന്നി**

ഹൂസ്റ്റണിലെ വിവിധ ദേവാലയങ്ങളിൽ നടന്ന യാത്രയയപ്പിൽ റവ. സാം കെ. ഈശോ (വികാരി, ട്രിനിറ്റി മാർത്തോമാ ചർച്ച്) റവ. സന്തോഷ് തോമസ്, (അസിസ്റ്റന്റ് വികാരി ഇമ്മാനുവേൽ മാർത്തോമാ ചർച്ച്), റവ. ബെന്നി തോമസ് (വികാരി സെ. തോമസ് സിഎസ്ഐ ചർച്ച്) എന്നിവർക്ക് ഐസിഇസിഎച്ചിന്റെ ഉപഹാരം നൽകി.

വിവിധ ഇടവകകളിൽ നടത്തിയ യാത്രയയപ്പു യോഗങ്ങളിൽ ഐസിഇസിഎച്ച് പ്രസിഡന്റ് റവ. ഫാ. ഡോ. ഐസക് ബി. പ്രകാശ്, റവ. ഡോ. ജോബി മാത്യു, റവ. ജീവൻ ജോൺ, സെക്രട്ടറി ഷാജൻ ജോർജ്, ട്രഷറർ രാജൻ അങ്ങാടിയിൽ, പിആർഓ. ജോൺസൺ ഉമ്മൻ, ഫാൻസിമോൾ പള്ളത്തുമഠം, നൈനാൻ വീട്ടിനാൽ, ബിജു ചാലക്കൽ, ഡോ. അന്ന കോശി എന്നിവർ പങ്കെടുത്തു.









# ഇന്റർ നാഷണൽ 56 കാർഡ് ഗെയിമിന് സെയിന്റ് ലൂയിസ് ഒരുങ്ങുന്നു

സെന്റ് ലൂയിസ്: സെപ്റ്റർ 19, 20, 21 (വെള്ളി, ശനി, ഞായർ) തീയതികളിൽ സെയിന്റ് ലൂയിസിൽ വെച്ചു (727 Weidman Rd, Manchester, MO) നടത്തപ്പെടുന്ന ഇന്റർ നാഷണൽ 56 കാർഡ് ഗെയിമിന്റെ ഒരുക്കങ്ങൾ പൂർത്തിയാകുന്നായി സെയിന്റ് ലൂയിസ് 56 ക്ലബ്ബിന്റെ പ്രസിഡണ്ട് എൽദോ ജോൺ അറിയിച്ചു.

ഏകദേശം 90-ൽപരം ടീമുകൾ മാറ്റുരയ്ക്കുന്ന ഈ വാശിയേറിയ മത്സരത്തിന്റെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. ടൂർണമെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ടീമുകൾ 56 International website (https://www.56international.com)-ൽ രജിസ്റ്റർ ചെയ്യണം.

സെപ്റ്റംബർ 19-ന് രാവിലെ 11 മണിക്ക് വേദി തുറക്കും. ആദ്യം രജിസ്ട്രേഷനും തുടർന്ന് ദേശീയ സമിതി യോഗവും ജനറൽ ബോഡിയും. അതിനെ തുടർന്ന് ഉദ്ഘാടനവും നടക്കും. ആദ്യ മത്സരം വൈകുന്നേരം കൃത്യം 4 മണിക്ക് ആരംഭിക്കും.



അതിനനുസരിച്ചാവണം നിങ്ങളുടെ യാത്രാപരിപാടികൾ ആസൂത്രണം ചെയ്യേണ്ടത്. സെപ്റ്റംബർ 18-ന് വ്യാഴാഴ്ച വൈകുന്നേരം മികച്ച പരിശീലന ഗെയിമുകൾ ഉണ്ടായിരിക്കുന്നതാണ്. ആയതിനാൽ കഴിവതും വ്യാഴാഴ്ച എത്തിച്ചേരുവാൻ എല്ലാവരെയും സ്വാഗതം ചെയ്യുന്നു.

വ്യാഴാഴ്ച എത്തിച്ചേരുന്നവർക്ക് ഭക്ഷണ പാനീയങ്ങൾ ഒരുക്കുന്നതാണ്. 200 ഡോളർ വീതമാണ് ഒരാൾക്ക് ടൂർണമെന്റ് രജിസ്ട്രേഷൻ ഫീസ്.

താമസ സൗകര്യത്തിനായി സംഘാടകർ ഡബിൾ ട്രീ ഹിൽട്ടൺ ഹോട്ടലുമായി നെഗോഷിയേറ്റ് ചെയ്തുറപ്പിച്ച ഡീൽ ഉപയോഗപ്പെടുത്താവുന്നതാണ്. അതിനായി ബന്ധപ്പെടേണ്ട ഹോട്ടൽ (DoubleTree by Hilton Hotel - Westport, 1943 Craigshire Drive, St. Louis, MO 63146. https://www.hilton.com/en/book/reservation/rooms/?ctyhocn=STLWPDT&arrivalDate= 2025-09-18&departureDate=2025-09-21&groupCode=CDT56C&room1NumAdults=1&cid= OM%2CWW%2CHILTONLINK%2CEN%2CDirectLink)

സെന്റ് ലൂയിസ് (STL) എയർപോർട്ടിൽനിന്ന് ഹോട്ടലിന്റെ കോംപ്ലിമെന്ററി ഷട്ടിൽ സർവീസ് ഉണ്ടായിരിക്കുന്നതാണ്. ഹോട്ടലിൽനിന്നും ഇവന്റ് സെന്ററിലേക്ക് സംഘാടകർ ഒരുക്കുന്ന ഷട്ടിൽ സർവീസും ഉണ്ടായിക്കുന്നതാണ്.

വിജയികളാകുന്ന ടീമുകൾക്ക് ഒന്നാം സമ്മാനമായി 3000 ഡോളർ, രണ്ടാം സമ്മാനമായി 2100 ഡോളർ, മൂന്നാം സമ്മാനമായി 1500 ഡോളർ, നാലാം സമ്മാനമായി 1200 ഡോളർ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും ഉണ്ടായിരിക്കുന്നതാണ്.

കൂടുതൽ വിവിരങ്ങൾക്ക്: (https://www.56international.com)

സെയിന്റ് ലൂയിസ് ടൂർണമെന്റ് കമ്മിറ്റി അംഗങ്ങൾ: എൽദോ ജോൺ (പ്രസിഡണ്ട്- 314-324-1051), ഹരിദാസ് കർത്താ (ചെയർമാൻ- 336-575-6532), ബോബി സൈമൺ (വൈസ് ചെയർമാൻ- 314-497-4598), സാബു സക്കറിയാസ് (ഡയറക്ടർ- 314-346-3636).

എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ: എഡ്വിൻ ഫ്രാൻസിസ്, ചെറിയാൻ കുര്യൻ, പി.കെ. മത്തായി, സജി ജേക്കബ്, സ്റ്റിജി ജോർജ്, സജി ജോസഫ്, ബിജോയ് മാത്യു.

# തൃശൂർ സ്വദേശി സഹീർ മുഹമ്മദ് ചരലിലിന് ഇന്ത്യൻ ഐക്കൺ അവാർഡ്

**ജോസഫ് ജോൺ കാൽഗറി**

കാൽഗറി: കാനഡയിലെ ഇന്ത്യൻ ടെക് ഐക്കൺ അവാർഡ്-2025 കാൽഗറി-ആൽബർട്ട ചാപ്റ്ററിലെ 'വിഷണറി ലീഡർ' അവാർഡ് ജേതാക്കളിലൊരാളായി തൃശൂരിൽ നിന്നുള്ള ഐടി മാനേജ്മെന്റ് വിദഗ്ദ്ധൻ സഹീർ മുഹമ്മദ് ചരലിൽ തെരഞ്ഞെടുക്കപ്പെട്ടു.



കാൽഗറി സെൻട്രൽ ലൈബ്രറിയിലെ ഐക്കണിക് വെലാൻ പെർഫോമൻസ് ഹാളിൽ നടന്ന പ്രമുഖർ പങ്കെടുത്ത ഗംഭീര ചടങ്ങിൽ വെച്ച് സഹീർ മുഹമ്മദിനെ പുരസ്കാരം നല്കി ആദരിക്കുകയുണ്ടായി.

ലോകമെമ്പാടുമുള്ള വ്യവസായങ്ങളെ പരിവർത്തനം ചെയ്യുന്ന ഇന്ത്യൻ വംശജരായ പ്രമുഖ സാങ്കേതിക വിദഗ്ദ്ധരെ ആദരിക്കുന്നതായിരുന്നു കാൽഗറിയിൽ സംഘടിപ്പിച്ച ഈ ചടങ്ങ്.

ബിസിനസ് കൺസൾട്ടിങ്, സിആർഎം/സിഇഎം സ്ട്രാറ്റജി, ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ, ടെക്നോളജി ലീഡർഷിപ്പ് എന്നിവയിൽ രണ്ട് പതിറ്റാണ്ടിലേറെ അനുഭവസമ്പത്തുള്ള സഹീർ ചരലിൽ ഹെൽത്ത് കെയർ, ഇൻഷുറൻസ്, റീട്ടെയിൽ തുടങ്ങിയ വിവിധ മേഖലകളിൽ തന്ത്രപരമായ വളർച്ചയ്ക്ക് പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

സാങ്കേതിക വിദ്യാരംഗത്തെ പ്രമുഖരും സ്റ്റാർട്ടപ്പുകളും, ആഗോള വ്യവസായ രംഗത്തെ പ്രമുഖരും പങ്കെടുത്ത അവാർഡ്ദാന ചടങ്ങിൽ മുഖ്യപ്രഭാഷണങ്ങളും പ്രത്യേക നെറ്റ് വർക്കിങ് സെഷനുകളും മാധ്യമസമ്മേളനങ്ങളും നടന്നു.

വടക്കെ അമേരിക്കയിലെ ഇന്ത്യൻ ടെക് സമൂഹത്തിന് ഒരു പ്രധാന നാഴികക്കല്ലായിരുന്നു ഈ പരിപാടി. സാങ്കേതിക വിദ്യയുടെയും ബിസിനസ്സിന്റെയും ഭാവി പുനർനിർവചിക്കുന്ന സഹീറിനെപ്പോലെയുള്ള നേതാക്കളെ ഉയർത്തിക്കാട്ടുന്നതായിരുന്നു കാൽഗറിയിലെ ആൽബർട്ടയിൽ നടന്ന സമ്മേളനം.

വിഷനറി ലീഡർ വിഭാഗത്തിൽ സഹീറിന് ലഭിച്ച അംഗീകാരം ആൽബർട്ടയിലും പുറത്തും സാങ്കേതിക വ്യവസായത്തിലെ ഒരു പരിവർത്തനശക്തിയെന്ന നിലയിൽ അദ്ദേഹത്തിന്റെ പങ്കിനെ അടിവരയിടുന്നു.

കാൽഗറി മേയർ ശ്രീമതി ജ്യോതി ഗോണ്ടെക്, ഇമിഗ്രേഷൻസ് ആൻഡ് മൾട്ടി കൾച്ചറലിസം മന്ത്രി മുഹമ്മദ് യാസീൻ, വാൻകൂവറിലെ ഇന്ത്യൻ കോൺസുലേറ്റിൽ നിന്നുള്ള നയതന്ത്ര പ്രതിനിധി വൈസ് കേണൽ സുഖ്ബീർ, പാർലമെന്റ് അംഗങ്ങളായ ടിം സിങ് ഉപ്പാൽ, ജസ് രാജ് സിംഗ് ഹല്ലൻ തുടങ്ങി നിരവധി വിശിഷ്ട വ്യക്തികൾ ചടങ്ങിൽ പങ്കെടുത്തു.

കാനഡയുടെ ഇന്നൊവേഷൻ ഇക്കോസിസ്റ്റം രൂപപ്പെടുത്തുന്നതിൽ ഇന്ത്യൻ വംശജരായ സാങ്കേതിക വിദഗ്ദ്ധരുടെ വർദ്ധിച്ചുവരുന്ന സ്വാധീനം അംഗീകരിക്കുന്നതിന്റെയും ആഘോഷിക്കുന്നതിന്റെയും പ്രാധാന്യം രേഖപ്പെടുത്തുന്നതായിരുന്നു ഇവരുടെയൊക്കെ സാന്നിദ്ധ്യം.

കംപ്യൂട്ടർ എഞ്ചിനീയറിംഗ്-എംബിഎ ബിരുദധാരിയായ സഹീർ മുഹമ്മദ് ചെന്നൈയിലും തുടർന്ന് കാനഡയിലും ജോലി ചെയ്യുന്നു. ഹിറ്റാച്ചി സൊലൂഷൻസ് ആൻഡ് ഇൻഡസ്ട്രി മുൻ വൈസ് പ്രസിഡണ്ടായിരുന്നു.

തൃശൂർ ചെമ്പൂക്കാവ് ഷിമോസിൽ മുഹമ്മദ്കുട്ടി-സീനത്ത് ദമ്പതികളുടെ മൂന്നു മക്കളിൽ ഒരാളാണ് സഹീർ മുഹമ്മദ്.

തിരുവല്ല അലിഫ് വില്ല സലിം-റസിയ ദമ്പതികളുടെ മകൾ കഷ്മീര സഹീറാണ് ഭാര്യ. മക്കൾ അയാൻ സഹീറും സായ സഹീറും കാനഡയിൽ സ്കൂൾ വിദ്യാർത്ഥികൾ.

# അമേരിക്കയിലെ ഓണാഘോഷങ്ങൾക്ക് 'മാറ്റ്' തുടക്കം കുറിക്കുന്നു

**രാജു മൈലപ്ര**

ടാമ്പാ: ഏകദേശം മൂന്നു മാസക്കാലത്തോളം നീണ്ടു നിൽക്കുന്ന അമേരിക്കൻ മലയാളികളുടെ ഓണാഘോഷങ്ങൾക്ക് മലയാളി അസോസിയേഷൻ ഓഫ് ടാമ്പാ ഐശ്വര്യസമ്പൂർണ്ണമായ തുടക്കം കുറിക്കുന്നു.

ഓഗസ്റ്റ് ഒൻപതാം തീയതി ശനിയാഴ്ച പതിനൊന്നു മണിയോടു കൂടി ആഘോഷങ്ങൾ ആരംഭിക്കും. വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയ്ക്കു പുറമേ, കണ്ണിനും കാതിനും കുളിർമ്മയേകുന്ന വൈവിധ്യമാർന്ന കലാപരിപാടികളാണ് അണിയറയിൽ അണിഞ്ഞൊരുങ്ങുന്നത്.

വർണ്ണശബളമായ പൂക്കളം, വാദ്യമേളങ്ങളുടെയും താലപ്പൊലിയുടെയും അകമ്പടിയോടു കൂടി മാവേലിമന്നനെ എതിരേൽക്കുന്ന ഘോഷയാത്ര, യുവതികളുടെ തിരുവാതിര നൃത്തം തുടങ്ങിയവയ്ക്കു ശേഷം യുവജനങ്ങളുടെ നൃത്തച്ചുവടുകളും ഇമ്പമാർന്ന ഗാനാലാപനങ്ങളും ആഘോഷങ്ങൾക്കു മാറ്റുകൂട്ടും.

2620 വാഷിങ്ടൺ റോഡിൽ സ്ഥിതി ചെയ്യുന്ന ക്നാനായ കമ്യൂണിറ്റി സെന്ററാണ് ആഘോഷവേദി.

അൻപതിലധികം സ്പോൺസേഴ്സ് ഇതിനോടകം തന്നെ സാമ്പത്തിക പിന്തുണ നല്കിയത് മലയാളി അസോസിയേഷൻ ഓഫ് ടാമ്പായുടെ പ്രവർത്തന പാരമ്പര്യത്തിനുള്ള ഒരു അംഗീകാരമാണ്.

വമ്പിച്ച ജനപങ്കാളിത്തം പ്രതീക്ഷിക്കുന്ന ഈ ഓണാഘോഷ പരിപാടികളിൽ പങ്കെടുക്കുവാനുള്ള സീറ്റുകൾ ഉറപ്പുവരുത്തുവാൻ ഭാരവാഹികളുമായി ബന്ധപ്പെടുക.



# ചലഞ്ചേഴ്സ് ചാമ്പ്യന്മാർ

ജോസ് കണിയാലി

ചിക്കാഗോ: ചിക്കാഗോ മാർത്തോമ്മാ ഇടവകയിലെ യുവജന സംഘടനകളായ യൂത്ത് ഫെലോഷിപ്പ്, യുവജനസഖ്യം എന്നിവ സംയുക്തമായി സംഘടിപ്പിച്ച പ്രഥമ വോളിബോൾ ടൂർണമെന്റ് MARTHO VOLLEY BALL 2025-ൽ പുരുഷവിഭാഗത്തിൽ ജോസ് വർഗീസ് നേതൃത്വം നൽകിയ ജോയൽ ജോൺ ക്യാപ്റ്റനായ CMTC CHALLENGERS-ഉം വനിതാ വിഭാഗത്തിൽ നിമ്മി മൊളക്കൽ നേതൃത്വം നൽകിയ ടീനാ സാമുവൽ ക്യാപ്റ്റനായ CMTC TITAN-ഉം വിജയികളായി.







Feldman Recreation center-ൽ വെച്ച് നടത്തപ്പെട്ട ടൂർണമെന്റിന്റെ ഉദ്ഘാടനം ചിക്കാഗോ മാർത്തോമ്മാ ഇടവക വികാരി റവ. ആശിഷ് തോമസ് അച്ചൻ നിർവഹിച്ചു. ചിക്കാഗോ മാർത്തോമ്മാ ഇടവകയിലെ യുവജനങ്ങൾക്കായി ക്രമീകരിച്ച ഈ ടൂർണമെന്റിൽ 75-ൽപരം യുവജനങ്ങൾ 7 ടീമുകളിലായി പങ്കെടുത്തു. അനില ആൻ മാത്യു, നിമ്മി മൊളക്കൽ, ജോസ് വർഗീസ്, ഡോ. ഷിജി അലക്സ്, ജോർജ് മൊളക്കൽ, പ്രവീൺ തോമസ്, ഡോ. ജോ മാത്യു ജോർജ് എന്നിവർ ഈ വർഷത്തെ ടീമുകളെ സ്പോൺസർ ചെയ്തു. വിജയികൾക്കുള്ള സമ്മാന വിതരണം റവ. ആശിഷ് തോമസ് അച്ചനും റവ. ബിജു യോഹന്നാൻ അച്ചനും നിർവഹിച്ചു. പ്രഥമ മാർത്തോമ്മാ വോളിബോൾ ടൂർണമെന്റിന് യുവജനസഖ്യം സെക്രട്ടറി അജു മാത്യുവിന്റെ നേതൃത്വത്തിൽ ജോമി റോഷൻ വർഗീസ് ജനറൽ കൺവീനറായി. റോയി തോമസ്, ജിബിൻ ജോർജ്, റയാൻ തോമസ്, ആൽബിൻ ജോർജ്, കെവിൻ ജേക്കബ്, ചാൾസ് തോമസ്, നിജു പോത്തൻ, റിതിൻ റോയി എന്നിവർ ഉൾപ്പെട്ട കമ്മിറ്റി മത്സര ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.



Small Business Accounting LLC

Personal and Business Tax Services



Tino Simon Mundaplackil

Phone:630-635-3615

Email: tino@greatwaysinc.com

1001 E Chicago Ave, Suite 151, Naperville, IL 60540

Free Electronic Filing



Pramod Zacharias, E.A.

HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

Whatsapp +1 630 903 7680

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

Cell/Whatsapp +1 630 903 7680

# കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കൽ ഹൂസ്റ്റൺ കെസിഎസ് സന്ദർശിച്ചു

**ബൈജു ആലപ്പാട്ട്**

ഹൂസ്റ്റൺ: ക്നാനായ കണക്റ്റിന്റെ ഭാഗമായി ലോക്കൽ യൂണിറ്റുകളുമായി സംവദിക്കുവാൻ ഹൂസ്റ്റണിൽ എത്തിച്ചേർന്ന കെസിസിഎൻഎ പ്രസിഡണ്ട് ജെയിംസ് ഇല്ലിക്കലിനെ ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് ഹൂസ്റ്റൺ സ്വാഗതം ചെയ്തു.

നോർത്ത് അമേരിക്കൻ ക്നാനായ സമുദായത്തിന്റെ നിലവിലെ പ്രശ്നങ്ങൾ, സാംസ്കാരിക പൈതൃകം, ഭാവി സംരംഭങ്ങൾ എന്നിവ ചർച്ച ചെയ്യാൻ ഒത്തുകൂടിയ ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി സമൂഹത്തിന് കെസിസിഎൻഎ പ്രസിഡണ്ടിന്റെ ഈ സന്ദർശനം സുപ്രധാന നിമിഷമായി മാറി.



ജെയിംസ് ഇല്ലിക്കൽ ഹൂസ്റ്റണിലെ ക്നാനായ സമുദായ നേതാക്കൾ, യുവപ്രതിനിധികൾ, വനിതാഫോറം എന്നിവരുമായി കൂടിക്കാഴ്ച നടത്തി. രണ്ടാം തലമുറ അംഗങ്ങളിൽ ക്നാനായ കോർ മൂല്യങ്ങൾ പ്രോത്സാഹിപ്പിക്കുക, യുവാക്കളുടെ ഇടപെടൽ ശക്തിപ്പെടുത്തുക, കെസിസിഎൻഎ മേഖലകളിലുടനീളം ഐക്യം പ്രോത്സാഹിപ്പിക്കുക തുടങ്ങിയ പ്രധാന വിഷയങ്ങൾ യോഗം ചർച്ച ചെയ്തു.

ഹൂസ്റ്റൺ ക്നാനായ കാത്തലിക് സൊസൈറ്റി എക്സിക്യൂട്ടീവ് സംഘടിപ്പിച്ച യോഗം പരമ്പരാഗത ക്നാനായ പ്രാർത്ഥനാഗാനമായ മാർത്തോമൻ ആലപിച്ചുകൊണ്ടാണ് ആരംഭിച്ചത്. ഹൂസ്റ്റൺ ആർവിപി ഫിൽസ് മാപ്പിളശ്ശേരി സ്വാഗതമാശംസിച്ചു. വടക്കെ അമേരിക്കയിലുടനീളമുള്ള ക്നാനായ കാത്തലിക് സമൂഹത്തിന്റെ ഭാവിയെക്കുറിച്ചുള്ള തന്റെ കാഴ്ചപ്പാട് ജെയിംസ് ഇല്ലിക്കൽ പങ്കുവെച്ചു. അദ്ദേഹത്തിന്റെ പ്രചോദനാത്മകമായ വാക്കുകൾ സഹകരണത്തെ പ്രോത്സാഹിപ്പിക്കുകയും അടുത്ത തലമുറയെ സ്വീകരിക്കുന്നതിനൊപ്പം നമ്മുടെ സമ്പന്നമായ പാരമ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള കെസിസിഎൻഎയുടെ പ്രതിബദ്ധതയെ വീണ്ടും ഊട്ടി ഉറപ്പിക്കുകയും ചെയ്തു.

ഷെറിൽ സ്റ്റീഫൻ ചെറുകര (കെസിവൈഎൽഎൻഎ വൈസ് പ്രസിഡണ്ട്), ആൽവിൻ മുകളേൽ (കെസിവൈഎൻഎ വൈസ് പ്രസിഡണ്ട്), റിയ കോട്ടൂർ (കെസിഡബ്ല്യുഎഫ്എൻഎ ഹൂസ്റ്റൺ ആർവിപി) എന്നിവർ ഉപ-സംഘടനാ റിപ്പോർട്ടുകൾക്കൊപ്പം തങ്ങളുടെ ഭാവിപരിപാടികൾ പങ്കുവെച്ചു. ഹൂസ്റ്റൺ കെസിഎസ് പ്രസിഡണ്ട് തോമസ് വിക്ടർ നീതുകാട്ട് നയിച്ച സംവേദനാത്മക ചർച്ചകയിൽ കെസിസിഎൻഎ ട്രഷറർ ജോജോ സിറിയക് തറയിൽ കെസിസിഎൻഎയുടെ നിലവിലെ സാമ്പത്തിക സ്ഥിതിയും നിലവിലെ കേസുകളുടെ പുരോഗതിയും വിശദീകരിച്ചു.



സമാപനച്ചടങ്ങിൽ ഹൂസ്റ്റൺ കെസിഎസ് ട്രഷറർ ഫിലിപ്പ് കരിശ്ശേരിക്കൽ നന്ദി പറഞ്ഞു. തുറന്നതും നേരിട്ടുള്ളതുമായ ഒരു സംവേദനാത്മക സെഷൻ സംഘടിപ്പിച്ചതിന് കെസിസിഎൻഎ എക്സിക്യൂട്ടീവ് ടീം ഹൂസ്റ്റൺ കെസിഎസിനും അംഗങ്ങൾക്കും നന്ദി പറഞ്ഞു.





# ഉത്സവകൂട്ടായ്മയായി ബെൻസൻവിൽ ഇടവക ‘നാലുമണിക്കാറ്റ്’



**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫൊറോന ദൈവാലയത്തിൽ ജൂലൈ നാലിന് രാജ്യത്തിന്റെ സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ‘നാലുമണിക്കാറ്റ്’ സംഗമം സംഘടിപ്പിച്ചു.

വിവിധ മിനിസ്ട്രികളുടെ നേതൃത്വത്തിൽ ബാർബ്ക്യുയും വിവിധ മത്സരങ്ങളും കരിമരുന്നു കലാപ്രകടനങ്ങളും നടത്തപ്പെട്ടു. കൊച്ചു കുട്ടികൾ മുതൽ മുതിർന്നവർ വരെ ഈ കൂട്ടായ്മയിൽ പങ്കെടുത്തു.

അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, തോമസ് നെടുവാമ്പുഴ, ജെറി താന്നിക്കുഴുപ്പിൽ എന്നിവർ സംഗമത്തിന് നേതൃത്വം നൽകി.

വലിയ ഉത്സവ കൂട്ടായ്മയുടെ സ്നേഹാനുഭവം ഇതിൽ പങ്കെടുത്ത ഏവരും പങ്കുവെച്ചു.




**ശ്രീകുമാർ ഉണ്ണിത്താൻ**

2025 ആഗസ്റ്റ് 1 മുതൽ 3 വരെ കോട്ടയത്തെ കുമരകം ഗോകുലം ഗ്രാന്റ് ഫൈവ് സ്റ്റാർ റിസോർട്ടിൽ വെച്ച് നടത്തുന്ന ഫൊക്കാനാ കേരളാ കൺവൻഷനുവേണ്ടിയുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നോർത്ത് അമേരിക്കയുടെ നാനാ ഭാഗത്തുനിന്നും കേരളത്തിൽ നിന്നും എത്തിച്ചേരുന്ന അതിഥികളേയും, കലാ സാംസ്‌കാരിക പ്രമുഖരേയും രാഷ്ട്രീയ നേതാക്കളേയും സ്വീകരിക്കാൻ ഗോകുലം ഫൈവ് സ്റ്റാർ റിസോർട്ട് ഒരുങ്ങിക്കഴിഞ്ഞു. ലോകത്തിലേക്കും ഏറ്റവും വലിയ മലയാളി പ്രവാസി സംഘമായിരിക്കും ഫൊക്കാന കേരളാ കൺവൻഷൻ എന്ന് പ്രസിഡന്റ് സജിമോൻ ആന്റണി അഭിപ്രായപ്പെട്ടു.

മൂന്ന് ദിവസങ്ങളിലായി അരങ്ങേറുന്ന ഈ മഹാസമ്മേളനത്തിന്റെ ആദ്യ ദിവസം ലഹരിക്കെതിരെയുള്ള വിളംബരത്തോടു കൂടി തുടങ്ങി മുന്ന് ദിവസത്തെ സമ്മേളനത്തിന് തുടക്കം കുറിക്കും. രണ്ടാം ദിനം ഫൊക്കാനയും കേരളാ യൂണിവേഴ്‌സിറ്റിയുമായി സഹകരിച്ചു നടത്തുന്ന ഭാഷക്ക് ഒരു ഡോളർ, സാഹിത്യ സമ്മേളനം, സാഹിത്യ അവാർഡുകൾ, സാംസ്‌കാരിക അവാർഡുകൾ, ബിസിനസ്സ് സെമിനാറുകൾ, ബിസിനസ്സ് അവാർഡുകൾ, വിമെൻസ് ഫോറം സെമിനാർ, വിമെൻസ് ഫോറം സ്കോളർഷിപ്പ് വിതരണം, നിരവധി ചാരിറ്റി പ്രവർത്തങ്ങളുടെ തുടക്കം, ഫൊക്കാനയുമായി സഹകരിച്ചു നടത്തുന്ന ലൈഫ് ആൻഡ് ലിമ്പ് ചാരിറ്റബിൾ സോസൈറ്റിയുടെ കാല് വിതരണം, മാധ്യമ സെമിനാർ, ഫൊക്കാന ഹൗസിങ് പ്രൊജക്റ്റ്, മെഡിക്കൽ കാർഡ് വിതരണം, പ്രിവിലേജ് കാർഡ് വിതരണം, മൈൽസ്റ്റോൺ ചാരിറ്റബിൾ സൊസൈറ്റിയുമായി സഹകരിച്ചു നടത്തുന്ന ഫൊക്കാന സിം കേരള പ്രൊജക്റ്റിന്റെ സമാപനം തുടങ്ങി നിരവധി



പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയാണ് രണ്ടാം ദിവസത്തെ പരിപാടികൾ.

മൂന്നാം ദിവസം വിനോദത്തിനു വേണ്ടി മാത്രം മാറ്റിവെച്ചിട്ടുണ്ട്, 400 പേർക്ക് യാത്ര യാത്ര ചെയ്യാവുന്ന ബോട്ട് സവാരിയാണ് ബുക്ക് ചെയ്തിരിക്കുന്നത്. അതിൽ ഡാൻസും പാട്ടും ഒക്കെ ക്രമീകരിച്ചിട്ടുണ്ട്. കുട്ടനാടൻ കായലിലൂടെ ഏവരുടെയും മനം കവരുന്ന യാത്ര പ്രകൃതി സ്നേഹികളുടെയും സഞ്ചാരികളുടെയും പ്രിയപ്പെട്ടതാണ്. കുടുംബത്തിനും സുഹൃത്തുക്കൾക്കും ഒപ്പം സമയം ചെലവഴിക്കാനും, പ്രകൃതിയെ ആസ്വദിക്കാനും ഇതുപോലെ ഒരിടം വേറെകാണില്ല. മൂന്ന് ദിവസങ്ങളിലും ഉള്ള കൾച്ചറൽ പ്രോഗ്രാമുകൾ അവതരിപ്പിക്കുന്നത് പ്രസിദ്ധ സിനിമാതാരവും ഡാൻസറുമായ സരയൂ മോഹൻ, സിനിമാതാരത്തോടൊപ്പം ഡാൻസറും അവതാരികയും കൂടിയായ അമല റോസ് കുര്യൻ തുടങ്ങിയവരുടെ നേതൃത്തിലുള്ള ഡാൻസുകൾ, സിനിമ പിന്നണി ഗായകരായ ഏഷ്യാനെറ്റ് സ്റ്റാർസിംഗർ ജോബി, പ്രസിദ്ധ സിനിമ പിന്നണി ഗായകൻ അഭിജിത് കൊല്ലം, ഫ്ളവേഴ്‌സ് ടോപ് സിങ്ങർ മിയാകുട്ടി, സിനിമ പിന്നണി ഗായകനും മിമിക്രി താരവുമായ രാജേഷ് അടിമാലി തുടങ്ങിയവർ അവതരിപ്പിക്കുന്ന വിവിധ കലാ പരിപാടികൾ നമുക്ക് നവ്യാനുഭവം പങ്കുവെക്കും.

ലോകത്തിലെ ഏറ്റവും വലിയ പ്രവാസി സംഘടന ആയ ഫൊക്കാനയുടെ കേരളാ കൺവൻഷൻ ഒരു ചരിത്ര സംഭവം ആയിരിക്കും. ഫൊക്കാനയുടെ പ്രവർത്തനങ്ങളുടെ കണ്ണാടിയാണ് ഫൊക്കാനായുടെ ഓരോ കൺവൻഷനുകൾ. നാം ഇതുവരെയും എന്തു ചെയ്തു, എന്തു നേടി, നമ്മുടെ പ്രസക്തി, ശക്തി ഒക്കെ ആധികാരികമായി പറയുവാൻ ഈ കൺവൻഷന്റെ വേദികൾ നാം ഉപയോഗപ്പെടുത്തും. ഫൊക്കാനാ വെറുതേ ഒന്നും പറയില്ല. വെറുതേ ഒന്നിനും പണം മുട ക്കാറുമില്ല. നമ്മുടെ പ്രധാന ലക്ഷ്യമായ ജീവകാരുണ്യ പ്രവർത്തനം മറ്റാർക്കും പകർത്താനോ അതികരിക്കുവാനോ ആർക്കും ആയിട്ടുമില്ല. കേരളത്തിൽ ഫൊക്കാനാ നടത്തിയ ചാരിറ്റിപ്രവർത്തനങ്ങൾ ശ്രദ്ധേയങ്ങളാണ്. കേരളത്തിന്റെ വിവിധ പ്രദേശങ്ങളിൽ നമ്മൾ ഇതുവരെ വിതരണം ചെയ്ത സഹായങ്ങളും മറ്റു പരിപാടികളും എന്നും സ്മരണീയവും മാതൃകയുമാണ്.

വിദ്യാഭ്യാസ സഹായം, വിവാഹസഹായം, ആതുര ശുശ്രൂഷയ്ക്കുള്ള സഹായം തുടങ്ങിയ എന്നും അഭിമാനകരവും പുണ്യവുമായ പ്രവർത്തനങ്ങളാണ് അവ കൂടാതെ സർക്കാരിന്റെ പല പദ്ധതികളിൽ സഹകരിച്ചും അല്ലാതെ സ്വതന്ത്രവുമായും ഭവനരഹിതരായവർക്ക് വീടുകൾ, അങ്ങനെ വളരെ ജനകീയമായ നിരവധി പദ്ധതികൾക്ക് ഈ കമ്മിറ്റി ചുക്കാൻ പിടിക്കുന്നു.

ഏവരെയും ഈ കേരളാ കൺവൻഷനിലേക്കു സ്നേഹത്തോടുസ്വാഗതം ചെയ്യുന്നതായി പ്രസിഡന്റ് സജിമോൻ ആന്റണി, സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സി. വൈസ് പ്രസിഡന്റ് പ്രവീൺ തോമസ്, വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷറർ മില്ലി ഫിലിപ്പ്, വിമൻസ് ഫോറം ചെയർ പേഴ്സൺ രേവതി പിള്ള, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ്, കേരളാ കൺവൻഷൻ ചെയർ ജോയി ഇട്ടൻ മറ്റ് കമ്മിറ്റി മെംബേർസ് എന്നിവർ അറിയിച്ചു.

*കേരളാ കൺവൻഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഇതുവരെ രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിൽ സജിമോൻ ആന്റണി **862 438 2361,** സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ **914 – 886 2655,** ട്രഷറർ ജോയി ചാക്കപ്പൻ **201 56 36294** എന്നിവരുമായി ബന്ധപ്പെടുക.*




# ഫൊക്കാനാ കേരളാ കൺവൻഷനിലേക്ക് സ്വാഗതം

ആഗസ്റ്റ് 1, 2, 3

ഗോകുലം ഗ്രാന്റ് റിസോർട്ട്, കുമരകം

## FOKANA EXECUTIVE COMMITTEE


SAJIMON ANTONY
President


SREEKUMAR UNNITHAN
General Secretary



JOY CHAKKAPPAN
Treasurer


PRAVEEN THOMAS
Ex. Vice President


REVATHI PILLAI
Womens Forum Chair


VIPIN RAJ
Vice President


MANOJ EAMANA
Asso. Secretary


JOHN KALLOLICKAL
Asso. Treasurer


APPUKKUTTAN PILLAI
Add. Asso. Secretary


MILLY PHILIP
Add. Asso. Treasurer

## TRUSTEE BOARD


JOJI THOMAS
CHAIRMAN


SATHEESHAN NAIR
VICE CHAIRMAN


BIJU JOHN
SECRETARY


GEORGY VARGHESE
MEMBER


MAMMEN C. JACOB
MEMBER


LEELA MARETT
MEMBER


JAIBU KULANGARA
MEMBER


THOMAS THOMAS
MEMBER


TONY KALLUKAVIL
MEMBER


# ഇനിയുണ്ടാവില്ല ഒരു പ്രേംനസീർ



ഓർമ്മക്കുറിപ്പ്



രവി മേനോൻ




വാരാന്ത്യം

പ്രേംനസീർ പറഞ്ഞു: “ഞാൻ വരും, എന്റെ ആരാധികമാരെ കാണാൻ”

വടിവൊത്ത കൈപ്പടയിൽ സ്വന്തം മേൽവിലാസം കുറിച്ചുതന്ന ശേഷം എന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട് നസീർ സാർ പറഞ്ഞു:

‘മിസ്റ്റർ മേനോൻ, ഇനി നിങ്ങളുടെ വീട്ടഡ്രസ് കൂടി തരൂ. എന്നെങ്കിലും ആ വഴി വരുമ്പോൾ അവിടെ കയറാം. എന്റെ ആരാധികമാരെ കാണാമല്ലോ.’

സന്തോഷം കൊണ്ട് കണ്ണ് നിറഞ്ഞുപോയ നിമിഷം. തൊട്ടു മുൻപാണ് അടിയുറച്ച പ്രേംനസീർ ഭക്തകളായ എന്റെ അമ്മയേയും വല്യമ്മമാരേയും കുറിച്ച് അദ്ദേഹത്തോട് പറഞ്ഞത്. ‘മൂന്ന് സിസ്റ്റേഴ്സും കൂടി പൊരിവെയിലത്ത് കുട ചൂടി നടന്നുപോകുന്നത് കണ്ടാൽ റോഡരികിലെ കടകളിൽ ഇരുന്ന് ആളുകൾ പരസ്പരം പിറുപിറുക്കും: ഓ, ഇന്ന് ലീനയിൽ നസീറിന്റെ ഏതോ പടം റിലീസായിട്ടുണ്ട്ന്ന് തോന്നുണു. ലളിതാപത്മിനിരാഗിണിമാർ ഒരുങ്ങിക്കെട്ടി പൊറപ്പെട്ടിട്ടുണ്ട്..’

പരാതിയില്ലായിരുന്നു മൂന്ന് പേർക്കും. അത്രയ്ക്കുമുണ്ട് നസീറിനോടുള്ള ഭ്രമം. നസീറെങ്ങാൻ നിനച്ചിരിക്കാതെ കൺവെട്ടത്ത് വന്നുപെട്ടാൽ മൂവരും മോഹാലസ്യപ്പെടുമോ എന്നായിരുന്നു എന്റെ ഭയം.

‘അതെങ്ങനെ പറ്റും, നസീർ സാർ?’ – എന്റെ സംശയം. ‘സാർ ഫ്ളൈറ്റിലല്ലേ മദ്രാസിൽ പോകുക? അല്ലെങ്കിൽ ട്രെയിനിൽ.

ഞങ്ങളുടെ എടരിക്കോട്ടാണെങ്കിൽ റെയിൽവേ സ്റ്റേഷൻ പോലുമില്ല്യ. എന്നാലും സാറിന് ഇങ്ങനെ പറയാൻ തോന്നിയല്ലോ. വലിയ സന്തോഷം.’

എന്നാൽ ഭംഗിവാക്ക് പറയുകയായിരുന്നില്ല നസീർ സാർ. ‘തമാശയാണ് എന്ന് വിചാരിച്ചോ മിസ്റ്റർ മേനോൻ? ഞാൻ സീരിയസ് ആയി പറഞ്ഞതാണ്. ധ്വനി ഷൂട്ടിംഗ് കഴിഞ്ഞു തിരിച്ചുപോയ ശേഷം ഒന്നുകൂടി കോഴിക്കോട്ട് വരേണ്ട കാര്യമുണ്ട്. കൊച്ചി വരെ ഫ്ളൈറ്റിൽ വന്ന ശേഷം ഇങ്ങോട്ട് കാറിൽ വരാമല്ലോ. വഴിക്ക് നിങ്ങളുടെ വീട്ടിൽ കയറുകയും ചെയ്യാം.’ ഒന്ന് നിർത്തിയ ശേഷം നിത്യഹരിതനായകൻ പറഞ്ഞു: ‘എനിക്കിപ്പോൾ സ്പെയർ ടൈം ധാരാളമുണ്ട്. പഴയ പോലെ ഓടിനടന്ന് അഭിനയിക്കുന്നില്ലല്ലോ.. എന്തായാലും അഡ്രസ് തരൂ.’

മേൽവിലാസം എഴുതി വാങ്ങിയ ശേഷം ഒന്നുകൂടി പറഞ്ഞു അദ്ദേഹം: ‘ഞാൻ വരുന്ന കാര്യം വലിയമ്മമാരോട് ഇപ്പോൾ പറയേണ്ട. അവർക്ക് ഒരു സർപ്രൈസ് ആവട്ടെ.’

പടിപ്പുര കടന്നു വരുന്ന വെള്ളിത്തിരയിലെ നിത്യകാമുകനെ കാണുമ്പോൾ മൂന്നു സഹോദരിമാരുടെയും മുഖത്ത് വിരിയാനിടയുള്ള വിസ്മയഭാവം സങ്കല്പിക്കുകയായിരുന്നു ഞാൻ. സ്വപ്നമോ മിഥ്യയോ ഈ കാഴ്ച്ച എന്ന കൺഫ്യൂഷനിലായിരിക്കും അവർ; തീർച്ച. സന്തോഷം കൊണ്ട് ബോധം കെടാതെ സൂക്ഷിക്കണം.

‘ധ്വനി’യുടെ ഷൂട്ടിംഗിന്റെ അവസാന നാളിലായിരുന്നു കോഴിക്കോട് സിവിൽ സ്റ്റേഷനിൽ വെച്ച് നസീർ സാറുമായുള്ള അഭിമുഖം. അന്നെഴുതിത്തന്ന മേൽവിലാസം പഴയ രേഖകൾക്കിടയിൽ നിന്ന് യാദൃച്ഛികമായി വീണ്ടുകിട്ടിയപ്പോൾ മാഞ്ഞുപോയ ഒരു കാലം വീണ്ടും ഓർമ്മയിൽ വന്നു നിറഞ്ഞു.

ആരാധികമാരും ആരാധനാപുരുഷനും തമ്മിലുള്ള സമാഗമം ഒരിക്കലും നടന്നില്ല. മാസങ്ങൾക്കകം നസീർ സാർ ഓർമ്മയായി. കേരളകൗമുദി വീക്കെൻഡിൽ ‘ശംഖുപുഷ്പം കണ്ണെഴുതിയ വർഷങ്ങൾ” എന്ന പേരിൽ അച്ചടിച്ചുവന്ന അഭിമുഖം നസീർ സാറിന്റെ അവസാന അഭിമുഖമാകുമെന്ന് ആരോർത്തു?

അമ്മയും മൂത്ത ചേച്ചി ശിവകാമി വല്യമ്മയും ഇന്നില്ല. അമ്മു വല്യമ്മ പ്രായാധിക്യത്തിന്റെ അസ്കിതകളുമായി അധികസമയവും കിടക്കയിൽ കഴിയുന്നു. അവരുടെ ഹൃദയങ്ങളെ കൂട്ടിയിണക്കിയ പ്രേംനസീറാകട്ടെ ഇന്നും ഓർമ്മകളുടെ തിരശ്ശീലക്കപ്പുറത്തു നിന്ന് നമ്മെ നോക്കി പുഞ്ചിരിച്ചുകൊണ്ടിരിക്കുന്നു.

മലയാളികളുടെ എത്രയോ തലമുറകളെ കോരിത്തരിപ്പിച്ച മന്ദസ്മിതം.

വർഗീയതയും വിഭാഗീയതയും മറ്റെന്നത്തേക്കാൾ കൊടികുത്തി വാഴുന്ന കാലത്ത്, വാക്കുകൾ വിഷലിപ്തമാകുന്ന കാലത്ത്, ജീവിതത്തെ സഹജീവിസ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ആഘോഷമാക്കി മാറ്റിയ ആ വലിയ മനുഷ്യനെ വീണ്ടും വീണ്ടും ഓർക്കുന്നു നാം... ഇനിയുണ്ടാവില്ല ഒരു പ്രേംനസീർ....

# തൂവെയിൽ നേരം

കവിത



സൂസൻ ജോഷി

മഴക്കാലത്തുണ്ട്
വിചാരിച്ചിരിക്കാതെ
വെയിൽ തെളിയുന്ന
അപൂർവ്വ ദിവസങ്ങൾ
ചുറ്റുമുള്ള
കോൾ പാടങ്ങളിൽ
നിറഞ്ഞു കവിയുന്ന
വെള്ളത്തിന് മേൽ
തിളങ്ങി വീഴുന്ന
വെയിൽ വളയങ്ങൾ.

അതിൽ അല്പനേരം
മുഖം നോക്കുന്ന
കാറൊഴിഞ്ഞ മേഘങ്ങളും
ഉച്ചസൂര്യനും.

മഴയുടെ മങ്ങലിൽ നിന്ന്
പിടഞ്ഞെണീറ്റ്
ചുറ്റുമുള്ളതൊക്കെയുമപ്പോൾ
വെളിച്ചം വിരിച്ചു വെച്ചതു
പോലെ തോന്നും.

മഴ കുളിർപ്പിച്ച
ഭൂമിയുടെ പച്ച തലപ്പുകളെല്ലാം
കുടഞ്ഞുണർന്നു തല നീട്ടുന്ന
തൂവെയിൽ നേരങ്ങൾ

രണ്ടു മഴകൾക്കിടയിൽ
വരുന്ന വെയിലിന്
എന്തൊരു ചന്തമാണെന്ന്
കൺനിറയെ കാണും.
മഴയും വെയിലും
കൈകോർക്കുന്ന
സുന്ദര നിമിഷങ്ങളുടെ
അനർഘമായ അനുഭൂതികൾ
ചുറ്റും വലയം ചെയ്യും.
വെയിൽ പൊട്ടുകൾ അലങ്കരിച്ച
ജലവിതാനത്തിനു മേലെ
ചിറകുകൾ തമ്മിൽ കൂട്ടി തൊട്ട്
ഇണക്കമോടെ ഒപ്പം പറക്കുന്ന
പേരറിയാപക്ഷികളെ നോക്കും.

രണ്ടു മഴകൾക്കിടയിലെ
ഇത്തിരി വെയിലിൽ
ഒരു കിളിയൊച്ചയിൽ
എന്തുകൊണ്ടോ
ഞാൻ നിന്നെ ഓർക്കും.

മഴയിൽ നനഞ്ഞ നമ്മൾ
പതിയെ വെയിലിൽ തിളങ്ങും.

നർമ്മം മർമ്മം



രാജീവ് പണിക്കർ



# ഇനി ബിരിയാണിയെങ്ങാനും കൊടുക്കുന്നുണ്ടെങ്കിലോ

എന്റെ സ്കൂൾ പഠനകാലത്ത് ആരെയും വേദനിപ്പിക്കാതെ, ആർക്കും ഒരു ഭീഷണിയുമാകാതെ, ഒരാൾക്കും ഒരുപകാരവും ചെയ്യാതെ, പ്രത്യേകിച്ച് ആരോടും ഒരു സ്നേഹമോ വിദ്വേഷമോ ഇല്ലാതെ പത്തിലധികം വർഷങ്ങൾ പഠിച്ച ഒരു കൂട്ടുകാരൻ ഉണ്ടായിരുന്നു. പുള്ളിക്കാരന്റെ അപ്പനും അമ്മയും കൂലിപ്പണിക്കാരായിരുന്നതു കൊണ്ട് അതിരാവിലെ തന്നെ അവർ വീട്ടിൽ നിന്ന് ഇറങ്ങും. വീട്ടിൽ ഒരു വിന്റേജ് പ്രോപ്പർട്ടിയായി ഇരിക്കുന്ന ഇവന്റെ വെല്യമ്മാമ്മയാകട്ടെ ഉറങ്ങുമ്പോൾ പോലും വായ് അടച്ചു വെക്കാറുമില്ല.

ഒരിക്കൽ ഒരു സ്കൂൾ സ്പോർട്സ് ദിവസം ഇവൻ പതിവില്ലാതെ, അതിരാവിലെ എണീറ്റു. സ്പോർട്സ് ഡേയ്ക്ക് സ്കൂളിൽ പോകണം എന്ന് നിർബന്ധം ഉണ്ടെങ്കിലും ക്ലാസില്ലാത്ത ദിവസം ആയതുകൊണ്ട് ഇവൻ നേരത്തെ എണീറ്റത് വീട്ടിൽ ആകെ ഉണ്ടായിരുന്ന വെല്യമ്മാമ്മയ്ക്ക് അമ്പരപ്പായി. എങ്കിലും കൺഫ്യൂഷൻ ആയത്, എണീറ്റ ഉടനെ കട്ടൻപോലും കുടിക്കാൻ നിക്കാതെ ഒരു തൂമ്പയും എടുത്ത് കിഴക്കേ മുറ്റത്തേക്ക് പോകുന്നത് കണ്ടപ്പോഴായിരുന്നു..

സത്യത്തിൽ വീട്ടിൽ ആരും ഇല്ലാ എന്നു ഉറപ്പു വരുത്തി, ഒച്ച കേൾപ്പിക്കാതെ പുറകിലെ ചായ്പ്പിൽ വെല്യപ്പൻ എടുത്തു വെച്ചിട്ടുള്ള തൂമ്പ പൊക്കിയെടുത്ത്, വെല്യമ്മാമ്മ ടോയ്‌ലറ്റിൽ പോയ സമയം നോക്കി വളരെ സൂക്ഷ്മതയോടെയാണ് ഇവൻ കിഴക്കേ മുറ്റത്തേക്കു പോയത്. പക്ഷെ, വെല്യമ്മാമ്മ ടോയ്‌ലറ്റിൽ പോയത് ഒന്നു തുപ്പാൻ മാത്രമായിരുന്നു. തുപ്പി തിരിഞ്ഞു നടന്ന വെല്യമ്മാമ്മയുടെ മുൻപിൽ ഇവൻ കൃത്യമായി ചെന്നു പെട്ടു.

“എങ്ങടാടാ തൂമ്പയും കൊണ്ട്?”

വെല്യമ്മാമ്മയെ കുറ്റം പറയാൻ പറ്റില്ല. വീടിന്റെ മുറ്റത്ത് മഴ പെയ്ത് വെള്ളം കെട്ടിക്കിടക്കുന്നതിന്റെ ഫോട്ടോ മൊബൈലിൽ എടുത്ത് ‘ഹെവി റെയ്ൻ ആൻഡ് ഫ്ളഡ് ഇൻ ഫ്രണ്ട് ഓഫ് മൈ ഹൗസ്’ എന്നു ഇൻസ്റ്റാ സ്റ്റാറ്റസ് അപ്ഡേറ്റ് ചെയ്യുന്ന, എന്നാൽ ഒരു കമ്പ് എടുത്ത് കുത്തി ആ വെള്ളം ഒഴുക്കിക്കളയാം എന്നു വിചാരിക്കാത്ത ഇന്നത്തെ ന്യൂജെനറേഷൻ ചെങ്ങായിമാരുടെ അക്കാലത്തെ പ്രതിനിധിയായ ഒരുത്തനാണ് തൂമ്പയുമായി ഇറങ്ങിയിരിക്കുന്നത്.

‘ഒന്നൂല്യ...’ എന്ന് ഉറക്കെയും ‘നാശം ഈ തള്ളയെ ഞാനിന്ന്....’ എന്നു പതുക്കെയും ‘ക്ര്‌ര്‌ർ...’ എന്ന് പല്ലു കൊണ്ടും പറഞ്ഞ് ഇവൻ തിരിഞ്ഞുനോക്കാതെ മുന്നോട്ടു തന്നെ നടന്നു.

വെള്ളം തിരിക്കാനെന്നോ കുപ്പിച്ചില്ലു കുഴിച്ചിടാനെന്നോ ഒക്കെ പറഞ്ഞിരുന്നെങ്കിൽ ആ പ്രശ്നം അവിടെ തീർന്നേനെ. ‘ഒന്നൂല്യ’ എന്നു കേട്ടപ്പോ അതിലെന്തോ ഉണ്ടല്ലോ എന്ന് മനസ്സിൽ പറഞ്ഞു കൊണ്ട്, വെല്യമ്മാമ്മ, വയ്യായ്മ വക വെയ്ക്കാതെ ഒന്നു പോയി നോക്കിയേക്കാം എന്നു വിചാരിച്ചു.

ഇതിനിടെ കിഴക്കേ മുറ്റത്തെ വലിയ കോട്ടമാവിന്റെ ചുവട്ടിൽ എത്തിയ ഇവൻ മൊത്തത്തിൽ ഒരു നിരീക്ഷണം നടത്തി. ആകെ പുല്ലു മെത്തി നിൽക്കുകയാണ്. ചുറ്റും നടന്നിട്ടും ക്ലിയറായ ഒരു ഏരിയയും കാണാൻ സാധിക്കുന്നില്ല. പിന്നെ ഒരു കല്ലിലിരുന്നു. കുറച്ചു നേരം ആലോചിച്ചു. പിന്നെ രണ്ടും കൽപിച്ചു ഒരു പ്രദേശം കണ്ടെത്തി തൂമ്പകൊണ്ട് ആഞ്ഞു കിളച്ചു തുടങ്ങി.

തീരെ ശീലമില്ലാത്ത പണിയായതു കൊണ്ട് പെട്ടെന്നു തന്നെ ആൾ അവശനായി. അവശത തൂമ്പയിലേക്കും പടർന്നപ്പോ വീണ്ടും പഴയ കല്ലിൽ ചെന്നിരുന്നു. ഒന്നു രണ്ടു മിനിറ്റ് കഴിഞ്ഞപ്പോ ആരെങ്കിലും വന്നാൽ കുഴപ്പമാണ് എന്ന മട്ടിൽ മറ്റൊരു പ്രദേശം കിളയ്ക്കാനാരംഭിച്ചു.

ഇതിനിടെ ഇവന്റെ ഭാവപ്രകടനങ്ങൾ വഴിയിൽ നിന്നേ കണ്ട വെല്യമ്മാമ്മ ചകിതയായി. തൂമ്പയുമായി നിൽക്കുന്ന ഇവന്റെ അടുത്തേക്കു പോകുന്നത് ഈ അവസ്ഥയിൽ പന്തിയല്ല, എന്നു തോന്നിയാകണം എമ്പൗട്ടേൺ അടിച്ച് തൊട്ടപ്പുറത്തെ വീട്ടിൽ പോയി വെറുതെ ചൊറീം കുത്തിയിരിക്കുന്ന, വെല്യമ്മാമയുടെ രണ്ടാമത്തെ മോനോട്, (ഇവന്റെ എളാപ്പനോട്) കാര്യം പറഞ്ഞു.

‘ഹയ്, ഇന്നലെ വരെ കൊഴപ്പൊന്നൂണ്ടായില്യല്ലോ’ എന്നു പറഞ്ഞ് എളാപ്പൻ ചാടിയെണീറ്റു. ചെന്നു നോക്കുമ്പോഴേയ്ക്ക് ഇവൻ കോട്ടമാവിനു ചുറ്റും ഒരടി വീതിയിൽ ഒന്നരയടി ആഴത്തിൽ തടമെടുത്തു കഴിഞ്ഞിരുന്നു.

‘നിയ്യെന്താടാ ഈ കാണിക്കണേ’ എന്ന് എളാപ്പൻ ചോദിച്ചതും ക്ഷീണം സഹിക്കാൻ പറ്റാതെ ഇവൻ കുഴഞ്ഞു വീണതും ഒന്നിച്ചായിരുന്നു. നോക്കാൻ വെല്യമ്മാമ്മയെ ഏൽപ്പിച്ച് എളാപ്പൻ വെള്ളം കൊണ്ടുവരാൻ ഓടി. കുറച്ച് വെള്ളം മുഖത്ത് തളിച്ച് ഒരു ന്യൂസ്പേപ്പറെടുത്ത് അൽപ നേരം വീശിക്കൊടുത്തപ്പോൾ ഇവൻ പയ്യെ കണ്ണു തുറന്നു. തല അൽപം ചെരിച്ച് താൻ കുഴിച്ച തടം ഒന്നു നോക്കി. പിന്നെ എളാപ്പന്റെ മുഖത്തേക്ക് നോക്കി.

പിന്നെ ഒച്ച താഴ്ത്തി എളാപ്പനോടായി ചോദിച്ചു.

“കിട്ടിയോ?”

‘എന്ത്?’

“അമ്മിപ്പിള്ള’

‘അമ്മിപ്പിള്ള്യോ’

‘അപ്പൊ കിട്ടീല്യേ?’



ഇത്രേമായപ്പോഴേയ്ക്കും എളാപ്പന്റെ ക്ഷമ പോയി. പുള്ളി ഒന്നുരണ്ട് നോൺ ഡിക്ഷ്ണറിക്കൽ വേർഡ്സ് മടിയില്ലാതെ അങ്ങു പ്രയോഗിച്ചു. രണ്ടെണ്ണം കേട്ടതു കൊണ്ടാണോ അതോ ക്ഷീണം കുറച്ചു കുറഞ്ഞതു കൊണ്ടാണോ എന്നറിയില്ല, ഇവന് അൽപം റിലേ വീണു.

“ഒന്നൂല്യ”

വീണ്ടും ‘ഒന്നൂല്യ’ കേട്ടതോടെ എളാപ്പൻ പിന്നേം കലിപ്പായി. ചുരുളി ഒരെണ്ണം കൂടി പുറത്തിറങ്ങി. കിട്ടേണ്ടത് കിട്ടിക്കഴിഞ്ഞാ തോന്നേണ്ടത് ഉടനെ തോന്നും എന്നാണല്ലോ...

“ഇന്നലെ രാത്രി ഞാൻ ഇവടെ കുഴിച്ചിട്ടാർന്നു” ഇവൻ പതിയെ പറഞ്ഞു

“എന്തൂട്ട്?”

“സ്വർണം കൊണ്ടുള്ള രണ്ട് അമ്മിപ്പിള്ള’

എളാപ്പൻ ഞെട്ടി. സത്യമായും ഞെട്ടി. തൃശ്ശൂർ പൂരത്തിന് അമിട്ടു പൊട്ടും പോലെ ഞെട്ടി. പിന്നെ പതിയെ ചോദിച്ചു.

‘എന്താന്ന്? എപ്പോ കുഴിച്ചിട്ടൂന്ന്?’

‘സ്വർണം കൊണ്ടുള്ള രണ്ട് അമ്മിപ്പിള്ള, ഇന്നലെ രാത്രീല്’

“സ്വപ്നത്തിലാ..?”

“അതെനിയ്ക്കറീല്ല്യ. രാത്രീലാ”

“ഈ മാവിന്റെ ചോടെയോ”

“ആ”

“എന്നാ ഞാൻ ഒന്നു നോക്കട്ടെ...”

എളാപ്പൻ തൂമ്പയുമായി ഇറങ്ങി. കിള തുടങ്ങി!

‘ഇനി ബിരിയാണിയെങ്ങാനും കൊടുക്കുന്നുണ്ടെങ്കിലോ?’

പണിക്കത്തി അഥവാ പണിക്കരുടെ കത്തി!

ലേഖനം



ഷിബു ഗോപാലകൃഷ്ണൻ




നമ്മൾ ഏറ്റവും അധികം അവഗണിക്കുന്നത് നമ്മുടെ ആരോഗ്യപ്രശ്നങ്ങളെയാണ്. ശരീരം നൽകുന്ന സൂചനകളെയും അത് നമ്മളോട് പറയാൻ ശ്രമിക്കുന്ന സന്ദേശങ്ങളെയുമാണ്. അതിനുമീതെ ചെയ്തു തീർക്കാൻ എല്ലായിപ്പോഴും നമുക്ക് കാര്യങ്ങൾ ഉണ്ടായിരിക്കും. ബാക്കി എല്ലാം ചെയ്തു തീർത്തിട്ട് ചെയ്യാൻ വച്ചിരിക്കുന്ന കാര്യമായിരിക്കും വയ്യായ്കകൾ. ആരോടും പറയാതെ, പങ്കുവയ്ക്കാതെ, ഇനി ശ്രദ്ധിക്കാതെ തരമില്ല എന്നുവരുമ്പോൾ മാത്രമാണ് നമ്മൾ അതിനുവേണ്ടി സമയം കണ്ടെത്തുക.

നമ്മളുടെ ഓട്ടത്തിന് ഒരു ചെറിയ വേഗതകുറവ് ഉണ്ടായാൽ ചുറ്റുമുള്ളവരുടെ ജീവിതത്തിൽ സംഭവിക്കാനിടയുള്ള കുറവുകൾ നമ്മളെ അങ്ങനെ തന്നെ ഓടാൻ പ്രേരിപ്പിക്കും. പരമാവധിയിൽ നമ്മളെ കൊണ്ടു ചെന്നെത്തിക്കും. അതിനിടയിൽ ആരോഗ്യം നമ്മളറിയാതെ നമ്മളെ വിട്ടിറങ്ങും.

കുറച്ചുകാലമായി പിണറായിക്ക് എന്തോ അസുഖമാണ് എന്നുകേൾക്കുന്നു. ഇടയ്ക്കിടെ ചികിത്സക്കും പരിശോധനകൾക്കുമായി അമേരിക്കയിൽ പോകുന്നു. എന്നാൽ, ഒരിക്കൽ പോലും അനാരോഗ്യം കാരണം അവധി എടുത്തതായോ ഏതെങ്കിലും ഉത്തരവാദിത്തങ്ങളിൽ നിന്നും മാറിനിന്നതായോ കേട്ടിട്ടില്ല. അനാരോഗ്യത്തിന്റേതായ സൂചനകൾ വാക്കുകളിലോ പ്രവർത്തിയിലോ കാണാൻ കഴിഞ്ഞിട്ടില്ല.


ഒരു രാഷ്ട്രീയനേതാവെന്ന നിലയിൽ പിണറായിയോട് ഏതളവിലും നമുക്ക് വിയോജിക്കാം, സമീപനങ്ങളോട് കാർക്കശ്യങ്ങളോട് നമുക്ക് അഭിപ്രായവ്യത്യാസം രേഖപ്പെടുത്താം. എന്നാൽ, ആരോഗ്യം ഏതുതരം ശ്രദ്ധയോടെയാണ് മറ്റെല്ലാ തിരക്കുകൾക്കിടയിലും പരിപാലിക്കേണ്ടത് എന്നതിന് പിണറായി ഒരു മാതൃകയാണ്. അത് മറ്റാരുടെയും ഉത്തരവാദിത്തമല്ല, നമ്മളുടെ മാത്രം ഉത്തരവാദിത്തമാണ് എന്ന ബോധ്യത്തെ അദ്ദേഹം കൈയൊഴിഞ്ഞിട്ടേയില്ല. വേണമെങ്കിൽ അവഗണിക്കാവുന്ന അത്രയും തിരക്കുകൾ ഉണ്ട്, എന്നാൽ അതിനെ അദ്ദേഹം നീട്ടിവയ്ക്കുന്നതേയില്ല. മനസ്സിലാക്കിയിടത്തോളം സ്വന്തം ആരോഗ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, ചുറ്റുമുള്ള മനുഷ്യരുടെ കാര്യത്തിലും പിണറായിക്ക് ഈയൊരു ശ്രദ്ധ ഉണ്ട്.

ഇപ്പോഴും പിണറായി അസുഖങ്ങൾക്ക് കീഴടങ്ങാതെ നമുക്ക് മുന്നിൽ ഇങ്ങനെ നിൽക്കുന്നത് അദ്ദേഹം സ്വന്തം ആരോഗ്യത്തിന്റെ കാര്യത്തിൽ പുലർത്തിയ അതീവ ശ്രദ്ധയാണ് എന്നാണ് ഞാൻ കരുതുന്നത്.


# വിസ്കോൺസിൻ സീറോ മലബാർ മിഷനിൽ വി. അന്തോണീസ് സഹദായുടെയും വി. തോമാശ്ലീഹായുടെയും തിരുനാൾ

**തോമസ് ഡിക്രൂസ്**


മിൽവാക്കി: സെന്റ് ആന്റണി സീറോമലബാർ മിഷനിൽ വി. അന്തോണീസ് സഹദായുടെയും വി. തോമാശ്ലീഹായുടെയും തിരുനാളുകൾ സംയുക്തമായി 2025 ജൂലൈ 20-ാം തീയതി ഞായറാഴ്ച ഭക്തിനിർഭരമായി ആഘോഷിക്കും. തിരുനാൾദിനം ഞായറാഴ്ച ഉച്ചകഴിഞ്ഞു 3.30-ന് മിൽവാക്കി സെന്റ് തെരേസ് പള്ളിയിൽ (9525 W Bluemound Rd, Milwaukee WI 53226) നടക്കുന്ന ആഘോഷപൂർവ്വമായ കുർബാനയ്ക്ക് മിൽവാക്കി ആർച്ച് ബിഷപ് അഭിവന്ദ്യ ജെഫ്റി എസ് ഗ്രോബ്, ചിക്കാഗോ സെന്റ് തോമസ് സീറോമലബാർ രൂപതാ ബിഷപ് മാർ ജോയ് ആലപ്പാട്ട് എന്നിവർ മുഖ്യകാർമ്മികത്വം വഹിക്കും. വിസ്കോൺസിനിലെ സീറോമലബാർ വൈദികർ സഹകാർമ്മികർ ആയിരിക്കും. തിരുനാൾ കുർബാനയെ തുടർന്ന് ലദീഞ്ഞ്, പ്രദക്ഷിണം എന്നിവ നടക്കും. തുടർന്ന് പാരീഷ് ഓഡിറ്റോറിയത്തിൽ കലാപരിപാടികൾ, സ്നേഹവിരുന്ന് എന്നിവ ഉണ്ടായിരിക്കും. തിരുനാളിൽ പങ്കെടുത്തുകൊണ്ട് അനുഗ്രഹവും ആത്മീയ നവീകരണവും പ്രാപിക്കാൻ ഏവരെയും ക്ഷണിക്കുന്നതായി വിസ്കോൺസിൻ സീറോമലബാർ മിഷൻ ഡയറക്ടർ റവ. ഫാ. നവീൻ പള്ളൂരാത്തിൽ പറഞ്ഞു. തിരുനാളിനു വേണ്ട എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി ട്രസ്റ്റിമാരായ വിൻസെന്റ് സക്കറിയാസ്, സുജിൽ ജോൺ, തിരുനാൾ കമ്മിറ്റി കൺവീനർ തോമസ് ഡിക്രൂസ് എന്നിവർ അറിയിച്ചു. തോമസ് & സ്മിത ബൈജു വയലിൽ ആണ് ഈ വർഷത്തെ തിരുനാൾ പ്രസുദേന്തി.




ആർച്ച്ബിഷപ് ജെഫ്റി എസ് ഗ്രോബ്



ബിഷപ് മാർ ജോയ് ആലപ്പാട്ട്





# വൺ ബിഗ് ബ്യൂട്ടിഫുൾ ബിൽ അമേരിക്കൻ പ്രതീക്ഷ: സ്റ്റാൻലി ജോർജ്



അമേരിക്കൻ ജനത കഴിഞ്ഞ നവംബറിൽ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ 'അമേരിക്ക ഫസ്റ്റ്' അജണ്ടയ്ക്ക് നല്കിയ വൻ നിയോഗത്തിന്റെ പ്രതിഫലനമാണ് 'വൺ ബിഗ് ബ്യൂട്ടിഫുൾ' എന്ന് റിപ്പബ്ലിക്കൻ സ്റ്റാറ്റർജിസ്റ്റ് സ്റ്റാൻലി ജോർജ്.

തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങൾ പൂർണമായി നടപ്പാക്കുന്ന ബില്ലിൽ അമേരിക്കൻ സാമ്പത്തിക, വ്യാവസായിക, ഉല്പാദന മേഖലകൾക്കും രാജ്യസുരക്ഷയ്ക്കും ജനക്ഷേമ പദ്ധതികൾക്കും ഊന്നൽ നല്കുന്നു.

ചരിത്രത്തിലെ തന്നെ വലിയ നികുതി ഇളവുകൾ പ്രഖ്യാപിച്ച ബിൽ കുട്ടികൾക്കുള്ള ചൈൽഡ് ടാക്സ് ക്രെഡിറ്റിന്റെ തുക ഉയർത്തി. പാർപ്പിട നികുതി ഗണ്യമായി വെട്ടിക്കുറച്ച് ബിൽ ആകർഷകമായി. അതിർത്തി സംരക്ഷണത്തിനായി 350 ബില്യൺ നീക്കിവെച്ച് രാജ്യസുരക്ഷ ഉറപ്പാക്കുന്നു.

അമേരിക്കയിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും അവരുടെ സോഷ്യൽ സെക്യൂരിറ്റിയിൽ സർക്കാർ ആയിരം ഡോളർ നിക്ഷേപിക്കുന്ന ട്രംപ് അക്കൗണ്ട് പ്രതീക്ഷ ഉണർത്തുന്നു. ഓവർടൈം, ടിപ്പ് വരുമാനങ്ങൾക്ക് നികുതി ഒഴിവാക്കിയത് അമേരിക്കൻ സർവീസ് വർക്കേഴ്സിന് വലിയ ആശ്വാസമേകി. സോഷ്യൽ സെക്യൂരിറ്റി ടാക്സ് ഇളവുകൾ നല്കി സീനിയേഴ്സിനെ ചേർത്തുപിടിക്കുന്നു.

ഊർജ്ജ സ്വാതന്ത്ര്യം, പരിസ്ഥിതി സംരക്ഷണം ലക്ഷ്യമിട്ട് വിവിധ സൗജന്യങ്ങളുണ്ട്. അമേരിക്കൻ നിർമ്മിത വാഹനങ്ങൾക്ക് ഏർപ്പെടുത്തിയ വലിയ പലിശയിളവും ഉൽപാദനവും തൊഴിൽ അവസരവും വർദ്ധിപ്പിക്കും.

ജനക്ഷേമ പദ്ധതികളായ മെഡികെയർ, ഫുഡ് സ്റ്റാമ്പ്, ക്യാഷ് കാർഡ് പുനഃപരിശോധന കർശനമാക്കിയത് നിലവിലുള്ള ദശലക്ഷക്കണക്കിന് ദുരുപയോഗവും തട്ടിപ്പ് വെട്ടിപ്പുകളും തടയും.

സർക്കാർ സംവിധാനങ്ങൾ ദുരുപയോഗപ്പെടുത്തി വഴിവിട്ട സൗജന്യങ്ങൾ നല്കി ജനങ്ങളെ വോട്ട്ബാങ്ക് ആക്കാനുള്ള ഇടതുപക്ഷ, ലിബറൽ അജണ്ടകൾക്കുള്ള പ്രഹരമാണ് ബിൽ എന്നും സ്റ്റാൻലി ജോർജ് പറഞ്ഞു.

# ഐപിസി ഫാമിലി കോൺഫറൻസ്: ചരിത്ര മുഹൂർത്തത്തിന് സാക്ഷിയാകാൻ കാനഡ ഒരുങ്ങി

**നിബു വെള്ളവന്താനം**

കാനഡ: ആൽബർട്ടയിലെ എഡ്മന്റണിലുള്ള മനോഹരമായ റിവർ ക്രീ റിസോർട്ടിൽ ജൂലൈ 17 മുതൽ 20 വരെ നടത്തപ്പെടുന്ന 20-ാമത് ഐപിസി ദേശീയ കുടുംബ സംഗമത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായി.

ജൂലൈ 17 വ്യാഴാഴ്ച വൈകിട്ട് 6.30 -ന് നടത്തപ്പെടുന്ന പ്രാരംഭ സമ്മേളനം നാഷണൽ കൺവീനർ പാസ്റ്റർ സാം വർഗീസ് ഉദ്ഘാടനം ചെയ്യും. "ഇതാ! അവിടുന്ന് വാതിൽക്കൽ" എന്നുള്ളതാണ് കോൺഫറൻസ് ചിന്താ വിഷയം.

വിശ്വാസികൾക്ക് ആത്മീയ അനുഗ്രഹത്തിന്റെ ധന്യ നിമിഷങ്ങൾ സമ്മാനിക്കാൻ പാസ്റ്റർമാരായ കെ.ജെ. തോമസ്, പി.ടി. തോമസ്, നിരൂപ് അൽഫോൺസ്, സിസ്റ്റർ അക്സാ പീറ്റേഴ്സൺ, സിസ്റ്റർ ഷൈനി തോമസ് തുടങ്ങിയവരെ കൂടാതെ വടക്കേ അമേരിക്കയിലും കാനഡയിലുമുള്ള മറ്റ് നിരവധി അനുഗ്രഹീത ദൈവദാസന്മാർ സമ്മേളനത്തിലുടനീളം വിവിധ സെക്ഷനുകളിൽ ദൈവവചനം ശുശ്രൂഷിക്കും.

നാഷണൽ സെക്രട്ടറി ബ്രദർ ഫിന്നി ഏബ്രഹാം, നാഷണൽ ട്രഷറാർ ബ്രദർ ഏബ്രഹാം മോനീസ് ജോർജ്, യൂത്ത് കോ-ഓർഡിനേറ്റർ റോബിൻ ജോൺ, വിമൻസ് കോ-ഓർഡിനേറ്റർ സിസ്റ്റർ സൂസൻ ജോൺസൺ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിപുലമായ ക്രമീകരണങ്ങളാണ് നടന്നുവരുന്നതെന്ന് മീഡിയ കോ-ഓർഡിനേറ്റർ നിബു വെള്ളവന്താനം അറിയിച്ചു.

കാനഡയിൽ വെച്ച് ആദ്യമായി നടത്തപ്പെടുന്ന കോൺഫറൻസ് ചരിത്ര മുഹൂർത്തമാക്കുവാനും വിവിധ സംസ്ഥാനങ്ങളിൽ നിന്ന് കടന്നുവരുന്ന ആയിരക്കണക്കിന് വിശ്വാസികളെ സ്വീകരിക്കുവാനും നാഷണൽ - ലോക്കൽ തലത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റികൾ അക്ഷീണം പരിശ്രമിച്ചു കൊണ്ടിരിക്കുന്നു.

ഇംഗ്ലീഷിലും കൂടാതെ ആദ്യമായി നടത്തപ്പെടുന്ന ഹിന്ദി സെക്ഷനുകളിലും അവിസ്മരണീയമായ മാധുര്യമേറുന്ന ആത്മീയ ഗാനങ്ങൾ ആലപിക്കാൻ ബ്രദർ ഷെൽഡൻ ബംഗാരയുടെ നേതൃത്വത്തിൽ മികച്ച ഗായകസംഘം സംഗീത ശുശ്രൂഷകൾക്കായി എത്തിച്ചേരും. നാഷണൽ ക്വയർ ലീഡേഴ്സായ ലിജോ മാത്യു, ജോൺസ് ഉമ്മൻ എന്നിവരുടെ നേതൃത്വത്തിൽ സ്റ്റെഫിൻ, ഫിജോ, ജിനു, റെനി, സനീഷ്, ബിനോ, അനു എന്നിവർ ഗാനശുശ്രൂഷകൾക്കു നേതൃത്വം നൽകുകയും സോണി വർഗീസിന്റെ നേതൃത്വത്തിലുള്ള സംഗീതജ്ഞർ ഗാന ശുശ്രൂഷയിൽ സഹായിക്കുന്നതുമായിരിക്കും.

മറക്കാനാവാത്ത ആത്മീയ അനുഭവങ്ങളിലേക്ക് കൈ പിടിച്ചുയർത്തുവാൻ ഉതകുന്ന ശുശ്രൂഷകളുമാണ് പങ്കെടുക്കുന്നവർക്കായി ഒരുക്കിയിരിക്കുന്നത്.






അമേരിക്കയിലും കാനഡയിലുമായി ചിതറിക്കിടക്കുന്ന നൂറുകണക്കിന് ഐപിസി സഭകളിൽ നിന്നുള്ള ആയിരക്കണക്കിന് വിശ്വാസികൾ ഈ മഹാ സമ്മേളനത്തിൽ പങ്കെടുക്കും.

അതിമനോഹരമായ പ്രകൃതി സൗന്ദര്യത്തിന് പേരുകേട്ട ആൽബെർട്ടയിൽ, ഗാംഭീര്യമുള്ള റോക്കി പാറക്കെട്ടുകൾ മുതൽ ബാൻസ് നാഷണൽ പാർക്ക്, ജാസ്പർ, ലേക്ക് ലൂയിസ് എന്നീ പ്രദേശങ്ങളുടെ ശാന്തമായ പ്രകൃതി ദൃശ്യങ്ങൾ വരെ ആസ്വദിക്കുവാൻ കഴിയുന്ന സ്ഥലത്താണ് കോൺഫറൻസ് നടത്തപ്പെടുന്നത് എന്നുള്ളത് പ്രത്യേകതയാണ്.

ഐപിസി ഫാമിലി കോൺഫറൻസിന്റെ കഴിഞ്ഞ 20 വർഷത്തെ ചരിത്രം ഉൾപ്പെടുത്തിയ സുവനീർ പ്രകാശനകർമ്മം സമ്മേളനത്തിൽ നിർവഹിക്കും. ചീഫ് എഡിറ്റർ രാജൻ ആര്യപ്പള്ളിൽ അദ്ധ്യക്ഷത വഹിക്കും.

കോൺഫറൻസിനോട് അനുബന്ധിച്ച് വിവിധ യോഗങ്ങൾ ഉണ്ടായിരിക്കും.

പ്രാദേശികമായി ക്രമീകരിക്കുന്ന പരസ്യയോഗങ്ങളും ട്രാക്ട് വിതരണവും ഈ കോൺഫറൻസിന്റെ ഒരു പ്രത്യേകതയാണ്.

അമേരിക്കൻ ഐക്യനാടുകളിലേക്ക് കുടിയേറി പാർത്ത ഇന്ത്യ പെന്തക്കോസ്ത് ദൈവസഭ വിശ്വാസികളുടെ ഈ കൂടിവരവ് ഭാരതത്തിന് വെളിയിൽ നടത്തപ്പെടുന്ന ഏറ്റവും വലിയ ഐപിസി സമ്മേളനം കൂടിയാണ്.

ദൈവസ്നേഹത്തിന്റെയും സത്യസുവിശേഷത്തിന്റെയും മകുടോദാഹരണമായി ദൈവ ജനത്തിന്റെ ഐക്യതയും സാഹോദര്യവും വിളിച്ചോതിക്കൊണ്ട്, രണ്ട് പതിറ്റാണ്ടിലേക്ക് പ്രവേശിക്കുന്ന ഈ കോൺഫറൻസ് അനുഗ്രഹമായി തീരും എന്നുള്ള പ്രതീക്ഷയിലാണ് സംഘാടകർ.

# ജനസ്നേഹത്തിന്റെ ജ്യോതി: ഉമ്മൻ ചാണ്ടി ഓർമ്മയായ രണ്ട് വർഷങ്ങൾ

ജിനു കുര്യൻ പാമ്പാടി

കോട്ടയം: 2023 ജൂലൈ 18-ന് ഉമ്മൻ ചാണ്ടിയുടെ വിടപറയൽ, കേരളത്തിന് അതിജീവിക്കാനാകാത്ത ഒരു നഷ്ടമായിരുന്നു. അന്ന് നേരം പുലർന്നപ്പോൾ കരഞ്ഞത് കേരളം മാത്രമായിരുന്നില്ല. എവിടെയെല്ലാം മലയാളികളുടെ വേരുകളുണ്ടോ അവിടെയെല്ലാം നൊമ്പരം തളംകെട്ടി നിന്നു. തിരക്കുകളില്ലാതെ ഉമ്മൻ ചാണ്ടി തലസ്ഥാനത്ത് അവസാനമായി എത്തിയപ്പോഴും ആൾക്കൂട്ടത്തിന് നടുവിൽ തന്നെയായിരുന്നു അദ്ദേഹം. ആരോടും മിണ്ടാതെ പുഞ്ചിരിതൂകി അന്ത്യയാത്രക്കൊരുങ്ങുന്ന ഉമ്മൻചാണ്ടിയെ നോക്കി ആൾക്കൂട്ടം അലറിവിളിച്ചു. 'കണ്ണേ കരളേ ഉമ്മൻചാണ്ടി... ജീവിക്കുന്നു ഞങ്ങളിലൂടെ'. മുഖ്യമന്ത്രിയായിരിക്കെ ജനസമ്പർക്ക പരിപാടിയിലൂടെ പരിഹാരം കണ്ടത് ആയിരങ്ങളുടെ ആവലാതികൾക്കായിരുന്നു. ഏറ്റവും കൂടുതൽ കാലം നിയമസഭാ സാമാജികനായിരുന്നതിന്റെ റെക്കോർഡ് സ്വന്തമാക്കിയെന്നതിനെക്കാൾ സാധാരണക്കാരുടെ ഹൃദയത്തിൽ ഓർമ്മകളുടെ സിംഹാസനമൊരുക്കിയാണ് അദ്ദേഹം വിടവാങ്ങിയത്. ഉമ്മൻ ചാണ്ടിയെ കാണാൻ വന്നിരുന്ന നിർധനരും നിരാശ്രയരുമായ പതിനായിരങ്ങളുടെ മുഖത്ത് വിരിഞ്ഞ പുഞ്ചിരി തന്നെയാണ് അദ്ദേഹത്തിനുള്ള ഏറ്റവും വലിയ സ്മരണാഞ്ജലി.

ഉമ്മൻ ചാണ്ടിയുടെ വിയോഗം പാർട്ടി രേഖകളിലോ രാഷ്ട്രീയ പരിധികളിലോ ഒതുങ്ങിയില്ല. അത് എല്ലാവരുടെയും ഒരു ആഴമാർന്ന ദുഃഖമായി അവശേഷിച്ചു. പുതുപ്പള്ളി, അദ്ദേഹത്തിന്റെ സ്വന്തം നിലം, ഇന്നും അദ്ദേഹത്തിന്റെ ശ്വാസനാദം വഹിക്കുന്നു. അദ്ദേഹത്തിന്റെ സ്മൃതിസ്ഥലത്ത് ദിവസേന ഒത്തുകൂടുന്ന ജനങ്ങൾ, 'ജനനേതാവ്' എന്ന അർത്ഥത്തിന് പുതിയ



അളവുകൾ നൽകുന്ന മുഖത്തെ എല്ലായ്പ്പോഴും ഓർത്തുകൊണ്ടിരിക്കുന്നു.

ജനങ്ങൾക്കായി നിലകൊണ്ട രാഷ്ട്രീയത്തിന്റെ ജീവനാഡിയായിരുന്ന നേതാവായിരുന്നു അദ്ദേഹം. ബഹുദൂരം അതിവേഗം സഞ്ചരിച്ച ഉമ്മൻ ചാണ്ടിയുടെ ജീവിതം സ്നേഹത്തിലും മനുഷ്യത്വത്തിലും അധിഷ്ഠിതമായ രാഷ്ട്രീയ ശുദ്ധിയുടെ പ്രതീകം.


ഉമ്മൻ ചാണ്ടിയുടെ മുഖം ഒരിക്കലും മറക്കാനാകില്ല. അദ്ദേഹത്തിന്റെ ശബ്ദം, കൈവശമുള്ള സ്നേഹസ്പർശം, ജനങ്ങൾക്കായി അദ്ദേഹം പ്രകടിപ്പിച്ച അനന്തമായ പ്രതിബദ്ധത. ഇവയെല്ലാം ഓരോ മലയാളിയുടെയും മനസ്സിൽ നിലനിൽക്കുന്ന ജ്വലിക്കുന്ന ഓർമ്മകളായി തുടരുന്നു.

ആൾക്കൂട്ടമായിരുന്നു ആ മനുഷ്യനെന്നത് സത്യമാണ്. ആൾക്കൂട്ടത്തിന്റെ നടുവിൽ ജീവിച്ചു, അതിനോട് ചേർന്ന് തന്നെ നിലകൊണ്ടു. കരോട്ടു വള്ളക്കാലിൽ കുഞ്ഞൂഞ്ഞിനെ, വീട്ടുകാരുടെ സണ്ണിയെ, ഉമ്മൻ ചാണ്ടിയെന്ന നേതാവാക്കി തീർത്തത് ആ ജനങ്ങൾ തന്നെയാണ്. കല്പറ്റ നാരായണന്റെ വാക്കുകൾ കടമെടുത്താൽ: "മത്സ്യം ജലത്തിൽ എന്നപോലെ ഉമ്മൻ ചാണ്ടി ആൾക്കൂട്ടത്തിന്റെ നടുവിൽ സ്വസ്ഥനായിരുന്നു."

ബഹുദൂരങ്ങളിലെ തിരക്കുകളിൽ നിന്നെല്ലാം ഒഴിഞ്ഞ് ഉമ്മൻ ചാണ്ടി ഇപ്പോൾ ശാന്തമായി ഉറങ്ങാൻ തുടങ്ങിയിട്ട് രണ്ട് വർഷം തികയുമ്പോഴും, പനിനീർ പുഷ്പങ്ങളുമായി ആൾക്കൂട്ടം അദ്ദേഹത്തിന്റെ കല്ലറയ്ക്ക് ചുറ്റും ഒത്തുകൂടിക്കൊണ്ടിരിക്കുന്നു. കേരള രാഷ്ട്രീയത്തിൽ നിറഞ്ഞുനിന്ന ഉമ്മൻ ചാണ്ടി, ഇന്നും ഒരിക്കലും നികത്താൻ കഴിയാത്ത ഒരു വിടവായി നിലകൊള്ളുന്നു.

**ജനങ്ങൾക്ക് വേണ്ടി ജീവിച്ച നേതാവ്**

അധികാരത്തിൽ ഇരുന്നതിന്റെ ഭാരം ഒരിക്കലും പ്രകടിപ്പിക്കാത്ത നേതാവായിരുന്നു ഉമ്മൻ ചാണ്ടി. ഉറക്കമില്ലാതെ നടത്തിയ ജനസദസ്സുകൾ, രാത്രിയും പകലുമായി നടത്തിയ ആശയവിനിമയങ്ങൾ, വാക്കുകൾക്കപ്പുറം പ്രവൃത്തികളിലൂടെ നടത്തിയ സഹായങ്ങൾ ഇവയൊക്കെ അദ്ദേഹത്തെ സാധാരണ നേതാക്കളിൽനിന്ന് വേറിട്ട ഒരു ജനസമ്മത നേതാവായി മാറ്റി. ഉമ്മൻ ചാണ്ടി പലപ്പോഴും ആവർത്തിച്ച വാക്കുകളാണ്: "ജനങ്ങളുടെ ക്ഷേമം മാത്രമാണ് എന്റെ രാഷ്ട്രീയം". അത് വെറുതെയായിരുന്നില്ല അദ്ദേഹം ജീവിച്ചു കാണിച്ച സത്യമായിരുന്നു അത്.



ലേഖകൻ

"ഞാൻ ജനങ്ങളിലേക്കുള്ള ഒരു വഴി മാത്രമാണ്" ഇത് അദ്ദേഹം അഭിമാനപൂർവം പറഞ്ഞതാണ്, അതിലൂടെയാണ് അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതം മുഴുവൻ മുന്നേറിയത്.

സങ്കടങ്ങൾ അനുഭവിക്കുന്നവരെ കൈപിടിച്ച് ഉയർത്താൻ എത്ര ദൂരം പോകാനും അദ്ദേഹത്തിന് മടിയുണ്ടായിരുന്നില്ല. അദ്ദേഹം ഉറങ്ങിയില്ല, സമയമില്ലെന്നു പറഞ്ഞു മാറിനിന്നില്ല, മുടി ചീകിയില്ല, വസ്ത്രം ഇസ്തിരി ചെയ്തില്ല, എന്നാലോ മനുഷ്യന്റെ കണ്ണുനീർ അകറ്റാൻ ഓരോ പടിയും അദ്ദേഹം കയറി.

വിമർശിച്ചവരും കല്ലെറിഞ്ഞവരും പോലും അദ്ദേഹത്തിന്റെ അന്ത്യയാത്രയിൽ അനുഗമിച്ചത്, ഉമ്മൻ ചാണ്ടിയെന്ന വ്യക്തിയെ കാലം അടയാളപ്പെടുത്തുന്നതിന്റെ ദൃശ്യമായി മാറി.

ഒരു കാലഘട്ടം അവസാനിച്ചു, പക്ഷേ... ഓർമ്മയുടെ ജ്വാല ഇപ്പോഴും തെളിഞ്ഞുനില്ക്കുന്നു. ഒരു നേതാവിനേക്കാൾ മുമ്പേ ഒരു നല്ല മനുഷ്യനായിരുന്നു ഉമ്മൻ ചാണ്ടി. അദ്ദേഹത്തെ നമുക്ക് നഷ്ടമായിട്ട് രണ്ട് വർഷം കഴിഞ്ഞപ്പോൾ പോലും, ജനങ്ങളുടെ ഹൃദയത്തിൽ അദ്ദേഹം അതേപോലെ തുടരുന്നു.

ഹൃദയത്തിൽ പാർക്കാൻ അദ്ദേഹത്തിന് ഇടം നൽകിയ ആൾക്കൂട്ടം, ഇന്നും ആ ഓർമ്മയുടെ ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നു. "സത്യമായും ഈ മനുഷ്യൻ നീതിമാനാണ്" എന്ന ബൈബിൾ തിരുവെഴുത്തു ആലേഖനം ചെയ്ത അദ്ദേഹത്തിന്റെ കല്ലറയ്ക്ക് സമീപം മെഴുകുതിരികൾ എരിയുന്നു. അവ ഓരോന്നിലും ഉമ്മൻ ചാണ്ടിയുടെ ജീവിതത്തിന്റെ പ്രകാശം തെളിയുന്നു.

ഉമ്മൻ ചാണ്ടി എന്നും ഓർമ്മയിൽ.

## ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂളിന് ക്വീൻസ് ഇടവകയിൽ പരിസമാപ്തി

ജോസഫ് പാപ്പൻ

ന്യൂയോർക്ക്: മലങ്കര ഓർത്തഡോക്സ് സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസനത്തിലെ ബ്രൂക്ലിൻ, ക്വീൻസ്, ലോങ് ഐലൻഡ് ഏരിയായിലുള്ള ഇടവകകളുടെ ഈ വർഷത്തെ ഒവിബിഎസ് ക്ലാസുകൾ ക്വീൻസ് സെന്റ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ ജൂൺ 30 മുതൽ ജൂലൈ 2 വരെ നടത്തപ്പെട്ടു.



സൺഡേസ്കൂൾ ഏരിയ കോ-ഓർഡിനേറ്റർ മിനി കോശിയുടെയും ഒവിബിസ് കോ-ഓർഡിനേറ്റർ സൗമ്യ മാത്യുവിന്റെയും നേതൃത്വത്തിൽ ഇരുനൂറോളം കുട്ടികളും അൻപതിലധികം അധ്യാപകരും വോളന്റിയേഴ്സും ഈ വർഷത്തെ ഒവിബിഎസ് അവിസ്മരണീയമാക്കി. വെരി റവ. പൗലോസ് ആദായി കോർ എപ്പിസ്കോപ്പ, റവ. ഫാ. ജോൺ തോമസ്, റവ. ഫാ. സി.കെ. രാജൻ, റവ. ഫാ. ഏബ്രഹാം ഫിലിപ്പ്, റവ. ഫാ. ഡെന്നിസ് മത്തായി, ഇടവക വികാരി റവ. ഫാ. ജെറി വർഗീസ് എന്നിവരുടെ സാന്നിദ്ധ്യം ഏറെ അനുഗ്രഹപ്രദമായിരുന്നു. ആത്മീയ ഉത്തേജനം നൽകുന്ന ക്ലാസുകളും പാട്ടുകളും ആക്ഷൻ സോങ്ങുകളും വർണ്ണാഭമായ ഒവിബിഎസ് റാലിയും മൂന്നു ദിവസം നീണ്ടുനിന്ന ഒവിബിഎസ് ക്ലാസുകളിലൂടെ കുട്ടികൾക്ക് ആസ്വാദ്യവും അനുഗ്രഹപ്രദവുമായ അനുഭവമായി മാറി.



# ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ഹിൽട്ടൺ സ്റ്റാംഫോർഡിൽ സാംസ്കാരിക ഘോഷയാത്രയോടെ ആരംഭിച്ചു

**ഉമ്മൻ കാപ്പിൽ & ജോർജ് തുമ്പയിൽ**

സ്റ്റാംഫോർഡ്: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് ജൂലൈ ഒൻപതിന് ഹിൽട്ടൺ സ്റ്റാംഫോർഡ് ഹോട്ടൽ ആൻഡ് മീറ്റിംഗ് സെൻ്ററിൽ ഇന്ത്യൻ സംസ്കാരത്തെയും ഓർത്തഡോക്സ് ക്രിസ്ത്യൻ പാരമ്പര്യത്തെയും ആഘോഷിക്കുന്ന ഊർജസ്വലമായ ഉദ്ഘാടന ഘോഷയാത്രയോടെ ആരംഭിച്ചു.

ഭദ്രാസന മെത്രാപ്പോലീത്ത സഖറിയാ മാർ നിക്കളാവോസിൻ്റെ സാന്നിധ്യത്താൽ ഘോഷയാത്ര അനുഗ്രഹീതമായി. ഭദ്രാസന ഭാരവാഹികൾ ഫാ. ഡോ. വർഗീസ് എം. ഡാനിയേൽ (ഭദ്രാസന സെക്രട്ടറി), കെ.ജി. ഉമ്മൻ (മലങ്കര സഭാ മാനേജിംഗ് കമ്മിറ്റി അംഗം), ഭദ്രാസന കൗൺസിൽ അംഗങ്ങളായ ഫാ. വിജയ് തോമസ്, ജോബി ജോൺ, ഷെയ്ൻ ഉമ്മൻ, ബിജോ തോമസ്, ഉമ്മൻ കാപ്പിൽ എന്നിവരും പങ്കെടുത്തു. ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസ് കോർ ടീമിലെ അംഗങ്ങൾ കോ-ഓർഡിനേറ്റർ ഫാ. അബു പീറ്റർ, സെക്രട്ടറി ജെയ്സൺ തോമസ്, ട്രഷറർ ജോൺ താമരവേലിൽ, സുവനീർ എഡിറ്റർ ജെയ്സി ജോൺ, ഫിനാൻസ് മാനേജർ ഫിലിപ്പ് തങ്കച്ചൻ, അസിസ്റ്റൻ്റ് ട്രഷറർ ലിസ് പോത്തൻ, അസിസ്റ്റൻ്റ് സെക്രട്ടറി ഡോ. ഷെറിൻ എബ്രഹാം എന്നിവരും നേതൃത്വം നൽകി.

കോൺഫറൻസിലെ മുഖ്യ പ്രഭാഷകരായ ഫാ. ഡോ. നൈനാൻ വി ജോർജ്, ഫാ. ഡോ. തിമോത്തി (ടെന്നി) തോമസ്, ഫാ. ജോൺ (ജോഷ്വ) വർഗീസ്, ഡീക്കൻ അന്തോണിയോസ് (റോബി) ആൻ്റണി ഭദ്രാസനത്തിലുടനീളമുള്ള ഇടവകകളിൽനിന്നുള്ള വൈദികരും വിശ്വാസികളും ഘോഷയാത്രയിൽ പങ്കുചേർന്നു. പരമ്പരാഗത വസ്ത്രങ്ങൾ ധരിച്ചും വർണ്ണാഭമായ കുടകൾ പിടിച്ചും പങ്കെടുത്തവർ മനോഹരമായ ദൃശ്യപ്രദർശനം സൃഷ്ടിച്ചു. അതേസമയം ചെണ്ടമേളത്തിൻ്റെ താളാത്മകത എല്ലാ പ്രായത്തിലുമുള്ള ജനക്കൂട്ടത്തെ ആനന്ദിപ്പിച്ചു. കോ-ഓർഡിനേറ്റർമാരായ രാജൻ പടിയറയും എബ്രഹാം പോത്തനും കൃത്യതയോടെയും ശ്രദ്ധയോടെയും ഘോഷയാത്രയുടെ ക്രമീകരണങ്ങൾ നയിച്ചു.



















വൈദികരുടെ പിന്തുണയോടെ, സായാഹ്ന പ്രാർത്ഥനാ ശുശ്രൂഷയ്ക്ക് മാർ നിക്കളാവോസ് നേതൃത്വം നൽകി. പ്രാർത്ഥനയ്ക്ക് ശേഷം, ഫാ. അബു പീറ്റർ സദസ്സിനെ സ്വാഗതം ചെയ്തു. മാർ നിക്കളാവോസ് ഉദ്ഘാടന പ്രസംഗം നടത്തി.

തുടർന്ന്, കോൺഫറൻസിലെ മുഖ്യ പ്രഭാഷകനായ ഫാ. ഡോ. നൈനാൻ വി. ജോർജ് ആമുഖപ്രസംഗം നടത്തി.

തിരുമേനിയും മറ്റ് വിശിഷ്ട വ്യക്തികളും ചേർന്ന് വിളക്ക് കൊളുത്തി കോൺഫറൻസിൻ്റെ ഔപചാരിക ഉദ്ഘാടനം നിർവഹിച്ചു.

സമ്മേളനം യാഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാവർക്കും കോൺഫറൻസ് ട്രഷറർ ജോൺ താമരവേലിൽ ഹൃദയംഗമമായ നന്ദി അറിയിച്ചു. ഫാ. ഡോ. ബാബു കെ. മാത്യുവിൻ്റെ നേതൃത്വത്തിൽ ന്യൂജേഴ്സി ഏരിയ ഇടവകകളുടെ ഗായകസംഘത്തിൻ്റെ ഹൃദ്യമായ ഗാനാലാപം സദസ്സിൽനിന്ന് മികച്ച സ്വീകാര്യത നേടി.

ദീപ്തി മാത്യു വൈകുന്നേരത്തെ ചടങ്ങിൻ്റെ മാസ്റ്റർ ഓഫ് സെറിമണി ആയി സേവനം അനുഷ്ഠിച്ചു. വിവിധ പ്രായക്കാർക്കുള്ള സെഷനുകളും തുടർന്ന് ഉച്ചകഴിഞ്ഞ് കായിക വിനോദവും ഉൾപ്പെടെ പൂർണ്ണ ഷെഡ്യൂളോടെ സമ്മേളനം നടത്തി.

സമ്മേളനത്തിലുടനീളമുള്ള എല്ലാ ആരാധനാക്രമ ശുശ്രൂഷകളും ഇംഗ്ലീഷിലും മലയാളത്തിലും നടത്തി. കോൺഫറൻസ് ജൂലൈ 12-ന് ശനിയാഴ്ച അവസാനിച്ചു.



# മാർ അപ്രേം മെത്രാപ്പോലീത്ത ഓർമ്മയായി



പി.പി. ചെറിയാൻ

തൃശൂർ: അഞ്ചു പതിറ്റാണ്ടുകളായി ഇന്ത്യയിലെ അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റിനെ നയിച്ച മാർ അപ്രേം മെത്രാപ്പോലീത്ത ഓർമ്മയായി. നർമ്മബോധത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും ആൾരൂപമായിരുന്ന മാർ അപ്രേം തൃശൂരിന്റെ സാംസ്കാരിക രംഗത്ത് നിറസാന്നിദ്ധ്യമായിരുന്നു.

എഴുപതിലേറെ പുസ്തകങ്ങളുടെ കർത്താവായ അദ്ദേഹത്തിന് സിത്താറിലും പ്രാവീണ്യമുണ്ടായിരുന്നു. സഭകൾ തമ്മിലുള്ള തർക്കം സമവായത്തിലെത്തിച്ചതാണ് മാർ അപ്രേമിന്റെ വലിയ സംഭാവന. ശത്രുതാഭാവത്തിലായിരുന്ന കത്തോലിക്കാ സഭയുമായി പൗരസ്ത്യ സഭയെ അടുപ്പിച്ചതും അപ്രേമിന്റെ ക്ഷമയോടെയുള്ള പ്രവർത്തനമായിരുന്നു. പരസ്പരം സ്നേഹിക്കുക, സഹകരിക്കുക എന്നതായിരുന്നു അദ്ദേഹം എപ്പോഴും പറഞ്ഞുകൊണ്ടിരുന്നത്.

1940 ജൂൺ 13-ന് ബ്രിട്ടീഷ് ഇന്ത്യയുടെ കീഴിലുള്ള കൊച്ചി രാജ്യത്തായിരുന്ന തൃശൂരിലാണ് ജോർജ് മൂക്കൻ എന്ന പേരിൽ മെത്രാപ്പോലീത്ത ജനിച്ചത്. തൃശൂരിലെ മൂക്കൻ തറവാട്ടിൽ ദേവസ്സിയുടെയും കൊച്ചുമറിയത്തിന്റെയും നാലാമത്തെ മകനായി 1940 ജൂൺ 13-നായിരുന്നു ജനനം. ജോർജ് ഡേവിസ് മൂക്കൻ എന്നായിരുന്നു ആദ്യനാമം.

തൃശൂർ സിഎംഎസ് എൽ.പി. സ്കൂളിലും കാൽഡിയൻ സിറിയൻ സ്കൂളിലുമായിരുന്നു വിദ്യാഭ്യാസം. ഉയർന്ന മാർക്കോടെ സ്കൂൾ പരീക്ഷ പാസായി സെന്റ് തോമസ് കോളജിൽ ഇന്റർമീഡിയറ്റിനു ചേർന്നു. ജബൽപൂരിലെ ലിയോനാർഡ് തിയോളജിക്കൽ കോളജിൽ ദൈവശാസ്ത്രം പഠിച്ചു. 1961 ജൂൺ 25-ന് അദ്ദേഹം ഡീക്കനായും 1965 ജൂൺ 13-ന് പുരോഹിതനായും സ്ഥാനമേറ്റു.

ഇന്ത്യ, ഇംഗ്ലണ്ട്, അമേരിക്ക എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നേടിയ മാർ അപ്രേം സഭാ ചരിത്രത്തിൽ വൈദഗ്ദ്ധ്യം നേടി. ബാംഗ്ലൂരിലെ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്നും ന്യൂയോർക്കിലെ യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ നിന്നും അദ്ദേഹം സഭാ ചരിത്രത്തിൽ ബിരുദാനന്തര ബിരുദം നേടി.

1968 സെപ്റ്റംബർ 21-ന് പുരാതന സഭയുടെ കാതോലിക്കോസ് പാത്രിയാർക്കീസ് മാർ തോമാ ഡാർമോ അദ്ദേഹത്തെ ബിഷപ്പായി വാഴിച്ചു. മാർ അപ്രേം മൂക്കൻ എന്ന പേര് സ്വീകരിച്ച അദ്ദേഹം എട്ട് ദിവസത്തിന് ശേഷം ബാഗ്ദാദിൽ വെച്ച് പുരാതന സഭയുടെ മെത്രാപ്പോലീത്തയായി സ്ഥാനക്കയറ്റം നേടി.

1999-ൽ അദ്ദേഹം വീണ്ടും അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റിൽ ചേർന്നു. 1960-കൾ മുതൽ പാരമ്പര്യ നിയമങ്ങളെച്ചൊല്ലി സഭയിൽ വളർന്നുവന്ന വിള്ളൽ പരിഹരിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ചു. 1976-1982 കാലഘട്ടത്തിൽ അദ്ദേഹം ചർച്ച് ഹിസ്റ്ററി അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ചു.

തൃശൂരിലെ ഒരു പ്രമുഖ വ്യക്തിത്വമായിരുന്നു മാർ അപ്രേം. മതസൗഹാർദ്ദം അദ്ദേഹം പ്രോത്സാഹിപ്പിച്ചു. രസകരവും ജ്ഞാനവും നിറഞ്ഞ അദ്ദേഹത്തിന്റെ പ്രസംഗം കേരളത്തിലുടനീളം നിരവധി ആരാധകരെ നേടി. ഏകദേശം അഞ്ച് പതിറ്റാണ്ടോളം ഇന്ത്യയിലെ അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റിന്റെ തലവനായി അദ്ദേഹം സേവനമനുഷ്ഠിച്ചു.

അദ്ദേഹം 65-ഓളം പുസ്തകങ്ങൾ എഴുതിയിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ടത് ദൈവദശകം (ദൈവത്തിലേക്കുള്ള പത്ത് വാക്യങ്ങൾ: സാർവത്രിക പ്രാർത്ഥന) എന്ന സുറിയാനി വിവർത്തനമാണ്. 1914-ൽ സാമൂഹിക പരിഷ്കർത്താവായ നാരായണ ഗുരു എഴുതിയ ഒരു പ്രാർത്ഥനയാണിത്.

ഈ കവിത ഏതെങ്കിലും പ്രത്യേക മതത്തിലെ ഏതെങ്കിലും പ്രത്യേക ദേവതയെ അഭിസംബോധന ചെയ്യുന്നില്ല. പകരം, അദ്വൈത തത്ത്വചിന്തയിൽ വേരൂന്നിയ ഒരു സാർവത്രികവും കരുണാമയനുമായ ദൈവസങ്കല്പത്തെയാണ് ഇത് ഉദ്ധരിക്കുന്നത്. 2009-ൽ കേരള സർക്കാർ ഇത് ഇന്ത്യയുടെ ദേശീയ പ്രാർത്ഥനയായി ശുപാർശ ചെയ്തു. ഇത് കുറഞ്ഞത് 100 ഭാഷകളിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

മാർ അപ്രേം കേരള സർക്കാരുമായും ബുഡാപെസ്റ്റിലെ സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയുമായും സഹകരിച്ച് 180 അപൂർവവും പുരാതനവുമായ സിറിയൻ ഗ്രന്ഥങ്ങൾ ഡിജിറ്റൈസ് ചെയ്യുന്നതിനായി സെന്റ് എഫ്രേം എക്യുമെനിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവനായിരുന്നു.

സിറിയൻ ക്രിസ്ത്യാനികൾക്ക് വിശുദ്ധ തോമസ് അപ്പോസ്തലനുമായുള്ള ബന്ധം സ്ഥാപിക്കാൻ സഹായിക്കുന്ന ഒരു ചരിത്ര നേട്ടമായി



മെട്രോപൊളിറ്റൻ ഈ നീക്കത്തെ പ്രശംസിച്ചു. അപ്പോസ്തലനിൽ വിശ്വാസം കണ്ടെത്തുന്ന ക്രിസ്ത്യാനികളുമായി ബന്ധപ്പെട്ട രേഖകൾ കാറ്റലോഗ് ചെയ്യാനും ഡിജിറ്റൈസ് ചെയ്യാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. കത്തോലിക്കാ സഭ ഉൾപ്പെടെ പല വിഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന ഈ ക്രിസ്ത്യാനികൾക്കിടയിലുള്ള മതപരമായ ആചാരങ്ങളുടെ വേരുകൾ കണ്ടെത്താൻ അത് ആഗ്രഹിച്ചു.

വടക്കൻ ഇറാഖിലെ എർബിലിലാണ് അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റിന്റെ ആസ്ഥാനം. അതിന്റെ ഔദ്യോഗിക നാമം ഹോളി അപ്പസ്തോലിക് കാത്തലിക് അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ് എന്നാണ്. ഇത് ചരിത്രപരമായ ചർച്ച് ഓഫ് ദി ഈസ്റ്റിന്റെ പരമ്പരാഗത ക്രിസ്റ്റോളജിയും സഭാ ശാസ്ത്രവും പിന്തുടരുന്ന ഒരു കിഴക്കൻ സിറിയൻ ക്രിസ്ത്യൻ വിഭാഗമാണ്.

ഇത് സിറിയക് ക്രിസ്തുമതത്തിന്റെ കിഴക്കൻ ശാഖയിൽ പെടുന്നു. കൂടാതെ കിഴക്കൻ സിറിയക് ആചാരത്തിൽപ്പെട്ട വിശുദ്ധരായ അദ്ദായിയുടെയും മാരിയുടെയും ദിവ്യ ആരാധനാക്രമം ഉപയോഗിക്കുന്നു. ഇതിന്റെ പ്രധാന ആരാധനാഭാഷ ക്ലാസിക്കൽ സിറിയക് ആണ്. ഇത് കിഴക്കൻ അരാമിക് ഭാഷയുടെ ഒരു വകഭേദമാണ്. 1976 വരെ ഔദ്യോഗികമായി ചർച്ച് ഓഫ് ദി ഈസ്റ്റ് എന്നറിയപ്പെടുന്ന ഇതിനെ പിന്നീട് അസീറിയൻ ചർച്ച് ഓഫ് ദി ഈസ്റ്റ് എന്ന് പുനർനാമകരണം ചെയ്തു. 1975-ൽ ഷിമുൻ XXI എഷായുടെ മരണം വരെ അതിന്റെ പാത്രിയാർക്കേറ്റ് പാരമ്പര്യമായി തുടർന്നു.

പുരാതന സഭയുമായി തുടർച്ചയുണ്ടെന്ന് സഭ അവകാശപ്പെടുന്നു. കൂടാതെ കത്തോലിക്കാ, ഓറിയന്റൽ ഓർത്തഡോക്സ് അല്ലെങ്കിൽ കിഴക്കൻ ഓർത്തഡോക്സ് സഭകളുമായി കൂട്ടായ്മയിലല്ല. പതിനാറാം നൂറ്റാണ്ടിനും പത്തൊൻപതാം നൂറ്റാണ്ടിനും ഇടയിൽ ഹോളി സീയുമായി പൂർണ്ണ കൂട്ടായ്മയിൽ എത്തിയ യഥാർത്ഥ കിഴക്കൻ സഭയുടെ വിഭാഗമാണ് കൽദായ കത്തോലിക്കാ സഭ.

1994-ൽ കിഴക്കൻ സഭയും കത്തോലിക്കാ സഭയും തമ്മിലുള്ള പൊതു ക്രിസ്റ്റോളജിക്കൽ പ്രഖ്യാപനത്തിനും 2001-ൽ സഭകൾ തമ്മിലുള്ള ദൈവശാസ്ത്ര സംഭാഷണത്തിനും ശേഷം കത്തോലിക്കാ സഭയുടെ കിഴക്കൻ അസീറിയൻ സഭയും തമ്മിലുള്ള ദിവ്യകാരുണ്യത്തിൽ വിശ്വാസികൾക്ക് പരസ്പര പ്രവേശനം ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവർ തയ്യാറാക്കി.

കിഴക്കൻ അസീറിയൻ സഭയുടെ നിലവിലെ കാതോലിക്കോസ് പാത്രിയാർക്ക് മാർ ആവാ മൂന്നാമൻ 2021 സെപ്റ്റംബറിൽ വിശുദ്ധീകരിക്കപ്പെട്ടു.


കേരളാ എക്സ്പ്രസ്
വാരാന്ത്യം

കഴിഞ്ഞ 32 വർഷങ്ങളായി അമേരിക്കൻ മലയാളികളുടെ വാർത്തകളുടേയും ചിന്തകളുടേയും നേർപതിപ്പായ കേരളാ എക്സ്പ്രസ്സ് ഈ മാസം മുതൽ സാഹിത്യം, സിനിമ, യാത്രാക്കുറിപ്പുകൾ, സോഷ്യൽ മീഡിയ കുറിപ്പുകൾ എന്നിവയ്ക്കായി രണ്ട് പേജുകൾ നീക്കിവെയ്ക്കുന്നു.

കാച്ചിക്കുറുക്കിയ രചനകളാണ് കൂടുതലായും പരിഗണിക്കുക. മതപരമായ വിഷയങ്ങൾ ഒഴിവാക്കേണ്ടതാണ്. തിരക്കുകളുടെ ലോകത്ത് സജീവമായ മനുഷ്യന് ചുരുങ്ങിയ വാക്കുകളിൽ എല്ലാം കാണാനും കേൾക്കാനുമാണ് താല്പര്യം. എഴുതുന്നവർക്കും, എഴുതി തുടങ്ങുന്നവർക്കും കേരളാ എക്സ്പ്രസ്സിന്റെ ഈ പംക്തിയിലേക്ക് സ്വാഗതം.

രചനകൾ അയക്കുന്നവരുടെ പൂർണ്ണമായ മേൽവിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കേണ്ടതാണ്. യൂണിക്കോഡ് ഫോർമാറ്റിലാണ് രചനകൾ അയക്കേണ്ടത്. രചയിതാവിന്റെ ഫോട്ടോയും രചനകൾക്കൊപ്പം അയക്കേണ്ടതാണ്. ദീർഘമായ രചനകൾ അയയ്ക്കേണ്ടതില്ല. രചനകൾ പ്രസിദ്ധീകരിക്കുവാനുള്ള തീരുമാനം പൂർണ്ണമായും എഡിറ്റോറിയൽ ബോർഡിനായിരിക്കും.

രചനകൾ അയയ്ക്കേണ്ട വിലാസം:
news@keralaexpress.com



വഴിത്താരകൾ

കേരളാ എക്സ്പ്രസ്സിലെ ശ്രദ്ധേയമായ പംക്തി


നിങ്ങളുടെ ജീവിതം ഞങ്ങളോട് പറയാൻ താല്പര്യമുണ്ടോ?
വെറും ജീവിതമല്ല കേട്ടോ,
മറ്റുള്ളവർക്ക് വേണ്ടി മാറ്റിവെച്ച ജീവിതം,
മാതൃകയാക്കാവുന്ന ജീവിതം,
ഉണ്ടെങ്കിൽ മുഖത്ത് നോക്കി നിങ്ങളുടെ കഥ പറയാം

ഇതാ ഒരു സുവർണ്ണാവസരം..!
കേരളാ എക്സ്പ്രസിന്റെ 'വഴിത്താരകൾ' എന്ന പംക്തിയിലൂടെ

ഇനി ലോകം നിങ്ങളെ അറിയട്ടെ

വിശദവിവരങ്ങൾക്കായി കേരള എക്സ്പ്രസ്സ് എക്സിക്യൂട്ടീവ് എഡിറ്റർ ജോസ് കണിയാലിയുമായി (630)728-7956 ബന്ധപെടുക.

# ഉമ്മൻ ചാണ്ടി ഓർമ്മകളിലൂടെ...




എം.പി. ഫിലിപ്പ് വാണിയപ്പുരയ്ക്കൽ

ഒരാൾ വിശേഷണങ്ങൾക്ക് അപ്പുറത്തേക്ക് വളരുന്നത് അപൂർവമായി മാത്രം. പ്രത്യേകിച്ച് രാഷ്ട്രീയത്തിൽ. ഈ അപൂർവത കേരളത്തിന്റെ പൊതുജീവിതത്തിൽ സമ്മാനിച്ചിട്ടാണ് മുൻ മുഖ്യമന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ ഉമ്മൻ ചാണ്ടി നമ്മെ വിട്ടുപിരിഞ്ഞത്.

ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കെ മൂന്നു വർഷങ്ങളിലായി നടത്തിയ ബഹുജന സമ്പർക്ക പരിപാടി മാത്രം മതി ആ മനുഷ്യന്റെ ജനങ്ങളോടുള്ള കൂറ് വെളിവാക്കാൻ. നിയമസംവിധാനങ്ങൾ അനുവദിക്കുന്ന എല്ലാ സഹായങ്ങളും ജനങ്ങൾക്ക് പ്രത്യേകിച്ച്, പാവപ്പെട്ടവർക്ക് ലഭ്യമാക്കുക. അതായിരുന്നു ഉമ്മൻ ചാണ്ടിയുടെ ലക്ഷ്യം. ഏകദേശം 11 ലക്ഷത്തോളം പേരാണ് കേരളത്തിൽ അങ്ങോളമിങ്ങോളം സംഘടിപ്പിക്കപ്പെട്ട ബഹുജന സമ്പർക്ക പരിപാടിയിൽ പങ്കെടുത്തത്.

ചുവപ്പ്നാട ഇല്ലാതെ മിനിറ്റുകൾകൊണ്ട് ഫയൽ തീർപ്പാക്കലാണ് ആ പരിപാടിയിൽ ഉടനീളം നടന്നത്. തിരുവനന്തപുരം മുതൽ കോട്ടയം പുതുപ്പള്ളി വരെയുള്ള തെരുവീഥികളിലേക്ക് ഒഴുകിയെത്തിയ ജനതതി തന്നെയാണ് ഉമ്മൻ ചാണ്ടിയുടെ ജീവിത സാക്ഷ്യം. ഉമ്മൻ ചാണ്ടിയെന്ന അതികായനെ അവസാനമായി ഒരുനോക്കു കാണാൻ ഉറക്കമൊഴിഞ്ഞ് ജനങ്ങൾ കാത്തുനിന്നപ്പോൾ എം.സി. റോഡ് അക്ഷരാർത്ഥത്തിൽ ജനസാഗരമായി. തിരുവനന്തപുരത്തുനിന്നും കോട്ടയത്തേക്കുള്ള 150 കിലോമീറ്റർ കടക്കാൻ ആ വിലാപയാത്രയ്ക്ക് വേണ്ടിവന്നത് 27 മണിക്കൂറായിരുന്നു.



കേരളത്തിലെ പാവപ്പെട്ട കുടുംബങ്ങളിലെ കാതു കേൾക്കാത്ത കുട്ടികൾക്ക് ഇന്ന് കേൾവിശക്തിയുണ്ടെങ്കിൽ അതിന് ഒരേയൊരാളാണ് കാരണം-ഉമ്മൻ ചാണ്ടി. അസ്ന എന്ന പെൺകുട്ടി ഒരു ഹോമിയോ ഡോക്ടറായി മിടുക്കിയായി ജീവിക്കുന്നെങ്കിൽ അതിന് ഒരേയൊരാൾ മാത്രമാണ് കാരണം- ഉമ്മൻ ചാണ്ടി. റോഡിലെ ചവറുകൂനകളിൽ നിന്നും എന്തെങ്കിലുമൊക്കെ ശേഖരിച്ച് വിറ്റ് ജീവിച്ചിരുന്ന അമാവാസി എന്ന ഒൻപതു വയസ്സുകാരന് രാഷ്ട്രീയാക്രമികൾ ഒരുക്കിവെച്ചിരുന്ന സ്റ്റീൽ ബോംബ് പൊട്ടി ഒരു കൈ നഷ്ടപ്പെട്ടപ്പോൾ അവന് ജീവൻ നല്കി അവനെ പൂർണ്ണചന്ദ്രനാക്കിയത് ആരാണ്- ഉമ്മൻചാണ്ടി. അങ്ങനെ എത്രയെത്ര പേർ. മനുഷ്യർക്ക് ഏത് അർദ്ധരാത്രിയിലും വിളിച്ച് സങ്കടം പറയാവുന്ന ഒരു മുഖ്യമന്ത്രി.

കേരളത്തിലെ സാംസ്കാരിക ലോകത്തോടും രാഷ്ട്രീയലോകത്തോടും ഏറെ ആദരവോടെ പെരുമാറിയ ഉമ്മൻ ചാണ്ടി പ്രവാസികളോട് സവിശേഷമായ സ്നേഹവായ്പ് കാട്ടിയിട്ടുള്ള നേതാവ് കൂടിയായിരുന്നു. അവിടെയെല്ലാം അദ്ദേഹത്തെ നയിച്ചത് ഒരു പ്രമാണമായിരുന്നു. ദൈവം മനുഷ്യന് കഴിവുകളും സ്ഥാനങ്ങളുമെല്ലാം നല്കുന്നത് അന്യർക്ക് നന്മ ചെയ്യാനാണെന്ന പ്രമാണം.

ഉമ്മൻ ചാണ്ടിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുന്നു.

# 35 – ാമത് മാർത്തോമ്മാ ഫാമിലി കോൺഫറൻസ് ന്യൂയോർക്കിൽ അനുഗ്രഹ നിറവിൽ സമാപിച്ചു

**ജീമോൻ റാന്നി**

ന്യൂയോർക്ക്: ലോങ്ങ് ഐലൻഡ് മെൽവില്ലിലെ മാരിയറ്റ് ഹോട്ടലിൽ ജൂലൈ മൂന്ന് മുതൽ ആറ് വരെ നടന്ന 35-ാമത് മാർത്തോമ്മാ ഫാമിലി കോൺഫറൻസ് ഭക്തിനിർഭരമായ ചടങ്ങുകളോടെ സമാപിച്ചു. 'കുടുംബം: വി



ശ്വാസ ഭൂമിക' (Family: Faithscape) എന്ന പ്രമേയത്തിൽ ഊന്നിയായിരുന്നു ഈ വർഷത്തെ സമ്മേളനം. വിവിധ ഇടവകകളിൽനിന്നും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുമുള്ള 642 പ്രതിനിധികൾ പങ്കെടുത്തു.

നോർത്ത് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ സമാപന സന്ദേശം നൽകി. കുടുംബബന്ധങ്ങളുടെ പ്രാധാന്യം, വിശ്വാസത്തിൽ അടിയുറച്ച ജീവിതം നയിക്കേണ്ടതിന്റെ ആവശ്യം എന്നിവയെക്കുറിച്ച് തിരുമേനി ഊന്നിപ്പറഞ്ഞു. "നമ്മുടെ വീടുകൾ സ്ഥിരമായ വിശുദ്ധമന്ദിരങ്ങളാണ്. നമ്മുടെ തലമുറയെ കെട്ടിപ്പടുക്കുന്നതിന് ദൈവം നൽകിയ ആ സ്ഥിരമായ സങ്കേതങ്ങൾ എത്രത്തോളം നാം ഉപയോഗിക്കുന്നുവെന്ന് ഈ നിമിഷം മുതൽ നാം ചിന്തിക്കാൻ തുടങ്ങിയാൽ, 2027-ലെ കുടുംബ സമ്മേളനത്തിൽ നമുക്ക് കൂടുതൽ ആളുകളെയും കുടുംബങ്ങളെയും ആകർഷിക്കാൻ കഴിയും" അദ്ദേഹം ഓർമ്മിപ്പിച്ചു. മാതാപിതാക്കൾക്ക് ദൈവം നൽകിയ ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ചാൽ അതിന്റെ ഫലം കാണാൻ കഴിയുമെന്നും തിരുമേനി കൂട്ടിച്ചേർത്തു. നമ്മുടെ മാതാപിതാക്കൾ വീട്ടിൽ യാഗപീഠങ്ങൾ പണിതതുകൊണ്ടാണ് നാം ഈ വിശ്വാസപാത പിന്തുടരുന്നത്. നാം വീട്ടിൽ യാഗപീഠങ്ങൾ പണിയുന്നില്ലെങ്കിൽ, നമുക്ക് എന്ത് പ്രതീക്ഷയാണ് നേടാൻ കഴിയുകയെന്നും ഒരു രക്ഷിതാവെന്ന നിലയിൽ ഈ ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറരുത് എന്നും തിരുമേനി ഉദ്ബോധിപ്പിച്ചു.



സമാപന ദിവസത്തെ വിശുദ്ധ കുർബാനയ്ക്ക് മാർത്തോമ്മാ സഭയുടെ അടൂർ ഭദ്രാസനാധിപൻ അഭിവന്ദ്യ മാത്യൂസ് മാർ സെറാഫിം എപ്പിസ്കോപ്പ മുഖ്യകാർമികത്വം വഹിച്ചു. നോർത്ത് അമേരിക്കൻ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ സഹകാർമ്മികനായിരുന്നു. നാല് ദിവസങ്ങളിലായി നടന്ന ഈ കോൺഫറൻസിൽ, മാത്യൂസ് മാർ സെറാഫിം തിരുമേനി, ബാംഗ്ലൂരിൽ നിന്നുള്ള ഡോ. പി.സി. മാത്യു, സിബി മാത്യു എന്നിവർ വിവിധ സെഷനുകളിലായി ആത്മീയവും കുടുംബപരവുമായ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള പ്രഭാഷണങ്ങൾ നടത്തി. ഈ പ്രഭാഷണങ്ങൾ വിശ്വാസികൾക്ക് ആത്മീയ കാര്യങ്ങളെക്കുറിച്ചും കുടുംബ ജീവിതത്തിലെ വെല്ലുവിളികളെക്കുറിച്ചും പുതിയ ഉൾക്കാഴ്ചകൾ നൽകി.

മുഖ്യ പ്രഭാഷകർക്ക് പുറമെ, മുതിർന്നവർക്കും യുവജനങ്ങൾക്കും കുട്ടികൾക്കുമുള്ള വിവിധ ട്രാക്കുകളിൽ നിരവധി പ്രഗത്ഭർ ക്ലാസുകൾക്ക് നേതൃത്വം നൽകി. അഡൾട്ട്/യൂത്ത്/ചിൽഡ്രൻ ട്രാക്കുകളിലെ വിവിധ സെഷനുകൾക്ക് ടോം ഫിലിപ്പ് (ലേ ചാപ്ലെയിൻ), ഡോ. സൂസൻ തോമസ് (ക്ലിനിക്കൽ സോഷ്യൽ വർക്ക്), ഡോ. ഷിബി ഏബ്രഹാം (ചൈൽഡ് ആൻഡ് അഡോലസെന്റ് സൈക്കോളജിസ്റ്റ്), ഡോ. ബെറ്റ്സി ചാക്കോ (ക്ലിനിക്കൽ സോഷ്യൽ വർക്ക്) എന്നിവരും കുട്ടികളുടെ ക്ലാസുകൾക്ക് റവ. റോബിൻ വർഗീസ്, റവ. ജോൺ വിൽസൺ എന്നിവരും ബൈബിൾ പഠന ക്ലാസുകൾക്ക് റവ. തോമസ് ബി., റവ. റെജിൻ രാജു, റവ. ഡെന്നിസ് ഏബ്രഹാം എന്നിവരും ആരോഗ്യ ബോധവൽക്കരണ ക്ലാസിന് (Health Talk) ഡോ. ഷീന എലിസബത്ത് ജോണും നേതൃത്വം നൽകി.

കോൺഫറൻസ് വൈസ് പ്രസിഡണ്ട് റവ. ഡോ. പ്രമോദ് സഖറിയ, ജനറൽ കൺവീനർ തോമസ് ജേക്കബ് (ഷാജി), ട്രഷറർ കുര്യൻ തോമസ്, അക്കൗണ്ടന്റ് ബെജി ടി. ജോസഫ് എന്നിവരോടൊപ്പം വിവിധ സബ്കമ്മിറ്റികളുടെ അദ്ധ്യക്ഷന്മാർ, കൺവീനേഴ്സ്, കമ്മിറ്റി അംഗങ്ങൾ എന്നിവരെയും സമാപന യോഗത്തിൽ അഭിനന്ദിച്ചു.

ജനറൽ കൺവീനറായ ഷാജി തോമസ് ജേക്കബ് സമാപന ചടങ്ങിൽ പങ്കെടുത്ത എല്ലാവർക്കും പ്രത്യേകിച്ച് സംഘാടക സമിതി അംഗങ്ങൾക്കും കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തി.

ഈ വർഷത്തെ ഫാമിലി കോൺഫറൻസ്, പങ്കെടുത്ത എല്ലാവർക്കും ആത്മീയമായി ഒരു പുതിയ ഉണർവ് നൽകുകയും കുടുംബ ബന്ധങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ ഉൾക്കാഴ്ചകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായ ഒരു ജീവിതം നയിക്കാൻ ഈ കോൺഫറൻസ് ഏവർക്കും പ്രചോദനമായി മാറി.



# വനജ നായരും ഡോ. സുധീർ പ്രയാഗയും കെഎച്ച്എൻഎ ട്രസ്റ്റി ബോർഡിലേക്ക് മത്സരിക്കുന്നു

**പ്രസന്നൻ പിള്ള**

ന്യൂജേഴ്സി: ഓഗസ്റ്റ് 17 മുതൽ 19 വരെ ന്യൂജേഴ്സി അറ്റ്ലാന്റിക് സിറ്റിയിൽ നടക്കുന്ന ഗ്ലോബൽ ഹിന്ദു സംഗമത്തിന്റെ ഭാഗമായ പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ ട്രസ്റ്റി ബോർഡ് ചെയർപേഴ്സൺ സ്ഥാനത്തേക്ക് ന്യൂയോർക്കിൽ നിന്നുള്ള വനജ നായരും സെക്രട്ടറി സ്ഥാനത്തേക്ക് മിസോറി സെന്റ് ലൂയിസ് നിവാസിയായ ഡോ. സുധീർ പ്രയാഗയും നാമനിർദേശ പത്രികകൾ സമർപ്പിച്ചു.

സംഘടനയുടെ ദൈനംദിന പ്രവർത്തനങ്ങൾ പ്രസിഡണ്ടും ഡയറക്ടർ ബോർഡും നിർവഹിക്കുമ്പോൾ ധനകാര്യ നിർവഹണത്തിലെ മേൽനോട്ടവും ഓഡിറ്റിംഗും ഉറപ്പുവരുത്തുക, പുതിയ ഭരണസമിതിയെ നിഷ്പക്ഷവും സ്വതന്ത്രവുമായ ഇലക്ഷൻ കമ്മീഷനിലൂടെ തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യം ഉറപ്പാക്കുക തുടങ്ങിയ സുപ്രധാന ചുമതലകൾ നിർവഹിക്കുവാനുള്ള സംഘടനയുടെ ഭരണഘടനാ ഘടകമാണ് ട്രസ്റ്റി ബോർഡ്.

രണ്ട് പതിറ്റാണ്ട് മുമ്പ് ചിക്കാഗോയിൽ നടന്ന കൺവൻഷൻ മുതൽ കെഎച്ച്എൻഎയുടെ സജീവ സഹയാത്രികയായിട്ടുള്ള വനജ നായർ രണ്ട് തവണ ഡയറക്ടർബോർഡ് അംഗമായും റീജിയണൽ വൈസ് പ്രസിഡണ്ടായും വിവിധ കൺവൻഷനുകളിൽ ഉപസമിതികളുടെ സാരഥിയായി പ്രവർത്തിക്കുകയും കഴിഞ്ഞ രണ്ടു വർഷമായി ട്രസ്റ്റി ബോർഡ് അംഗമായി തുടരുകയും ചെയ്യുന്നു.

ന്യൂയോർക്ക് സിറ്റിയിലെ പഴക്കം ചെന്ന ഹൈന്ദവ കൂട്ടായ്മകളിൽ ഒന്നായ എൻബിഎയുടെ മുൻ പ്രസിഡണ്ടും നിലവിലെ ട്രസ്റ്റി ചെയറുമായ വനജ നായർ ശ്രീനാരായണ അസോസിയേഷനിലും അയ്യപ്പസേവാ സംഘത്തിലും സജീവ സാന്നിദ്ധ്യമാണ്. ആകർഷകമായ പെരുമാറ്റം കൊണ്ട് സമൂഹത്തിൽ ഒരു വലിയ സുഹൃദ്വലയത്തെ സൃഷ്ടിച്ചിട്ടുള്ള ഇവർ മെഡിക്കൽ മേഖലയിൽ നേഴ്സ് പ്രാക്ടീഷണറായും യൂണിവേഴ്സിറ്റി ഓഫ് ന്യൂയോർക്കിൽ പാർട്ട് ടൈം നേഴ്സിങ് അദ്ധ്യാപികയായും ജോലി ചെയ്യുന്നു.

ട്രസ്റ്റി സെക്രട്ടറി സ്ഥാനത്തേക്ക് വരാൻ ആഗ്രഹിക്കുന്ന സുധീർ പ്രയാഗ കെഎച്ച്എൻഎ മുൻ ജനറൽ സെക്രട്ടറിയും ട്രസ്റ്റി ബോർഡ് അംഗവും നിലവിൽ എകിസ്ക്യൂട്ടീവ് വൈസ് പ്രസിഡണ്ടുമാണ്. ഫാർമസ്യൂട്ടിക്കൽ ഗവേഷണ രംഗത്തെ പ്രശസ്ത സ്ഥാപനമായ സെയിന്റ് ലൂയിസ് ആന്റി ബോഡി റിസേർച്ച് സെന്ററിന്റെ പ്രസിഡണ്ടും സിഇഒയുമായ ഡോ. സുധീർ പ്രതിരോധ ഔഷധ ഗവേഷണരംഗത്ത് നിരവധി സംഭാവനകൾ നല്കിയിട്ടുള്ള ഒരു ശാസ്ത്രജ്ഞൻ കൂടിയാണ്.



സുധീർ പ്രയാഗ



വനജ നായർ

ഔദ്യോഗിക കൃത്യനിർവഹണത്തോടൊപ്പം കേരളത്തിൽ നിരവധി ജീവകാരുണ്യ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്ന സുധീർ സെയിന്റ് ലൂയിസിലെ ഓങ്കാരം എന്ന ഹൈന്ദവ കൂട്ടായ്മയുടെ സ്ഥാപക അംഗവും മുൻ പ്രസിഡണ്ടും കൊച്ചി ഹിന്ദു ഇക്കണോമിക് ഫോറം മെംബറും ഫെഡറേഷൻ ഓഫ് ശ്രീനാരായണ അസോസിയേഷൻസ് ഓഫ് നോർത്ത് അമേരിക്കയുടെ ഇപ്പോഴത്തെ വൈസ് പ്രസിഡണ്ടുമാണ്. 2025-27 കെഎച്ച്എൻഎ ഭരണ സമിതിയിലേക്ക് മത്സരിക്കുന്ന ഉണ്ണികൃഷ്ണന്റെ നേതൃത്വത്തിലുള്ള ടീമിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിയും പിന്തുണയും നല്കാൻ തങ്ങളുടെ വിപുലമായ പ്രവർത്തന പരിചയവും നേതൃപാടവവും സഹായകമാകുമെന്ന ശുഭപ്രതീക്ഷയോടെ വനജ നായരും സുധീർ പ്രയാഗയും കൺവൻഷൻ പ്രതിനിധികളുടെ അംഗീകാരം അഭ്യർത്ഥിക്കുന്നു.

# കുട്ടിക്കൂട്ടത്തിന് ഉത്സവമായി ചിൽഡ്രൻസ് വോളിബോൾ

**ലിൻസ് താന്നിച്ചുവട്ടിൽ**



ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ദൈവാലയത്തിൽ മിഷൻലീഗിലെ പെൺകുട്ടികൾക്കായി നടത്തിയ ചാച്ചിക്കുട്ടി കുന്നുംപുറം മെമ്മോറിയൽ വോളിബോൾ മത്സരം കുഞ്ഞുങ്ങൾക്കും മാതാപിതാക്കൾക്കും നവ്യാനുഭവമായി. അനീറ്റ നന്തികാട്ട്, ഹാന ഓട്ടപ്പള്ളിൽ എന്നിവരുടെ നേതൃത്വത്തിൽ രണ്ട് ടീമുകളാണ് മത്സരത്തിൽ പങ്കെടുത്തത്.

രണ്ടിനെതിരെ മൂന്നു സെറ്റുകൾ നേടി അനീറ്റ നന്തികാട്ട് നയിച്ച ബ്ലാക്ക്ബെറി ടീം ഒന്നാം സ്ഥാനം നേടി. പങ്കെടുത്തവർക്ക് പ്രത്യേക മെഡലും വിജയികൾക്ക് ട്രോഫിയും വികാരി ഫാ. തോമസ് മുളവനാൽ വിതരണം ചെയ്തു.

ക്രമീകരണങ്ങൾക്ക് അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ആൻസി ചേലയ്ക്കൽ, ജൂബിൻ പണിക്കശ്ശേരിൽ എന്നിവർ നേതൃത്വം നല്കി.

## വിനിമയ നിരക്ക്


| | |
|---|---|
| യു.എസ്. ഡോളർ | 85.98 |
| യൂറോ | 100.52 |
| സ്റ്റെർലിംഗ്പൗണ്ട് | 116.00 |
| സ്വിസ് ഫ്രാങ്ക് | 107.93 |
| സിംഗപ്പൂർ ഡോളർ | 67.13 |
| കനേഡിയൻ ഡോളർ | 62.87 |
| ഒമാൻ റിയാൽ | 223.61 |
| ബഹ്റൈൻ ദിനാർ | 228.06 |
| സൗദി റിയാൽ | 22.93 |
| യു.എ.ഇ. ദിർഹം | 23.41 |
| കുവൈത്ത് ദിനാർ | 281.49 |



# മലങ്കര ഓർത്തഡോക്സ് സഭ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസ് അറ്റ്ലാന്റയിൽ

ആന്റോ കവലയ്ക്കൽ

അറ്റ്ലാന്റ: മലങ്കര ഓർത്തഡോക്സ് സഭയുടെ സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസനഫാമിലി & യൂത്ത് കോൺഫറൻസിന്റെ ഒരുക്കങ്ങൾ പൂർത്തിയായി. ജൂലൈ 16 മുതൽ 19 വരെ അറ്റ്ലാന്റ ഹൈയാത്ത് റീജൻസി ഹോട്ടലിൽ വെച്ചാണ് സമ്മേളനങ്ങൾ നടക്കുന്നത്. ശൈനോ വ് ഹുൽമോനോ എന്ന് നാമകരണം ചെയ്തിരിക്കുന്ന കോൺഫറൻസിന്റെ മുഖ്യ ചിന്താവിഷയം 2 കോരി. 5:18–19 വാക്യങ്ങൾ ആസ്പദമാക്കിയുള്ളതാണ് (Reconciliation and Healing). ഈ വർഷത്തെ കോൺഫറൻസിന്റെ മുഖ്യപ്രസംഗകനായി എത്തുന്നത് പ്രമുഖ വാഗ്മിയും ചിന്തകനുമായ ഇടുക്കി ഭദ്രാസന മെത്രാപ്പോലീത്ത ആയിരിക്കുന്ന അഭി. സഖറിയാസ് മാർ സേവേറിയോസ് തിരുമനസ്സുകൊണ്ടാണ്. കോൺഫറൻസിൽ വൈദികർക്കും സ്ത്രീകൾക്കും യുവജനങ്ങൾക്കും കുട്ടികൾക്കുമായി പ്രത്യേക സമ്മേളനങ്ങളും ക്രമീകരിച്ചിരിക്കുന്നു. ഈ സമ്മേളനങ്ങൾക്ക് നേതൃത്വം നല്കുവാനായി ഇടവക മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം റവ.ഡോ. ഫാ. തിമോത്തി തോമസ്, റവ.ഫാ. മാറ്റ് അലക്സാണ്ടർ, ശ്രീമതി സീനാ മാത്യു എന്നീ പ്രഗത്ഭ വ്യക്തികൾ നേതൃത്വം നല്കും. ഭദ്രാസനത്തിലെ വിവിധ സ്ഥലങ്ങളിൽനിന്ന് 500–ൽ അധികം ആളുകൾ പങ്കെടുക്കുന്ന ഏറ്റവും വലിയ ആത്മീയ സമ്മേളനമാണ് ഫാമിലി കോൺഫറൻസ്.


ഡോ. തോമസ് മാർ ഈവാനിയോസ്


ഫാ. ജോർജ് ഡാനിയേൽ


പ്രസാദ് ജോൺ





16–ാം തീയതി വർണ്ണശബളമായ റാലിയോടെ ആരംഭിക്കുന്ന സമ്മേളനത്തിൽ മറ്റ് സഭാ നേതാക്കളും ആശംസകളർപ്പിക്കും. ഭദ്രാസന ഗായക സംഘം സമ്മേളനങ്ങളിൽ ഗാനങ്ങൾ ആലപിക്കും. 'ഉല്ലാസ വഞ്ചി' എന്ന പേരിൽ ഭദ്രാസനത്തിലെ വിവിധ ഇടവകകളിൽ നിന്നുള്ള കലാകാരന്മാരുടെ നേതൃത്വത്തിൽ രണ്ട് ദിവസങ്ങളിലായി കലാസന്ധ്യയും അരങ്ങേറും. സമാപനദിവസമായ 19–ാം തീയതി ശനിയാഴ്ച വിശുദ്ധ കുർബാനയും പിന്നാലെ സമാപന സമ്മേളനവും നടത്തപ്പെടും. മർത്തമറിയം സമാജത്തിന്റെ നേതൃത്വത്തിൽ കോൺഫറൻസിന്റെ നടത്തിപ്പിനായി ക്രമീകരിച്ച ഭാഗ്യകൂപ്പണുകളുടെ നറുക്കെടുപ്പും കോൺഫറൻസിന്റെ സ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിന്റെ പ്രകാശനകർമ്മവും ഈ സമ്മേളനത്തിൽ വെച്ച് നടത്തപ്പെടും. സ്നേഹവിരുന്നോടെ ഫാമിലി & യൂത്ത് കോൺഫറൻസ് അറ്റ്ലാന്റ 2025 -ന് തിരശ്ശീല വീഴും.

സമ്മേളനത്തിന്റെ വിജയത്തിനായി സൗത്ത് വെസ്റ്റ് അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്ത അഭി. ഡോ. തോമസ് മാർ ഈവാനിയോസ് തിരുമേനിയുടെ പ്രധാന മേൽനോട്ടത്തിൽ റവ.ഫാ. ജോർജ് ഡാനിയേൽ (ബെന്നി അച്ചൻ) ഡയറക്ടറായും ഭദ്രാസന കൗൺസിൽ അംഗം പ്രസാദ് ജോൺ കൺവീനറായും വിവിധ കമ്മിറ്റികൾ പ്രവർത്തിച്ചുവരുന്നു.

# വിസ്കോൺസിൻ സർവകലാശാലാ വിദ്യാർത്ഥി യൂണിയൻ പ്രസിഡണ്ടായി ജെറമി ലൂക്കോസ് തെരഞ്ഞെടുക്കപ്പെട്ടു

കുര്യൻ ഫിലിപ്പ്



മിൽവാക്കി/വിസ്കോൺസിൻ: 2025–2026 കാലത്തേക്കുള്ള വിദ്യാർത്ഥി യൂണിയൻ തെരഞ്ഞെടുപ്പിന്റെ ഫലങ്ങൾ വിസ്കോൺസിൻ സർവകലാശാല മിൽവാക്കി (യുഡബ്ല്യുഎം) ഔദ്യോഗികമായി പ്രഖ്യാപിച്ചു. ജെറമി ലൂക്കോസ് പുതിയ പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

ജെറമി ഇപ്പോൾ ആർക്കിടെക്ചറും ഇക്കണോമിക്സും എന്ന ഇരട്ട സ്പെഷ്യലൈസേഷനിൽ വിദ്യാഭ്യാസം നടത്തുകയാണ്. 2023 മുതൽ 2025 വരെ വൈസ് പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച അദ്ദേഹം തന്റെ വിനയം, നിഷ്ഠ, നേതൃത്വശൈലി എന്നിവകൊണ്ട് വിദ്യാർത്ഥികൾക്കിടയിൽ വലിയ അംഗീകാരം നേടിയിരുന്നു.

23,000–ത്തിലധികം അണ്ടർഗ്രാജുവേറ്റ് പോസ്റ്റ്ഗ്രാജുവേറ്റ് വിദ്യാർത്ഥികളടങ്ങിയ യുഡബ്ല്യുഎം വിദ്യാർത്ഥി യൂണിയന്റെ പ്രസിഡണ്ടായിട്ടാണ് ജെറമി തെരഞ്ഞെടുക്കപ്പെട്ടത്. കോട്ടയം സ്വദേശികളായ ഡോ. റെജി ലൂക്കോസിന്റെയും ഹെലൻ ലൂക്കോസിന്റെയും മകനാണ്. ചിക്കാഗോയിലുള്ള ഡോ. സജി ലൂക്കോസ് അദ്ദേഹത്തിന്റെ പിതൃസഹോദരനാണ്. ജെറമി ചിക്കാഗോയിലെ ഷാരോൺ ഫെല്ലോഷിപ്പ് ചർച്ചിലെ സജീവാംഗവുമാണ്.

# ഗായകസംഘം ഭക്തിസാന്ദ്രമായി

ജോർജ് തുമ്പയിൽ

സ്റ്റാഫോർഡ്, കണക്ടിക്കട്ട്: മലങ്കര ഓർത്തഡോക്സ് സഭ നോർത്ത് ഈസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി & യൂത്ത് കോൺഫറൻസിലെ ശ്രദ്ധേയമായ ഒരു മിനിസ്ട്രിയായിരുന്നു സമയാസമയങ്ങളിൽ ഗാനങ്ങൾ ആലപിച്ച ഗായകസംഘം. ന്യൂജേഴ്സി ഏരിയയിലെ ഇടവകകളിൽ നിന്നുള്ള വിശ്വാസി സമൂഹമാണ് ഗായകസംഘത്തിൽ അണിനിരന്നത്. ചാർട്ട് ചെയ്ത സമയങ്ങളിൽ കൃത്യമായി വസ്ത്രധാരണ മികവോടെ എത്തിയ ഗായകർ കോൺഫറൻസിൽ പങ്കെടുത്തവരുടെ മനം കവർന്നു. 13 ഗാനങ്ങൾ പരിശീലിച്ച ഗായകസംഘം 12 ഗാനങ്ങളും ഷോർട്ട്ലിസ്റ്റ് ചെയ്ത് ഷെഡ്യൂൾ ബുക്കിൽ ചേർത്തിരുന്നു. ഇത് ഓരോരുത്തർക്കും ഒന്നാംദിവസം കിട്ടിയ വെൽക്കം കിറ്റിലും ഉൾപ്പെടുത്തിയിരുന്നു. തീം ഗാനം എഴുതിയതും മറ്റ് പല ഗാനങ്ങളും എഴുതിയ മിഡ് ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസ് ഇടവക വികാരിയും നിരവധി ആൽബങ്ങളുടെ ഉപജ്ഞാതാവുമായ ക്വയർ കോ-ഓർഡിനേറ്റർ ഫാ. ഡോ. ബാബു കെ. മാത്യു ആയിരുന്നു. അച്ചന്റെ ഏറ്റവും പുതിയ ആൽബം 'കാദീശ്' ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. പരിശുദ്ധ ബാവാ തിരുമേനിയുടെ പരുമല ക്യാൻസർ സെന്ററിനുവേണ്ടിയുള്ള ധനശേഖരണാർത്ഥം കേരളത്തിലെ 15 പ്രശസ്ത ഗായകർ പാടിയ ഈ ആൽബത്തിലെ ഓരോ ഗാനത്തിലും ഭക്തിയും വരികളും സംഗീതവും ആലാപനവും ഇഴചേർന്ന് അവാച്യമായ ആത്മീയാനുഭൂതി പകർന്നിരുന്നു. പ്രശസ്ത സംഗീത സംവിധായകനും ഗായകനുമായ ജോസി പുല്ലാട് ആയിരുന്നു സംഗീതമൊരുക്കിയത്. ഇവിടെ സ്റ്റാഫോർഡിലും ജോസി പുല്ലാട് എത്തി മ്യൂസിക് ഡയറക്ടർ ആയി സേവനമനുഷ്ഠിച്ചു. റാസയ്ക്കുശേഷം നടന്ന സ്വീകരണഗാനം മനോഹരമായി ആലപിച്ച ഗായകസംഘം വിശ്വാസികളുടെ മനം കവർന്നു. ലിൻഡൻ സെന്റ് മേരീസിലെ ജേക്കബ് ജോസഫിനായിരുന്നു കീബോർഡ് ചുമതല. ഇരുപതു പേരടങ്ങുന്ന ഗായകസംഘത്തിൽ ശോഭാ ജോസഫ് (ലിൻഡൻ സെ. മേരീസ്), ഫിലിപ്പ് തങ്കച്ചൻ (മൗണ്ട് ഒലിവ് സെ. തോമസ്), അനിതാ ഫിലിപ്പ് (മൗണ്ട് ഒലിവ് സെ. തോമസ്), ഇന്ദിരാ തുമ്പയിൽ (മൗണ്ട് ഒലിവ് സെ. തോമസ്) എന്നിവരും മിഡ്ലാൻഡ് പാർക്ക് സെന്റ് സ്റ്റീഫൻസിൽ നിന്നുള്ള താഴെപ്പറയുന്നവരും ഉൾപ്പെട്ടിരുന്നു. ദാസ് കണ്ണംകുഴിയിൽ, ജെസി മാത്യു, തോമസ് മാത്യു, രാജി ജോർജ്, സൂസൻ ജോർജ്, റിൻസു ജോർജ്, സാലി ജോർജ്, മോളി വറുഗീസ്, ജസ്റ്റിൻ ജോൺ, ജയാ ജോൺ, ഈവാ കെന്നത്ത് എബി തര്യൻ, അജു തര്യൻ, അലീനാ തര്യൻ, ആലിസൺ തര്യൻ എന്നിവരോടൊപ്പം ഫാ. ഡോ. ബാബു കെ. മാത്യുവും അണിചേർന്നു.





# ശുഭാംശുവും സംഘവും ഭൂമിയിലേക്ക് മടങ്ങുന്നു

ന്യൂഡൽഹി: ഇന്ത്യൻ ബഹിരാകാശ സഞ്ചാരി ശുഭാംശു ശുക്ല ഉൾപ്പെടുന്ന സംഘത്തിന് എക്സ്പെഡീഷൻ ക്രൂ യാത്രയയപ്പ് നല്കി. 13–ന് രാത്രി 7.25–നായിരുന്നു അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലെ ചടങ്ങ്. 14–ന് ഉച്ചകഴിഞ്ഞ് 2.35–ന് ദൗത്യസംഘം ഭൂമിയിലേക്കു തിരിക്കുന്നതിനായി പേടകത്തിലേക്ക് പ്രവേശിച്ചശേഷം സംഘം എക്സിന്റെ ഡ്രാഗൺ ഗ്രേസ് പേടകത്തിൽ ഭൂമിയിലേക്ക് യാത്ര തിരിച്ചു. 15–ന് ഉച്ചകഴിഞ്ഞ് മൂന്നോടെ കാലിഫോർണിയ തീരത്ത് പേടകം സ്പ്ലാഷ് ഡൗൺ ചെയ്യും.

ഐഎസ്എസിൽ രണ്ടാഴ്ചത്തെ ദൗത്യത്തിനുശേഷമാണ് ആക്സിയം 4 സംഘം ഭൂമിയിലേക്ക് മടങ്ങിയത്. ജൂൺ 28–നാണ് ആക്സിയം 4 ദൗത്യസംഘം ഐഎസ്എസിൽ എത്തിയത്. ഇന്ത്യൻ വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റൻ ശുഭാംശു ശുക്ലയ്ക്കു പുറമെ അമേരിക്കയുടെ പെഗ്ഗി വിറ്റ്സൺ, പോളണ്ട് സ്വദേശി സ്ലാവോസ് ഉസ്നാൻസ്കി, ഹംഗറിയിൽ നിന്നുള്ള ടിബോർ കാപു എന്നിവരാണ് ആക്സിയം 4 ക്രൂവിലുണ്ടായിരുന്നത്. നിലയത്തിൽ ലക്ഷ്യമിട്ട 60 പരീക്ഷണങ്ങളും കൃത്യമായി പൂർത്തിയാക്കാൻ ആക്സിയം 4 സംഘത്തിനു കഴിഞ്ഞു. ഇതിന്റെ ഡേറ്റയും 580 പൗണ്ട് കാർഗോയുമായാണ് ഡ്രാഗൺ ബഹിരാകാശപേടകം തിരിച്ചെത്തുന്നതെന്ന് നാസ അറിയിച്ചു.

ഭൂമിയിൽ മടങ്ങിയെത്തുന്ന ശുഭാംശു ശുക്ലയും മൂന്നു സഹയാത്രികരും ഏഴു ദിവസത്തെ പുനരധിവാസത്തിനു വിധേയരാകും.

# SEEKING BRIDEGROOM

*Pentecostal parents seeking proposal for their daughter, 30 years, Dec. 1994. 5'6.5" born again, baptized, born and brought up in US. She is a DNAP. (Doctor of Nurse Anesthesia Practice). Prefer proposal from born again, baptized, good moral values and God fearing person. **423-316-0196 Vsimon@bellsouth.net**

*Pentecostal parents settled in the USA invite proposals for their daughter who was born and brought up in the US. Age 24, height 5'3". She holds a Masters degree in Health Administration and is currently working in Ohio. Seeking alliances from qualified young professionals living in the US or Canada. If interested, please contact with full information via email: **bejoy2342@gmail.com**

*USA settled Christian family seeking proposal for their 39 year old daughter who is a US Citizen. She is 5'3", born again and baptized and in fellowship with a Pentecostal Church. She has degrees in Bio Medical Science and Law and currently working with State of Florida government since several years. We are looking for a born again, educated young man from US or Canada. Those who are interested, please text, Whatsapp at **863-709-6031** or email **mathewg1956@gmail.com**

*Pentecostal parents settled in USA prayerfully seek proposals for their born again, baptized, Sprit filled daughter brought up in USA, MD, age 30, height 5'6", currently working as Attending Professor in a reputed hospital in USA, from Pentecostal boys with professional qualifications. Please contact with full information Email: **gben8690@gmail.com**

*Pentecostal parents settled in US prayerfully inviting marriage proposals for their daughter born and brought up in US. She was born in 1993, 5'3", having her BSN degree and working as a Licensed Registered Nurse in New York. Interested parents preferably from US, please contact: WhatsApp **917-831-7397.**

*Pentecostal parents from Kerala seek a suitable alliance for their 27-year-old daughter (5'1, fair complexion), a Master's degree holder in Physical Therapy (Orthopedics), currently working in Kerala. We invite proposals from professionally qualified Pentecostal individuals in the US, Canada, UK, Australia, Switzerland, or the Middle East, preferably those interested in ministry alongside their profession. For details, contact **423-637-4717 / 423-847-7483 or email Thresiamma.chacko@gmail.com** with recent photos and information.

*The Pentecostal family settled in Texas invites a proposal for their daughter, who has completed MD and is doing her 1st year of residency -Pediatric in Los Angeles, CA. Age 26 (November 4, 1998), 5'4", God-fearing, baptized & US citizen from parents of a Pentecostal boy, preferably from California, with a professional career and from the US. Please email complete details and pictures to **shepherdusa1@gmail.com**

*Pentecostal parents invite proposals for their daughter (29 yrs, 5'4") with a Masters of Engineering degree and working as a licensed professional engineer in New York City. She was born and brought up in the US. She attends a non-denominational Christian church in NYC and is very active in fitness and sports. We are seeking suitable alliances from similarly qualified professionals. If interested, please send recent photo and details to **mathew.eng12@gmail.com.**

*Pentecostal Girl in Dallas, TX, USA: MBA/Seeking Groom Pentecostal parents looking for suitable proposals for their daughter, 25 years old and 5ft 2in, MBA and working as manager for insurance agency. Seeking proposals from professional and qualified Pentecostal boys, preferably from USA. Contact: **469-233-4309** Please leave a message if your call is now answered.

*Malayalaee Christian business man settled in Kuwait, inviting proposal for their daughter. Born again Christian, 27 years old, 5'5" with fair complexion, born and raised in Kuwait. MBBS doctor with Master's Degree in Public Health from Boston, Massachusetts. Currently preparing for USMLE. Interested parties in US or Canada please contact us at **630-808–6165** or **rajanthomas125@gmail.com**

*Single marthomite girl (40yrs, 55kg 5.5ft) MSc. Big Data Analytics (UK) currently working in the UK, seeking Christian professional groom from USA/UK/CA/Euro. Interests to contact: **+91 9745678243, +44 7767957273**

Parents invite proposal for their daughter (24 years, raised in USA, baptized Christian who attends a local community church that follow Pentecostal beliefs, 5.1', did B.S in engineering) from one with similar background & professional qualifications. If interested, please respond to email: **Helistens@outlook.com** with picture & details.

*Knanaya Catholic woman 50 years old, widow, well settled in USA seeking proposals from widower age between 50-60, who is honest in nature, responsible, willing to make compromise. Intrested parties. please respond to **813-816 5339**

*Knanaya Catholic parents invite proposals for their daughter Age: 25 yrs. (DOB: December, 1998) Height 5'1". Born in Kerala and lived in Mumbai. Then brought up in the US from the age of 9. Education: BSN and currently working as RN (travel nurse) and pursuing MSN. Seeking alliances from parents of well-educated and professionally qualified Knanaya Catholic boys brought up in the US. Please Contact: **516-554-5698 or 516-554-5681**

*Parents settled in the USA invite marriage proposals for their 27 year old American born Roman Catholic daughter, 5 feet 6 inches height, currently completing MD/PhD program in a reputable university in the USA from physicians or similarly educated men raised in the USA. Very caring and family oriented.
If interested, please email:
**medqis@gmail.com** or contact **(908) 764-0342.**

*42 years old, 5'4, Christian woman, born in Kerala, raised in the US, American Citizens, and working as a certified teacher. She is seeking a proposal for a man who has a strong relationship with God, trustworthy, honest, faithful, compassionate, responsible, mature, financially stable ambitious, willingness to mutually make compromises, great communication and understanding. Interested parties please respond via email:
**mallugurl81@gmail.com.**

# SEEKING BRIDE

*Pentecostal parents settled in USA invite proposals for their born again, baptized son (24, 5'8"ft) who is in management work at a reputed Fortune100 company. We are looking for a born-again, God fearing girl with spiritual values and a heart for missions. Parents of interested girls please contact us at

**rblap@yahoo.com**

*Sister residing in USA inviting a proposal for brother dob Jan. 3, 1993, Height 5'8 Pentecostal boy. He graduated with BBA and MSW, currently working as a direct support worker in Ireland. He is very talented and involved in church ministry. Proposal inviting from Pentecostal parents, preferably USA. Cell number **224-436-9609**.email **keziajoseph86@gmail.com**

*Seeking suitable girls, Hindu Veera Shaiva, 35 years old, 5'5" tall, wheatish complexion, pleasant personality, and well-settled with a stable income. Currently working with the City Government in the USA. Seeking marriage proposals from individuals permanently residing in the United States. Caste, religion, and financial status are not barriers. Ph: **215 880 3341 (USA), 9744189382 ( India)**, Email: **vincentemmanuel@aol.com**

*Christian parents well settled in the USA inviting marriage proposals for their son born and brought up in the United States. He is 41 years old, 5'11", medium complexion, God fearing, family oriented, and currently working as an attorney for the US Government. We are seeking a suitable alliance from parents of well educated professionally qualified God-fearing Christian girls. If interested, please respond with full details and recent photograph to: **pmk8795@gmail.com**

*Pentecostal family settled in US prayerfully seeking proposal for son (March 1996 -5'7") born again baptized US citizen, working as an Engineer in a reputed space exploration firm in Texas. He has master's in mechanical engineering and Bachelors in Petroleum Engineering. Seeking suitable alliance from the parents of God fearing professionally qualified girls from US. Please respond with details via **joybe764@gmail.com** or reach out to **972.900.2524**

*Immigrant Orthodox Parents invite marriage Proposal for their son in India (Madhya Pradesh) B.E. Biomedical Engineer, from parents of Christian girls in the United States (He is 32 years old and Height is 5'4" with 68kg.) please contact at email :- **geappen@gmail.com }**

*Pentecostal parents are seeking a bride for their 26-year-old son (born November 1998), who will begin his MD residency program in Texas in June 2025. He is 5'10" tall and a U.S. citizen. We are seeking a suitable alliance from Pentecostal girls with a strong spiritual background (born again, baptized, and Spirit-led) and professionally qualified (preferably Doctors), born or raised in the USA. Interested parties, please respond with full details and a recent photograph to:

**inhistime2025@yahoo.com.**

*Born again Christian man, 36 years old, 5'8" Ht, settled in Chicago area invites proposal from parents of any Christian denomination settled in U.S. Innocent divorcees are also welcome. Interested parties please contact **1-872-236-8692** or email: **lijosandras386@gmail.com**.

*Aunt seeking alliance for nephew, 27 years old (April 2nd 1997), born and raised in Mumbai, India. He is currently completing grad school at Columbia University, majoring in Management Science and Engineering. Before pursuing his Masters, he worked as Senior Consultant at Ernst & Young - Parthenon. Seeking wife who is settled in the US, with medical or software based job, Pentecostal denomination. Please call **678 431 8651** Preela Varghese.

*Pentecostal parents from Kerala, now settled in the US, are seeking marriage proposals for their 26-year-old son, who was born and raised in the US. He is baptized, has strong family values, and attends church regularly. He is 5.8", works as a computer engineer, and is currently pursuing graduate studies. Seeking God-fearing Pentecostal girls born or raised in the US, are professionals under 26 yrs., and 5.4" or taller. Please respond with a photo to **dm1235@gmail.com**

**Visit Our Website:
www.keralaexpress.com
for Matrimonial Advt.**


## SEEKING BRIDEGROOM CONTD.....

## ജോർജ് മാത്യു

**തലവടി:** ചക്കാലയിൽ ജോർജ് മാത്യു (80) അന്തരിച്ചു. ഭാര്യ തൈക്കാട്ടുശേരിയിൽ പരേതയായ ലില്ലിക്കുട്ടി. മക്കൾ: ജോർജ്, ലിസ (യുഎസ്). മരുമകൻ: സാന്റി തോമസ് (യുഎസ്).

**തിരുവനന്തപുരം:** മുതിർന്ന സി.പിഐ നേതാവ് സി. ദിവാകരന്റെ ഭാര്യ അഡ്വ. ടി.വി. ഹേമലതയുടെ മാതാവും മഹിളാസംഘം തിരുവനന്തപുരം ജില്ലാ സെക്രട്ടറിയുമായിരുന്ന പി.എൻ. രാധാമണി അമ്മ (89) അന്തരിച്ചു.

## സി.കെ. സ്റ്റീഫൻ



**ഉഴവൂർ:** ഒഎൽഎൽഎച്ച്എസ് റിട്ട. അദ്ധ്യാപകൻ ചാക്കിട്ടമാക്കിൽ സി.കെ. സ്റ്റീഫൻ (87) അന്തരിച്ചു. ഭാര്യ കരിങ്കുന്നം ചവറാട്ട് പരേതയായ ചിന്നമ്മ സ്റ്റീഫൻ. മക്കൾ: ആശിഷ്, ആശ (ന്യൂയോർക്ക്), അഭിലാഷ് (കൊൽക്കത്ത), ഡോ. ആഷ്ലി (അമല മെഡിക്കൽ കോളജ് തൃശൂർ). മരുമക്കൾ: ജൂഡി കൊച്ചുപറമ്പിൽ (എസ്എച്ച്.മൗണ്ട്), ചാക്കോമോൻ മൂലേപ്പറമ്പിൽ മേമ്മുറി (ന്യൂയോർക്ക്), അനു കൈപ്പള്ളിപ്പറമ്പിൽ കൊടകര (കൊൽക്കത്ത), ഡോ. ബാസ്റ്റിൻ കൈതാരത്ത് എളവള്ളി (തൃശൂർ).

**കോട്ടയം:** റിട്ട. ഹെഡ് കോൺസ്റ്റബിൾ എസ്.എച്ച്. മൗണ്ട് വാക്കയിൽ പി.ഒ. തോമസ് (87) അന്തരിച്ചു.

**വടവാതൂർ:** ചിക്കളത്തിൽ മത്തായി ജോൺ (കുഞ്ഞ്-62) അന്തരിച്ചു.

## എലിസബത്ത് ചെറിയാൻ

**കോട്ടയം:** അടക്കാക്കളത്തിൽ എലിസബത്ത് ചെറിയാൻ (ലിസി-68) ലണ്ടനിൽ അന്തരിച്ചു. മക്കൾ: ബോബി ചെറിയാൻ (യുഎസ്), ബീന കപ്ലിഷ് (യുകെ). മരുമക്കൾ: ജെന്നിഫർ, രാമൻ.

## അന്നമ്മ ചാക്കോ

**ചോറ്റാനിക്കര:** കോട്ടുവള്ളി ഗവ. യുപി സ്കൂൾ മുൻ ഹെഡ്മിസ്ട്രസ് കോളനിപ്പടി പ്രാപ്പുഴ അന്നമ്മ ചാക്കോ (75) അന്തരിച്ചു. മണർകാട് വാലയിൽ കുടുംബാംഗം. ഭർത്താവ് പി.പി. ചാക്കോ (നേവൽബേസ് റിട്ട. ഉദ്യോഗസ്ഥൻ). മക്കൾ: സൗബി (യുഎസ്), ജോബൻ. മരുമക്കൾ: ജീമോൻ പട്ടരുമഠത്തിൽ പുതുപ്പള്ളി, നീനു വട്ടക്കാട്ടിൽ പിറവം.

**കോട്ടയം:** അഞ്ചിൽ പുതകുഴിയിൽ (ഒറ്റതെങ്ങിൽ) അഡ്വ. പി.ടി. ജോൺസന്റെ (റിട്ട. എൽഐസി അസി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) ഭാര്യ ബസേലിയസ് കോളജ് പൊളിറ്റിക്കൽ സയൻസ് റിട്ട. പ്രഫസർ ഡോ. മോളി ജോൺസൻ (73) അന്തരിച്ചു.

## ഡോ. പി.എം. ദാമോദരൻ

**പാലക്കാട്:** ബെംഗ്ളൂരു ബിഎംഎസ് കോളജ് റിട്ട. പ്രിൻസിപ്പൽ പൊൽപ്പാക്കര മനയിൽ ഡോ. പി.എം. ദാമോദരൻ (78) അന്തരിച്ചു. ഭാര്യ എ.പി. ശ്രീകുമാരി അകവൂർ മന (റിട്ട. ഫെഡറൽ ബാങ്ക് ഓഫീസർ). മകൾ: പി.എം. രമ്യ (യുഎസ്). മരുമകൻ: രാജീവ് പരമേശ്വരൻ എളയാട്ട്മന ചെമ്പ്ര (യുഎസ്.)

**തൃക്കൊടിത്താനം:** ചങ്ങനാശേരി ഡിജിറ്റൽ കമ്യൂണിക്കേഷൻ ഉടമ വടക്കേൽ ചാലാപറമ്പിൽ തോമസ് ചാക്കോ (59) അന്തരിച്ചു.

**നീണ്ടൂർ:** എസ്കെവി എച്ച്എസ്എസ് റിട്ട. അധ്യാപിക കാവതിയാംകുന്നേൽ കെ. ശ്യാമള (64) അന്തരിച്ചു.

## ശോശാമ്മ തോമസ് അന്തരിച്ചു



**ടെക്സസ്:** സെലിബ്രേഷൻ ചർച്ച് ചിക്കാഗോ സഭയുടെ (ഐസിഎജി) ആദ്യ ശുശ്രൂഷകനായിരുന്ന പരേതനായ പാസ്റ്റർ കെ.എ. തോമസിന്റെ സഹധർമ്മിണി ശോശാമ്മ തോമസ് (82) ടെക്സസിലെ കോൺറോയിൽ അന്തരിച്ചു. ജൂലൈ 18-ന് വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 8 വരെ പൊതുദർശനം (Forest Park The Woodlands, Funeral Home & Cemetery Grand Hall, 18000 Interstate 45 South, The Woodlands, TX 77384). 19-ന് ശനിയാഴ്ച രാവിലെ 10 മണിക്ക് അനുസ്മരണ ശുശ്രൂഷയും (Wellspring Church, 1851 Spring Cypress Road, Spring, TX 77388). തുടർന്ന് Forest Park The Woodlands, Funeral Home & Cemetery Grand Hall, 18000 Interstate 45 South, The Woodlands, TX 77384- ൽ മൃതസംസ്കാരവും നടക്കും.

വാർത്ത: അനിൽ ജോയ് തോമസ്

## മേരി ജോർജ്

**പൂഞ്ഞാർ:** മറ്റയ്ക്കാട്ട് മുഴിയാങ്കൽ (ഇഞ്ചക്കാട്ട്) മേരി ജോർജ് (85) അന്തരിച്ചു. പൂഞ്ഞാർ കാപ്പിൽ പുത്തൻപുരയിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ് വർക്കി. മക്കൾ: ജോയി, ജാൻസി, ജോഷി (കേരള കോൺഗ്രസ്- എം പൂഞ്ഞാർ മണ്ഡലം പ്രസിഡണ്ട്), ജിമ്മി (യുഎസ്), ജൂബി. മരുമക്കൾ: ബീന ജോയി വരിക്കയിൽ പാലാ, ബേബി പനയ്ക്കക്കുഴിയിൽ അമ്പാറനിരപ്പേൽ, മേഴ്സി ജോഷി കാവുങ്കൽ കാഞ്ഞിരപ്പള്ളി, പ്രജീത ജൂബി ചെറുകര നെല്ലിയാനി.

## ടി.എൻ. നൈനാൻ

**തിരുവനന്തപുരം:** നാലാഞ്ചിറ പുലിയൂർ ഗാർഡൻസിൽ ഹൗസ് നമ്പർ 30-ൽ ടി.എൻ. നൈനാൻ (ബാബു-73) അന്തരിച്ചു. ഭാര്യ: അന്നമ്മ നൈനാൻ കളിയൻ താനത്ത്. മക്കൾ: റോബിൻ നൈനാൻ, (ഖത്തർ), ഡോ. റോജ് നൈനാൻ, രേഷ്മ ജെറി (യുഎസ്), റീമ ജിജോ (യുകെ), മരുമക്കൾ: ഹിമ റോബിൻ(ഖത്തർ), ഡോ. നിവേദിത രാജ്, ജെറി വർഗീസ് (യുഎസ്), ജിജോ ആന്റണി ജോസഫ് (യുകെ).

**അതിരമ്പുഴ:** പെരുമാപറമ്പിൽ ഏലിക്കുട്ടി ജോസഫ് (89) അന്തരിച്ചു.

**ഓയൂർ:** കേരള എൻജിഒ യൂണിയൻ മുൻ സംസ്ഥാന സെക്രട്ടറിയും മുൻ മുഖ്യമന്ത്രി ഇ.കെ. നായനാരുടെ പേഴ്സണൽ സെക്രട്ടറിയുമായിരുന്ന വെളിയം കള്ളിക്കാട്ട് വീട്ടിൽ എം. ശങ്കരനാരായണപിള്ള (88) അന്തരിച്ചു.

## കെ.എം. ചാക്കോ


**പൂവത്തിളപ്പ്:** മണലുങ്കൽ കൊച്ചുപുരയ്ക്കൽ കെ.എം. ചാക്കോ (94) അന്തരിച്ചു. ഭാര്യ പരേതയായ മേരി ചാക്കോ പറഞ്ഞാട്ട്. മക്കൾ: പരേതയായ ഗ്രേസിക്കുട്ടി മാത്യു, ലീലാമ്മ ജോൺ (മുണ്ടങ്കുന്ന്), എത്സമ്മ തോമസ് (ആനക്കൽ), റോസമ്മ ബാബു (ബെംഗ്ളൂർ), സുമ ഏബ്രഹാം (യുഎസ്), സുജ മാത്യു (തിരുവനന്തപുരം). മരുമക്കൾ: മാത്യു (രാമപുരം), കെ.കെ. തോമസ് (ആനക്കൽ), ഏബ്രഹാം ചാക്കോ (യുഎസ്), സാബു (ഡൽഹി), പരേതരായ ടി.വൈ. ജോൺ, വി.എം. മാത്യു (തിരുവനന്തപുരം).

**കൊല്ലം:** മാവേലിക്കര ബിഷപ് മൂർ കോളജ് ബോട്ടണി വിഭാഗം റിട്ട. അദ്ധ്യാപകൻ പട്ടത്താനം ചേരിക്കലകത്ത് രാജ്കുമാർ തോംസൺ (79) അന്തരിച്ചു.

**കുന്നന്താനം:** റിട്ട. അദ്ധ്യാപിക ചക്കുംമൂട്ടിൽ അന്നമ്മ അലക്സ് (പെണ്ണമ്മ-74) അന്തരിച്ചു.

**ചങ്ങനാശേരി:** മുന്തിരികവല താവളത്തിൽ ദേവസ്യ മത്തായി (കുഞ്ഞച്ചൻ-82) അന്തരിച്ചു.

## ജോർജ് ദേവസ്യ കാട്ടാത്തേൽ



**ചിക്കാഗോ:** കഴിഞ്ഞ അരനൂറ്റാണ്ടിലധികമായി ചിക്കാഗോയിൽ സ്ഥിരതാമസമാക്കിയിരിക്കുന്ന റിട്ടയേർഡ് ഇൻഡ്യൻ എയർഫോഴ്സ് ഉദ്യോഗസ്ഥനും ഏറ്റുമാനൂർ ചെറുവാണ്ടൂർ കാട്ടാത്തേൽ പരേതരായ വർക്കി, മറിയാമ്മ ദമ്പതികളുടെ പുത്രനുമായ ജോർജ് ദേവസ്യ (80) അന്തരിച്ചു. ഏറ്റുമാനൂർ ഞരമ്പൂർ കുടുംബാംഗം മേരി ജോർജാണ് ഭാര്യ. സെബാസ്റ്റ്യൻ ജോർജ് (ജിമ്മി, ചിക്കാഗോ), തോംസൺ ജോർജ് (റ്റിമി, ചിക്കാഗോ), ഹോപ്പ് തോമസ് (അറ്റ്ലാന്റ്) എന്നിവർ മക്കളും ബ്രിജിറ്റ് ജോർജ് (ജയറാണി, കാഞ്ഞിപ്പള്ളി കരിപ്പാപറമ്പിൽ (കുടുംബാംഗം), ജിതേഷ് തോമസ് (ജിത്തു, മല്ലപ്പള്ളി കണ്ണമല കുടുംബാംഗം) എന്നിവർ മരുമക്കളും. ജോഷാ, ജസ്റ്റിക്കാ, ആഷർ എന്നിവർ പേരക്കുട്ടികളുമാണ്. സഹോദരങ്ങൾ: പരേതയായ അന്നമ്മ വർക്കി കൊല്ലരാത്ത് (തൊമ്മൻകുത്ത്, തൊടുപുഴ), മറിയക്കുട്ടി മാത്യു മൂലംകുഴയ്ക്കൽ (കുറവിലങ്ങാട്), ജോസഫ് (ഔസേപ്പച്ചൻ) കാട്ടാത്തേൽ, ചെറുവാണ്ടൂർ, പരേതനായ തങ്കച്ചൻ കാട്ടാത്തേൽ (മബാർ), ഓമന ജോർജ് കുറിച്ചിയാനി (പുന്നത്തുറ).

**ശാസ്താംകോട്ട:** കോട്ടയം മെഡിക്കൽ കോളജ് മുൻ അസി. പ്രഫസറും ഇംഗ്ലണ്ടിൽ ഓർത്തോപീഡിക് സർജനുമായിരുന്ന ഡോ. പി. ഹരികുമാർ (72) അന്തരിച്ചു.

## മേരിക്കുട്ടി ജോസഫ്

**കടയനിക്കാട്:** തെക്കേൽ ടി.ടി. ജോസഫിന്റെ (റിട്ട.അദ്ധ്യാപകൻ) മേരിക്കുട്ടി ജോസഫ് അന്തരിച്ചു. വേഴപ്ര ഇല്ലിക്കൽ കുടുംബാംഗമാണ്. മക്കൾ: സോഫി, സുജ, സജി (യുഎസ്). സാബു, സിബി (അയർലൻഡ്), സിനി. മരുമക്കൾ: ഫിലിപ്പ് കണ്ടാരപ്പള്ളിൽ, ജോസഫ് തെക്കേമുറി കുമ്പിളുവേലി, ജോസമ്മ പുളിക്കപ്പുഴയിൽ, സാലിമ്മ മാറാട്ടുകുളം, മിനിമോൾ നെല്ലിയാക്കുന്നേൽ ഇടപ്പാടി, റെജി ആലുങ്കൽ.

**പനയമ്പാല:** കല്ലക്കടമ്പിലായ ആഞ്ഞിലിത്തോപ്പിൽ പരേതനായ കെ.പി. ചെറിയാന്റെ ഭാര്യ ശോശാമ്മ ചെറിയാൻ (അച്ചാമ്മ-82) അന്തരിച്ചു.

**മുണ്ടക്കയം:** കാഞ്ഞിരപ്പള്ളി മുൻ എംഎൽഎ പൊട്ടംകുളം കെ.വി. കുര്യന്റെ ഭാര്യ ത്രേസ്യാമ്മ കുര്യൻ (അമ്മിണി -90) അന്തരിച്ചു.

## രാജു വി. നായർ

**സൗത്ത് പാമ്പാടി:** മുത്തുച്ചിപ്പിയിൽ രാജു വി. നായർ (72) അന്തരിച്ചു. പാലക്കാട് വേലൂർ കുടുംബാംഗമാണ്. ഭാര്യ കടമാൻകുന്നേൽ ഓമന രാജു. മക്കൾ: മനു രാജ് (യുഎസ്), മീര രാജ് (സ്പെയിൻ). മരുമക്കൾ: ചിന്തു വി. നായർ (സ്പെയിൻ),നിമ്മി (കൊച്ചി).

**ഞീഴൂർ:** പൊട്ടംകുഴിയിൽ പരേതനായ പി.ജെ തോമസിന്റെ മകൻ പി.ടി. ജോസഫ് (ജോയി-63) അന്തരിച്ചു.

**തോട്ടയ്ക്കാട്:** കൊണ്ടോടിക്കൽ കുഴിവേലിൽ പരേതനായ കെ.ഒ. തോമസിന്റെ ഭാര്യ മറിയാമ്മ തോമസ് (93) അന്തരിച്ചു.

**തിരുവഞ്ചൂർ:** കോട്ടയിലായ പെരുമ്പുഴയിൽ കെഎസ്ഇബി റിട്ട. ഉദ്യോഗസ്ഥൻ പി.പി. ഈപ്പൻ (തങ്കച്ചൻ-63) അന്തരിച്ചു.

## പി.പി. വർഗീസ്

**കളമശേരി:** എച്ച്എംടി റിട്ട. ഉദ്യോഗസ്ഥൻ സൗത്ത് പൈപ്പ് ലൈൻ റോഡ് മംഗലശേരി കിഴക്കേതിൽ റോസ് കോട്ടേജിൽ പി.പി. വർഗീസ് (ജോയി-88) അന്തരിച്ചു. ഭാര്യ മൈലപ്ര തേവുപാറയിൽ ശോശാമ്മ. മക്കൾ: ബിജു പി. വർഗീസ്, ബിനു പി. വർഗീസ് (യുഎസ്). മരുമക്കൾ: രേഖ, ദീപ (യുഎസ്).

**മഞ്ഞുമ്മൽ:** കർമ്മലീത്താ സഭാംഗവും ബൈബിൾ പണ്ഡിതനുമായ ഫാ. ജോർജ് ഒള്ളാട്ടുപുറം (71) അന്തരിച്ചു.

**മാവേലിക്കര:** അക്കൗണ്ടന്റ് ജനറൽ ഓഫീസ് റിട്ട. സീനിയർ ഓഡിറ്റ് ഓഫീസർ (തിരുവനന്തപുരം) പുതിയകാവ് പേർകാട്ട് മലപ്പുറത്ത് സി.ജി. കൃഷ്ണൻകുട്ടി നായർ (75) അന്തരിച്ചു.

## കെ. ജെ. പോൾ

**മുംബൈ:** ഐഡിബിഐ റിട്ട. സീനിയർ ഓഫീസർ തൃശൂർ പുത്തൻചിറ കണ്ണമ്പുഴ കെ.ജെ. പോൾ (94) ബാന്ദ്ര വെസ്റ്റ് 15 ന്യൂ സിൽവർ ഹോമിൽ അന്തരിച്ചു. ഭാര്യ: എറണാകുളം കുഴിപ്പിള്ളി മാളിയേക്കൽ പരേതയായ മേരി പോൾ. മക്കൾ: തെരേസ ശാസ്ത്രി (ദുബായ്), ജോസി പോൾ (ബിഡിഒ, മുംബൈ), ഡോ. മരിയ വർഗീസ് (മെഡിക്കൽ ട്രസ്റ്റ് ആശുപത്രി, എറണാകുളം), അന്ന പോൾ (യുഎസ്). മരുമക്കൾ: സിത്തു ശാസ്ത്രി (ദുബായ്). മാരി പോൾ (മുംബൈ), ഡോ. സി.ഐ. വർഗീസ് (കൊച്ചി), ബിനോയി മേച്ചേരി (യുഎസ്).

**പുതുപ്പള്ളി:** കാഞ്ഞിരത്തിൻമൂട് പാറയിൽ പരേതനായ പി.സി. വർക്കിയുടെ ഭാര്യ അമ്മിണി വർക്കി (86) അന്തരിച്ചു.

**പുതുപ്പള്ളി:** തോണിപുരക്കൽ പരേതനായ ടി.ഐ. ജേക്കബിന്റെ ഭാര്യ കുഞ്ഞുമോൾ ജേക്കബ് (92) അന്തരിച്ചു.

**ഉപ്പുതോട്:** വെട്ടുകല്ലേൽ ത്രേസ്യാമ്മ (84) അന്തരിച്ചു.

## ഡോ. ഇ.എസ്. ജോസഫ്

**നെടുംകുന്നം:** കുമ്പിളുവേലിൽ ഡോ.ഇ.എസ്. ജോസഫ് (89) യുഎസിൽ അന്തരിച്ചു. ഭാര്യ: ഡോ.മേരി ജോസഫ് തോപ്പിൽ. മക്കൾ: ഡോ.ബോബി, ഡോ.ബീന. മരുമക്കൾ: ഡോ. ജാസ്മിൻ പടയാറ്റിൽ, ഡോ.ജോർജ് മാമ്പള്ളിൽ.

## എം.ജെ. സെബാസ്റ്റ്യൻ

**പള്ളിക്കത്തോട്:** ജിഡബ്ല്യുഡി റിട്ട. എക്സിക്യൂട്ടീവ് എൻജിനീയർ മുള്ളൻകുഴിയിൽ എം.ജെ. സെബാസ്റ്റ്യൻ (72) അന്തരിച്ചു. ഭാര്യ തിരുവനന്തപുരം പുള്ളോലിൽ ജൂലിയറ്റ് ജോർജ് (റിട്ട. ചീഫ് എൻജിനീയർ പി. ഡബ്ല്യുഡി). മക്കൾ: ജോസഫ് (ന്യൂയോർക്ക്), മരിയ (കൊച്ചി). മരുമകൻ: കൈപ്പുഴ മുകളേൽപറമ്പിൽ ബാബു മാത്യു (ഇൻഫോപാർക്ക്, കൊച്ചി).

**പത്തനംതിട്ട:** ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം പത്തനംതിട്ട പ്രൊവിൻസ് അംഗം സിസ്റ്റർ ഹ്യൂമിലീന (87) അന്തരിച്ചു.

**നെടുമ്പാശേരി:** അങ്കമാലി നെടുമ്പാശേരി മേഖലയിലെ ആദ്യകാല കമ്യൂണിസ്റ്റ് നേതാവും അങ്കമാലി നഗരസഭയുടെ ആദ്യ വൈസ് ചെയർമാനുമായിരുന്ന മേയ്ക്കാട് മോഴൂള്ളി മഠം ലക്ഷ്മി നിവാസിൽ ഡി. ആർ. പിഷാരടി (86) അന്തരിച്ചു.

## സിസ്റ്റർ ആനി ജോൺ

**മൂവാറ്റുപുഴ:** എഫ്സിസി കല്ലൂർക്കാട് ശാന്തി ഭവനാംഗം സിസ്റ്റർ ആനി ജോൺ (80) അന്തരിച്ചു. നെടിയകാട് തെരുവംകുന്നേൽ പരേതനായ ടി.ഒ. മാണിയുടെ മകളാണ്. സഹോദരങ്ങൾ: ഒളമറ്റം ചെമ്പാലയിൽ ഏലിക്കുട്ടി സെബാസ്റ്റ്യൻ, സിസ്റ്റർ ഇന്നസെന്റ് (വാഴപ്പിള്ളി), ജോസഫ് മാണി (യുഎസ്), ടി.എം. മാത്യു നെടിയംകാട്, ഡോ. സിസ്റ്റർ സുഗുണ (അൽഫോൻസാ ആശുപത്രി മുരിക്കാശേരി), അതിരമ്പുഴ നടയ്ക്കൽ ജോളി തോമസ്.

**കുത്രപ്പള്ളി:** മാമ്പതി കിഴുവാറ്റ് കെ.എസ്. മത്തായി (കുഞ്ഞുഞ്ഞ്-92) അന്തരിച്ചു.

**മുട്ടുചിറ:** പഴുക്കാത്തറയിൽ (കുഴുപ്പിൽ) വർക്കി സേവ്യറിന്റെ ഭാര്യ മേരി വർക്കി (72) അന്തരിച്ചു.

**അയ്മനം:** പട്ടശ്ശേരിൽ ഫിലിപ്പ് ജോണിന്റെ ഭാര്യ (ബിഎസ്എൻഎൽ. റിട്ട. ഉദ്യോഗസ്ഥ) എലിസബത്ത് കോര (75) അന്തരിച്ചു.

**കോട്ടയം:** കടുവാക്കുളം ദിവ്യകാരുണ്യ മിഷനറി സന്യാസ സമൂഹത്തിലെ എമ്മാവൂസ് പ്രവിശ്യാംഗമായ ഫാ. സിറിയക് തെക്കേക്കുറ്റ് (90) അന്തരിച്ചു.

**കടപ്ലാമറ്റം:** പാലാംതട്ടേൽ ആഗസ്തിയുടെ ഭാര്യ ഈത്തമ്മ ചാക്കോ (87) അന്തരിച്ചു.

**തിരുവല്ല:** കുറ്റപ്പുഴ ഓമന ജോർജ് (93) അന്തരിച്ചു.

# Holiday Let

## Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi. Close to shops/Restaurants/ shopping centres. Beautiful view of Kochi City. Location- Vennala near Holiday Inn Hotel.

**Contact NG Jerome**

**Mob: +91 9446211630**




# CAREGIVER HELP NEEDED IN NEW YORK

An able bodied female or male needed for helping a 90 year old elderly man, for 6 hrs a day from 3 pm to 9 pm, Monday. Candidates in an around Rockland (NY) county or Westchester (NY) preferred. No need for overnight stay.

**Please call**

**845 480 4721 or**

**email drmathai123@gmail.com**

# ചിക്കാഗോയിൽ ബേബിസിറ്ററെ ആവശ്യമുണ്ട്

ചിക്കാഗോയിലുള്ള കുടുംബത്തിന് നവജാത ശിശുവിനായി മലയാളം സംസാരിക്കുന്ന Baby Sitter-നെ ആവശ്യമുണ്ട്. അനുഭവമുള്ള, വിശ്വാസമർഹിക്കുന്ന വനിതകൾക്ക് അപേക്ഷിക്കാവുന്നതാണ്.

**വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക:**

**Rose Vadakara 708-662-0774**

## *Favors Received*



*Inserted by: Firm Believer, Chicago*

## *Favors Received*



*Inserted by: Firm Believer, Chicago*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണെമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണെമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Houston*

Visit Our Website: www.keralaexpress.com for Classified Advt.




# കിരാത: ചിത്രീകരണം പൂർത്തിയായി




യുവതലമുറയുടെ ചൂടും തുടിപ്പും ചടുലതയും ഉൾപ്പെടുത്തി ഒരുക്കിയ ആക്ഷൻ ത്രില്ലർ കിരാത ചിത്രീകരണം പൂർത്തിയായി. കോന്നി, അച്ചൻകോവിൽ എന്നിവയായിരുന്നു ലൊക്കേഷൻ. പാട്ടും ആട്ടവുമായി അച്ചൻകോവിലാറിന്റെ നിഗൂഢതകളിലേക്ക് ഇറങ്ങിച്ചെല്ലുന്ന പ്രണയജോഡികൾക്ക് നേരിടേണ്ടിവന്നത് ഭീകരതയുടെ ദിനരാത്രങ്ങളായിരുന്നു. കൊടുംകാടിന്റെ മനോഹര പശ്ചാത്തലത്തിൽ അരങ്ങേറുന്ന യുവമിഥുനങ്ങളുടെ പ്രണയവും സംഘട്ടനവും ഭീകരതയുമെല്ലാം പ്രേക്ഷകർക്ക് ആസ്വാദനത്തിന്റെ പുതുമ സമ്മാനിക്കുന്ന തരത്തിലാണ് അവതരിപ്പിക്കുന്നത്. കോന്നിയുടെ ദൃശ്യമനോഹാരിതയുടെ വിസ്മയക്കാഴ്ചകളാണു കിരാത ഒരുക്കുന്നത്.

ചെമ്പിൽ അശോകൻ, ഡോ. രജിത്കുമാർ, അരിസ്റ്റോ സുരേഷ്, നീനാ കുറുപ്പ്, ജീവ നമ്പ്യാർ, വൈഗ റോസ്, സച്ചിൻ പാലപ്പറമ്പിൽ, അൻവർ, അമൃത്, ഷമീർ ബിൻ കരിം റാവുത്തർ, മുഹമ്മദ് ഷിഫ്നാസ്, മനുരാഗ് ആർ, ജി.കെ. പണിക്കർ, അശോകൻ, മിന്നു മെറിൻ, അതുല്യ നടരാജൻ, ശിഖ മനോജ്, ആൻമേരി, ആർഷ റെഡ്ഡി, മാസ്റ്റർ ഇയാൻ റോഷൻ, ബേബി ഫാബിയ അനസ്ഖാൻ, മഞ്ജു മറിയം ഏബ്രഹാം, ബിന്ദു പട്ടാഴി, കവിത, ജയമോൻ ജെ. ചെന്നീർക്കര, ധനേഷ് കൊട്ടകുന്നിൽ, ബിനു ടെലൻസ് എന്നിവരോടൊപ്പം ചിത്രത്തിന്റെ നിർമാതാവ് ഇടത്തൊടി ഭാസ്കരൻ അതിഥിവേഷത്തിൽ അഭിനയിക്കുന്നു.

ബാനർ- ഇടത്തൊടി ഫിലിംസ് പ്രൈവറ്റ് ലിമിറ്റഡ് (ഒറ്റപ്പാലം), നിർമാണം- ഇടത്തൊടി ഭാസ്കരൻ ഒറ്റപ്പാലം (ബഹ്റൈൻ), ഛായാഗ്രഹണം, എഡിറ്റിംഗ്, സംവിധാനം- റോഷൻ കോന്നി, രചന, സഹസംവിധാനം- ജിറ്റ ബഷീർ. ഗാനരചന- മനോജ് കുളത്തിങ്കൽ, മുരളി മൂത്തേടം, അരിസ്റ്റോ സുരേഷ്. പ്രൊഡക്ഷൻ കൺട്രോളർ- സജിത് സത്യൻ. പിആർഒ - അജയ് തുണ്ടത്തിൽ.

# മലബാർ ലഹളയുടെ പശ്ചാത്തലത്തിലുള്ള ജഗള ജൂലൈ 18–ന്

**ക**ർഷകന്റെ മണ്ണും മനസും വിയർപ്പും വിശപ്പും ഇഴചേർന്ന ഏറനാടൻ മണ്ണിലെ ഒരു ഗ്രാമത്തിലെ ചേക്കു എന്ന അനാഥ മുസ്ലിം യുവാവിന്റെ കഥയാണു ജഗള എന്ന ചിത്രം പറയുന്നത്.



കഥ ആരംഭിക്കുന്നത് 1921-ലെ മാപ്പിള ലഹളയുടെ പശ്ചാത്തലത്തിലാണ്.

ലവ് എഫ് എം എന്ന ചിത്രത്തിനു ശേഷം ശ്രീദേവ് കപ്പൂർ സംവിധാനം ചെയ്യുന്ന ചിത്രമാണു ജഗള. കളരിക്കൽ ഫിലിംസിന്റെ ബാനറിൽ മനോജ് പണിക്കർ, സജിത് പണിക്കർ, ജിതേഷ് പണിക്കർ എന്നിവർ ചേർന്ന് നിർമിക്കുന്നു. മുരളീ റാം, ശ്രീദേവ് കപ്പൂർ എന്നിവർ ചേർന്നാണു രചന നിർവഹിച്ചിരിക്കുന്നത്.

നവാഗതനായ മുരളീറാമാണു ചേക്കുവെന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. മറീന മൈക്കിൾ കുഞ്ഞാത്തു എന്ന കഥാപാത്രമായി എത്തുന്നു. കൂടാതെ സന്തോഷ് കീഴാറ്റൂർ, സുനിൽ സുഗത, ബിറ്റൊഡേവിഡ്, ബാലചന്ദ്രൻ ചുള്ളിക്കാട്, അപ്പുണ്ണി ശശി, കണ്ണൻ പാമ്പാടി, മുഹമ്മദ് പേരാമ്പ്ര, വിജയൻ വി. നായർ, പാർഥസാരഥി, ലത്തീഫ് കുറ്റിപ്പുറം, രമാദേവി കോഴിക്കോട്, അഞ്ചു അരവിന്ദ്, മീനാ രാഘവൻ, നിഷ അജീഷ് തുടങ്ങിയവരും അഭിനയിക്കുന്നു.

ഒ.എം. കരുവാരക്കുണ്ട് എഴുതിയ ഗാനങ്ങൾക്കു മിഥുൻ മലയാളം സംഗീതം പകർന്നിരിക്കുന്നു. ആലാപനം- സിത്താര കൃഷ്ണകുമാർ, അഭിജിത് കൊല്ലം.

ഛായാഗ്രഹണം- സുമേഷ് സുരേന്ദ്രൻ, എഡിറ്റിംഗ് മിൽജോ ജോണി, സൗണ്ട് ഡിസൈനർ സിനോയ് ജോസഫ്, കലാസംവിധാനം - സുനിൽ ലാവണ്യ, കോസ്റ്റ്യൂമർ കുമാർ എടപ്പാൾ, മേക്കപ്പ് ശ്രീജിത്ത് ഗുരുവായൂർ, സനീഫ് ഇടവ, പ്രൊഡക്ഷൻ മാനേജർ റമീസ് റഹീസ്, പ്രൊഡക്ഷൻ കൺട്രോളർ കിരൺ കാന്ത്. ടൈറ്റിൽ ഡിസൈൻ സന്ദീപ്. ഡിസൈൻസ് മനു ഡാവിഞ്ചി. പിആർഒ: എം.കെ. ഷെജിൻ.

# 'മാരീസൻ' പ്രദർശനത്തിനെത്തുന്നു

വടിവേലു, ഫഹദ് ഫാസിൽ എന്നിവരെ പ്രധാന കഥാപാത്രങ്ങളായി അവതരിപ്പിക്കുന്ന, സൂപ്പർ ഗുഡ് ഫിലിംസിന്റെ 98-ാമതു ചിത്രമായ മാരീസൻ ജൂലൈ 25-ന് ലോകമാകെയുള്ള തിയറ്ററുകളിൽ പ്രദർശനത്തിനെത്തും. സുധീഷ് ശങ്കർ സംവിധാനം ചെയ്യുന്ന മാരീസൻ ഗ്രാമീണ പശ്ചാത്തലത്തിലുള്ള ട്രാവലിംഗ് ത്രില്ലറാണ്. കഥ, തിരക്കഥ, സംഭാഷണം വി. കൃഷ്ണമൂർത്തി. ചിത്രത്തിന്റെ ക്രിയേറ്റീവ് ഡയറക്ടറും വി. കൃഷ്ണമൂർത്തി തന്നെ. കോവൈ സരള, വിവേക് പ്രസന്ന, സിതാര, പി.എൽ. തേനപ്പൻ, ലിവിംഗ്സ്റ്റൺ, രേണുക, ശരവണ സുബ്ബയ്യ, കൃഷ്ണ, ഹരിത, ടെലിഫോൺ രാജ് തുടങ്ങിയവരും പ്രധാന അഭിനേതാക്കളാണ്.



ഛായാഗ്രഹണം കലൈസെൽവൻ ശിവാജി. സംഗീതം- യുവൻ ശങ്കർ രാജ, എഡിറ്റിംഗ്- ശ്രീജിത് സാരംഗ്, ആർട്ട്- ഡയറക്ഷൻ മഹേന്ദ്രൻ. ആർ.ബി. ചൗധരിയുടേതാണ് സൂപ്പർ ഗുഡ് ഫിലിംസ്. ഇ4 എക്സ്പെരിമെന്റ്സ് ക്രിയേറ്റീവ് പ്രൊഡ്യൂസർമാരായി സഹകരിക്കുന്നു.

മാരീസൻ എന്ന ചിത്രത്തിന്റെ ആഗോള തിയറ്റർ റിലീസ് റൈറ്റ്സ് എപി ഇന്റർനാഷണൽ സ്വന്തമാക്കി. മാമന്നൻ എന്ന ചിത്രത്തിൽ നൽകിയ ശക്തമായ പ്രകടനത്തിനുശേഷം വടിവേലുവും ഫഹദ് ഫാസിലും വീണ്ടും ഒന്നിച്ചെത്തുന്ന ചിത്രമാണു മാരീസൻ.

# ഗ്രീൻകാർഡുകാർ വിദേശയാത്ര ചെയ്യുമ്പോൾ ജാഗ്രതൈ!

**മാത്യുക്കുട്ടി ഈശോ**

ന്യൂയോർക്ക്: ട്രംപ് അഡ്മിനിസ്ട്രേഷന്റെ പുതിയ ഭരണ പരിഷ്കാരങ്ങൾ മൂലം 2025-ൽ വിദേശയാത്ര ചെയ്യുന്ന ഗ്രീൻകാർഡുകാർക്ക് എയർ പോർട്ടിലെ ഇമ്മിഗ്രേഷൻ ഓഫീസർമാരിൽ നിന്നും കൂടുതൽ ചോദ്യങ്ങൾ നേരിടേണ്ടി വന്നേക്കാം. ഗ്രീൻ കാർഡുകാർ വിദേശയാത്ര ചെയ്യുമ്പോൾ അല്പം കൂടുതൽ ജാഗ്രത പാലിക്കുകയും കൂടുതൽ യാത്രാരേഖകൾ കൈയിൽ സൂക്ഷിക്കുകയും ചെയ്താൽ ഏതെങ്കിലും അമേരിക്കൻ അന്താരാഷ്ട്ര എയർ പോർട്ടിൽ തിരികെ വന്നിറങ്ങുമ്പോൾ അധികം ബുദ്ധിമുട്ടുകൾ നേരിടാതെ രക്ഷപ്പെടാം. അമേരിക്കൻ കുടിയേറ്റ പൗരത്വ നിയമപ്രകാരം ഒരു വിദേശ പൗരൻ അമേരിക്കൻ സ്ഥിരതാമസത്തിന് അനുയോജ്യമായ ഗ്രീൻ കാർഡ് നല്കാറുണ്ട്. മറ്റു രാജ്യങ്ങളിൽ ഇതിന് പിആർ അല്ലെങ്കിൽ പെർമെനന്റ് റെസിഡൻസി എന്നാണ് പറയാറ്.




ഇത്തരം ഗ്രീൻകാർഡ് ഉള്ളപ്പോൾ ഒരു വിദേശ പൗരൻ അമേരിക്കയിൽ സ്ഥിരമായി താമസിക്കുവാനോ ബിസിനസ് ചെയ്യുവാനോ അമേരിക്കയിലെ ഏതെങ്കിലും സംസ്ഥാനത്ത് ജോലി ചെയ്ത് ജീവിക്കാനോ ഒരു വീട് വാങ്ങാനോ തടസ്സമില്ല. അതോടൊപ്പം ആ വ്യക്തിക്ക് അവരുടെ സ്വന്തം മാതൃരാജ്യത്തെ പൗരത്വം നിലനിർത്തുവാൻ സാധിക്കുകയും ചെയ്യും. എന്നാൽ, ഗ്രീൻകാർഡ് ഉടമകൾക്ക് അമേരിക്കയിൽ വോട്ടവകാശം ഇല്ല എന്ന മുഖ്യ തടസ്സമേ നിലവിലുള്ളൂ.

ഗ്രീൻകാർഡ് ഉള്ളവർ വിദേശരാജ്യങ്ങളിൽ പോയാൽ ആറ് മാസത്തിനകം തിരികെ വരണമെന്നാണ് നിബന്ധന. എന്നാൽ, പുതിയ പരിഷ്കാരങ്ങൾ മൂലം തിരികെ വരുന്നവർ രണ്ടോ മൂന്നോ മാസത്തിനകം തിരികെ വന്നാലും ധാരാളം ചോദ്യങ്ങൾ ചോദിച്ച് ഇമ്മിഗ്രേഷൻ ഉദ്യോഗസ്ഥർ അവരെ ബുദ്ധിമുട്ടിക്കുക പതിവായിരിക്കുന്നു. ബിസിനസ് ആവശ്യങ്ങൾക്കോ മറ്റേതെങ്കിലും ആവശ്യങ്ങൾക്കോ അടിക്കടി വിദേശരാജ്യങ്ങളിൽ പോകുന്ന ഗ്രീൻ കാർഡുകാരോടും നിരവധി ചോദ്യങ്ങൾ ചോദിക്കുന്നു. അമേരിക്കയിൽ സ്ഥിരം താമസിക്കുന്നതിനാണ് ഗ്രീൻ കാർഡ് നിങ്ങൾക്ക് നല്കിയിരിക്കുന്നത്. എന്നാൽ, നിങ്ങൾ അധിക സമയവും രാജ്യത്തിന് വെളിയിലാണെങ്കിൽ പിന്നെ എന്തിന് ഗ്രീൻ കാർഡ് വെച്ചിരിക്കുന്നു എന്നതാണ് പ്രസക്തമായ ചോദ്യം.

നിങ്ങൾക്ക് അമേരിക്കയോട് എന്ത് ബന്ധമാണുള്ളത്, അല്ലെങ്കിൽ എന്ത് പ്രതിബദ്ധതയാണ് ഉള്ളത്? നിങ്ങൾ എവിടെയൊക്കെ പോയി? ഏതു രാജ്യങ്ങളൊക്കെ സന്ദർശിച്ചു? എന്തിന് അവിടെ പോയി? എത്ര നാളായി വിദേശത്തേക്ക് പോയിട്ട്? നിങ്ങൾ ഇവിടെയാണോ അതോ വിദേശത്താണോ താമസം? ഇവിടെ നിങ്ങൾ ജോലി ചെയ്യുന്നില്ലേ? സർക്കാരിലേക്ക് ടാക്സ് അടയ്ക്കുന്നില്ലേ? തുടങ്ങി നിരവധി കുഴയ്ക്കുന്ന ചോദ്യങ്ങളാൽ ഇമിഗ്രേഷൻ ഓഫീസർമാർ നിങ്ങളെ ഒരു കുറ്റവാളിയെപ്പോലെ ചോദ്യം ചെയ്തെന്നു വരാം. ചോദ്യങ്ങൾക്ക് തൃപ്തികരമായ ഉത്തരം അവർക്ക് ലഭിച്ചില്ലെങ്കിൽ ദീർഘനേരം നിങ്ങളെ അവരുടെ കസ്റ്റഡിയിൽ വെക്കാനും സാദ്ധ്യതയുണ്ട്.

അതിനാൽ വിദേശയാത്ര ചെയ്യുന്ന ഗ്രീൻകാർഡുകാർ അല്പം ജാഗ്രത പാലിക്കുന്നത് നല്ലതാണ്. നിങ്ങൾക്ക് അമേരിക്കയോട് എന്ത് ബന്ധമാണുള്ളത് എന്ന ചോദ്യത്തിന് മറുപടിയായി വിദേശയാത്ര ചെയ്യുമ്പോൾ ചില രേഖകൾ കൈയിൽ സൂക്ഷിക്കുന്നത് സഹായകരമാകും. നിങ്ങൾക്ക് അമേരിക്കയിൽ ജോലി ഉണ്ടെങ്കിൽ ജോലി സംബന്ധമായ ഏതെങ്കിലും രേഖ കാണിച്ചാൽ ഉപകാരപ്പെടും. അതുപോലെ നിങ്ങൾക്ക് അമേരിക്കയിൽ സ്വന്തമായി വീടുണ്ടെങ്കിൽ അതിന്റെ മോർട്ട്ഗേജ് രേഖയോ വാടകയ്ക്ക് താമസിക്കുകയാണെങ്കിൽ വാടകച്ചീട്ടിന്റെ (ലീസ് എഗ്രിമെന്റ്) കോപ്പിയോ കൈയിൽ കരുതുന്നത് നല്ലതാണ്. ഡ്രൈവിംഗ് ലൈസൻസ് ഉണ്ടെങ്കിൽ ഇവിടെ സ്ഥിരതാമസമാണ് എന്നതിനു ശരിയായ അഡ്രസ് ഉണ്ടെന്നുള്ളതിനും തെളിവാണ്. അതും നിങ്ങൾക്കു കാണിക്കാം. എന്നാൽ, ഡ്രൈവിങ് ലൈസൻസ് കാലാവധി ഉള്ളതാണോ എന്ന് പ്രത്യേകം ശ്രദ്ധിക്കണം. ക്രെഡിറ്റ് കാർഡുകൾ മറ്റൊരു തെളിവാണ്.

നിങ്ങളുടെ താമസസ്ഥലത്തെ ഗ്യാസിന്റെയോ വൈദ്യുതിയുടെയോ വെള്ളത്തിന്റെയോ ഉപയോഗ ബില്ല് നിങ്ങളുടെ പേരിൽ ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി കൈയിലുള്ളതും അത്തരം ചോദ്യങ്ങൾക്ക് തെളിവായി നല്കുവാൻ പ്രയോജനം ചെയ്യും. ബാങ്ക് അക്കൗണ്ടിന്റെ പാസ്ബുക്കോ സ്റ്റേറ്റ്മെന്റോ കൊടുത്താൽ നിങ്ങൾക്ക് ഇവിടെ ബാങ്കിൽ അക്കൗണ്ട് ഉണ്ട് എന്ന് തെളിവ് നല്കാം. നിങ്ങൾ നടപ്പുവർഷത്തെ ടാക്സ് റിട്ടേൺ ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി കൈയിലുണ്ടെങ്കിൽ അല്ലെങ്കിൽ ഫോണിലുണ്ടെങ്കിൽ അതും കാണിക്കാം. ഇതിന്റെയെല്ലാം കടലാസ് കോപ്പികൾ കൊണ്ടു നടക്കുന്നത് അസൗകര്യമാണെങ്കിൽ അവയുടെ ഫോട്ടോയോ കോപ്പിയോ മൊബൈൽ ഫോണിൽ സൂക്ഷിച്ചാലും തെളിവായി കാണിക്കാവുന്നതാണ്.


നിങ്ങളെപ്പറ്റിയുള്ള എല്ലാ യാത്രാവിവരങ്ങളും വ്യക്തിപരമായ വിവരങ്ങളും നിങ്ങളുടെ പാസ്പോർട്ട് നമ്പർ കംപ്യൂട്ടറിൽ അടിക്കുമ്പോൾ അവർക്ക് ലഭിക്കും. ഒരുപക്ഷേ, അതിൽ നോക്കി ശരിയായ വിവരങ്ങൾ മനസ്സിലാക്കിയിട്ടായിരിക്കാം ഉദ്യോഗസ്ഥർ നിങ്ങളോട് ചോദ്യങ്ങൾ ചോദിക്കുന്നത്. അതിനാൽ കളവ് പറയാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഏതെങ്കിലും ചോദ്യങ്ങൾക്ക് കൃത്യമായ ഉത്തരം നിശ്ചയം ഇല്ലെങ്കിൽ അറിയില്ലെന്നോ ഓർമ്മയില്ലെന്നോ പറയുന്നതാണ് നല്ലത്. നാട്ടിലോ മറ്റ് വിദേശരാജ്യത്തോ പഠിക്കുന്ന കുട്ടികളോ അല്ലെങ്കിൽ ഏതെങ്കിലും പ്രത്യേക ആവശ്യങ്ങളാൽ ഒന്നോ രണ്ടോ വർഷം അമേരിക്കക്ക് വെളിയിൽ താമസിക്കേണ്ടതോ ആയ ഗ്രീൻകാർഡുകാർ റീ-എൻട്രി പെർമിറ്റ് എടുത്തു പോകാറുണ്ട്.

സാധാരണ ഇത്തരം റീ-എൻട്രി പെർമിറ്റ് രണ്ട് വർഷത്തേക്കാണ് നല്കുന്നത്. അങ്ങനെയുള്ളവർ കാലാവധിക്കുള്ളിൽ തിരികെ വരുമ്പോൾ അവരെയും ചോദ്യം ചെയ്യാറുണ്ട്. ഇത്തരം പെർമിറ്റുകൾക്കുള്ള അപേക്ഷ കൊടുക്കുമ്പോഴുള്ള കാരണങ്ങൾ ഉദ്യോഗസ്ഥരുടെ കംപ്യൂട്ടറിൽ കാണും. അതിനാൽ അങ്ങനെയുള്ളവർ അതേ കാരണങ്ങൾ തന്നെ പറഞ്ഞില്ലെങ്കിൽ അവരെയും കൂടുതൽ ചോദ്യങ്ങൾക്ക് വിധേയമാക്കിയേക്കാം.

കാലാവധി കഴിഞ്ഞ ഡ്രൈവിങ് ലൈസൻസ് ഉള്ള ഗ്രീൻകാർഡുകാർ യാത്ര ചെയ്യുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ലൈസൻസ് രേഖകളിൽ നിങ്ങളെപ്പറ്റിയുള്ള എല്ലാ വ്യക്തിവിവരങ്ങളും ഉണ്ടായിരിക്കും. ലൈസൻസ് കാലാവധി കഴിഞ്ഞതാണെങ്കിലോ, നിങ്ങൾ എന്തെങ്കിലും കുറ്റകൃത്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലോ നിങ്ങൾക്ക് ബാങ്ക് അക്കൗണ്ട് ഇല്ലെങ്കിലോ, നിങ്ങൾ അമേരിക്കയിൽ ജോലിയൊന്നും ചെയ്തിട്ടില്ലെങ്കിലോ അതിന്റെയൊക്കെ ശരിയായ വിവരങ്ങൾ റെഡ് ഫ്ളാഗ് ആയി ഇമ്മിഗ്രേഷൻ ഉദ്യോഗസ്ഥരുടെ സിസ്റ്റത്തിൽ ലഭ്യമായിരിക്കും. ഐആർഎസുകാരും (ഐആർഎസ്-യുഎസ് ഇൻകം ടാക്സ് ഡിപ്പാർട്ടുമെന്റ്) നിങ്ങളുടെ സോഷ്യൽ സെക്യൂരിറ്റി നമ്പറിലൂടെ ഇമ്മിഗ്രേഷൻ വകുപ്പുമായി ബന്ധിച്ചിട്ടുണ്ട്. നിങ്ങൾക്ക് നിങ്ങളെപ്പറ്റി അറിയാവുന്നതിലും അധികം വിവരങ്ങൾ ഇമ്മിഗ്രേഷന്റെ സിസ്റ്റത്തിൽ ഉദ്യോഗസ്ഥർക്ക് ലഭ്യമാണ്. അതിനാൽ അവർ ചോദ്യം ചെയ്താൽ കഴിവതും അറിയാവുന്ന സത്യങ്ങൾ മാത്രം പറയുക. അറിയില്ലെങ്കിൽ അത് അറിയില്ല എന്നുതന്നെ പറയുന്നതാകും ഉചിതം.

അതിനാൽ ഗ്രീൻകാർഡുകാർ വിദേശയാത്ര ചെയ്യുമ്പോൾ മേൽപ്പറഞ്ഞ കാര്യങ്ങൾ മനസ്സിൽ സൂക്ഷിക്കുകയും അതനുസരിച്ച് കരുതലുകൾ മുൻകൂട്ടി എടുക്കുകയും ചെയ്താൽ യാത്ര സുഗമമാക്കാം. സ്വകാര്യത നിങ്ങളുടെ അവകാശമാണെങ്കിലും ഇന്നത്തെ ഇലക്ട്രോണിക്സ് യുഗത്തിൽ നിങ്ങൾക്ക് ഒരു സ്വകാര്യതയും ഇല്ലെന്നും നിങ്ങൾ എപ്പോഴും ആരുടെയെങ്കിലും സൂക്ഷ്മമായ നിരീക്ഷണത്തിൽ ആണെന്നും മനസ്സിലാക്കിയിരിക്കുന്നത് നല്ലതാണ്. നിങ്ങൾ ഉപയോഗിക്കുന്ന മൊബൈൽ ഫോണുകളും സോഷ്യൽ മീഡിയ അക്കൗണ്ടുകളും അതിലൂടെ അയയ്ക്കുന്ന സന്ദേശങ്ങളും എല്ലാം നിങ്ങളെ അനായാസം പിന്തുടരുന്നതിനും നിങ്ങളുടെ നീക്കങ്ങൾ മനസ്സിലാക്കുന്നതിനും ഇന്നത്തെ ടെക്നോളജിയിലൂടെ സാധിക്കും എന്നും മനസ്സിലാക്കുന്നത് നല്ലതാണ്. എല്ലാ ഗ്രീൻകാർഡുകാർക്കും ശുഭയാത്ര നേരുന്നു.

# തരൂരിന്റെ തറവേല (ഏറ്റില്ല)



**രാജു മൈലപ്ര**

താനൊരു വലിയ സംഭവമാണെന്ന് ഒരാൾ സ്വയം വിശ്വസിക്കുകയും അതു മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കുവാൻ ചില തറവേലകൾ ഇറക്കുകയും ചെയ്യുമ്പോൾ അയാളുടെ തകർച്ച ആരംഭിക്കുന്നു.

'വെള്ളം കോരാതെയും വിറകു വെട്ടാതെയും' 'വിശ്വപൗരൻ' എന്ന ലേബലിന്റെ ബലത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് എന്ന പ്രസ്ഥാനത്തിലേക്ക് പുഷ്പക വിമാനത്തിൽ പറന്നിറങ്ങിയ ഒരു മാന്യ വ്യക്തിയാണ് ബഹുമാന്യനായ ശശി തരൂർ.

കേരളത്തിലെ കോൺഗ്രസ് നേതാക്കന്മാർക്ക്, പ്രത്യേകിച്ച് മുഖ്യമന്ത്രിപദ സ്ഥാനമോഹികൾക്ക് അത് അത്രയങ്ങ് സുഖിച്ചില്ലെങ്കിലും സാധാരണ കോൺഗ്രസുകാർക്ക് അദ്ദേഹം ഒരു ആവേശമായിരുന്നു, പ്രതീക്ഷയായിരുന്നു.

അതുകൊണ്ടാണല്ലോ പാരകൾ പലതുണ്ടായിട്ടും തരൂർജി അനന്തപുരിയിൽ നിന്നും പലതവണ പാർലമെന്റിൽ എത്തിയത്. കോൺഗ്രസുകാരുടെ വോട്ടുകൊണ്ടു മാത്രമല്ല അദ്ദേഹം വിജയിച്ചതെന്ന് എല്ലാവർക്കുമറിയാം.

എന്നാൽ, പതിയെ പതിയെ അദ്ദേഹത്തിന്റെ അധികാരമോഹം പുറത്തു വന്നു.

കേരളത്തിന്റെ മുഖ്യമന്ത്രിയാകുവാൻ മറ്റുള്ള ആരേക്കാളും താനാണ് പരമയോഗ്യൻ എന്ന് അദ്ദേഹം ആത്മാർത്ഥമായി വിശ്വസിച്ചു.

അർഹിക്കുന്നതിൽ കൂടുതൽ അംഗീകാരം കോൺഗ്രസ് പാർട്ടി അദ്ദേഹത്തിനു നല്കി. വിദേശകാര്യ സഹമന്ത്രി സ്ഥാനം മുതൽ കോൺഗ്രസിന്റെ പാർട്ടിയുടെ പരമോന്നത സമിതിയിൽ വർക്കിംഗ് കമ്മിറ്റി മെംബർ വരെ!

ഇതിനിടെ ഒളിഞ്ഞും തെളിഞ്ഞും തന്റെ പ്രസ്താവനകൾ കൊണ്ട് അദ്ദേഹം കോൺഗ്രസിനിട്ടു പണി കൊടുത്തു തുടങ്ങി. ഇന്ദിരാഗാന്ധി മുതൽ രാഹുൽ മാങ്കൂട്ടത്തിനെ വരെ വിമർശിച്ചു.

കേന്ദ്രത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയേയും കേരളത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയേയും വാനോളം പുകഴ്ത്തി. അധികാരത്തോട് ഒട്ടിനിൽക്കുന്നതാണ് നല്ലതെന്ന് ബുദ്ധിമാനായ അദ്ദേഹത്തിനറിയാം.

അതുകൊണ്ടാണല്ലോ മണി മണിപോലെ ഇംഗ്ലീഷ് പേശുന്ന തരൂർജിയെ തന്നെ ദൗത്യസംഘത്തിന്റെ തലവനായി, ദൂതുമായി അമേരിക്കയിലേക്കയച്ചത്.

അദ്ദേഹത്തിന്റെ അമേരിക്കൻ സന്ദർശനം വളരെ വിജയകരമായിരുന്നു. അതുകൊണ്ടാണല്ലോ അമേരിക്കൻ പ്രസിഡണ്ട്ജി, തൊട്ടടുത്ത ദിവസം തന്നെ പാക്കിസ്ഥാൻ ആർമി ചീഫിനെ വൈറ്റ്ഹൗസിലേക്കു ക്ഷണിച്ചുവരുത്തി നാലുകൂട്ടം പായസവും അടപ്രഥമനും കൂട്ടി സദ്യ കൊടുത്തു സൽക്കരിച്ചത്.

കോൺഗ്രസുകാർ പുറത്താക്കുന്നതിനു മുൻപ് തരൂർജി മാന്യമായി രാജി വെച്ച് ബി.ജെ.പിയിൽ ചേരണം. അവിടെയാകുമ്പോൾ അധികാരമുള്ള ഏതെങ്കിലുമൊരു ഉന്നത പദവി ലഭിക്കും.

കോൺഗ്രസിൽ തുടരുന്നതുകൊണ്ട് തരൂർജിക്ക് വലിയ ഗുണമൊന്നുമില്ല. രാഹുൽമോൻ കോൺഗ്രസിന്റെ തലപ്പത്തിരിക്കുന്നിടത്തോളം കാലം കോൺഗ്രസ് കേന്ദ്രത്തിൽ അധികാരത്തിൽ വരികയില്ല.

കേരളത്തിൽ മുഖ്യമന്ത്രി പോയിട്ട് ഒരു പഞ്ചായത്ത് പ്രസിഡണ്ടാകുവാനുള്ള യോഗ്യതപോലും ശശിയണ്ണനില്ല. ഇവിടെ ഭരിക്കണമെങ്കിൽ രാഷ്ട്രീയ അടി തട സകലതും അഭ്യസിച്ചിരിക്കണം.

മണി മണിപോലെ ഇംഗ്ലീഷ് സംസാരിക്കുന്നതൊന്നും കേരളത്തിലെ ഒരു മന്ത്രിയാകുവാനുള്ള മാനദണ്ഡമൊന്നുമല്ല. ഒരു തരി ഇംഗ്ലീഷുപോലും അറിയാത്ത മണിയാശാൻ 'പിന്നെ, നീ കുറേ ഒലത്തും' എന്ന ഒരൊറ്റ വാചകത്തിന്റെ ബലത്തിൽ നല്ല ഒന്നാന്തരമായി ഒരു വകുപ്പു കൈകാര്യം ചെയ്തില്ലേ?

'തലയിൽ വീടും ചുമന്നുകൊണ്ടു നടക്കുന്ന' മഹിള ഉന്നത വിദ്യാഭ്യാസവും ഇംഗ്ലീഷ് പോയിട്ട് മലയാളം പോലും ശരിക്കു വായിക്കുവാനും എഴുതുവാനും അറിയാത്ത വിദ്യാഭ്യാസമന്ത്രിയും ഭരിക്കുന്ന നാടാണിത്.

ഏതായാലും തരൂരിന്റെ 'അഭിപ്രായ സർവേ' ഒരു തറവേലയായിപ്പോയി. അദ്ദേഹം മുഖ്യമന്ത്രിയാകണം എന്നത്രേ കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ആഗ്രഹിക്കുന്നത് എന്നാണത്രേ സർവ്വേഫലം. ഏതു കേരളത്തിന്റെ കാര്യമാണോ തരൂർ ഉദ്ദേശിക്കുന്നത്?

പ്രവചനം: ബഹുമാനപ്പെട്ട വിശ്വപൗരൻ ശശി തരൂരിന് ഇനി കോൺഗ്രസിൽ ഒരു സ്ഥാനവും ലഭിക്കില്ല. താങ്കളുടെ പ്രസ്താവനകളെ അർഹിക്കുന്ന അവഗണനയോടെ അവർ പുച്ഛിച്ചു തള്ളുന്നതു തന്നെ തെളിവ്!

## നിമിഷപ്രിയയുടെ കേസിൽ ഇടപെടുന്നതിന് പരിമിതികളുണ്ടെന്ന് കേന്ദ്രസർക്കാർ

ന്യൂഡൽഹി: നിമിഷപ്രിയ കേസിൽ ഇടപെടുന്നതിന് പരിമിതികളുണ്ടെന്ന് കേന്ദ്രസർക്കാർ സുപ്രീം കോടതിയിൽ. നയതന്ത്ര ഇടപെടൽ അംഗീകരിക്കപ്പെടാത്തതിനാൽ സ്വകാര്യതലത്തിൽ ചർച്ചകൾ നടത്താനാണ് ശ്രമിക്കുന്നത്. യെമനിൽ സ്വാധീനമുള്ള ആളുകൾ വഴിയാണ് ചർച്ച നടത്തുന്നത്. മോചനത്തിനു വേണ്ടി പരമാവധി ശ്രമിക്കും. അതിനായുള്ള ശ്രമങ്ങൾ കേന്ദ്രം നടത്തുന്നുണ്ടെന്നും സർക്കാർ കോടതിയെ അറിയിച്ചു.



അനൗദ്യോഗിക ആശയവിനിമയം നടക്കട്ടെയെന്നു പറഞ്ഞ സുപ്രീംകോടതി തങ്ങൾക്ക് ഒരു നിർദേശം നല്കാനാവില്ലെന്നും വ്യക്തമാക്കി. കേസ് നിരീക്ഷിക്കുകയാണെന്നു പറഞ്ഞ കോടതി ഹർജി പരിഗണിക്കുന്നത് വെള്ളിയാഴ്ചത്തേക്ക് മാറ്റി.

നിമിഷപ്രിയയുടെ ജയിൽമോചനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് മുഖ്യമന്ത്രി പിണറായി വിജയൻ വീണ്ടും കഴിഞ്ഞദിവസം കത്തയച്ചിരുന്നു. വിഷയത്തിൽ അടിയന്തര ഇടപെടൽ നടത്തണമെന്നായിരുന്നു ആവശ്യം. വധശിക്ഷ 16-ന് നടപ്പാക്കുമെന്ന് അറിയുന്നുവെന്നും ഉടൻ ഇടപെടണമെന്നുമായിരുന്നു മുഖ്യമന്ത്രി ആവശ്യപ്പെട്ടത്. കൊല്ലപ്പെട്ട യെമൻ പൗരന്റെ കുടുംബത്തിൽ നിന്നു മാപ്പു ലഭിക്കുക എന്നതാണ് നിമിഷപ്രിയയ്ക്കു മുന്നിലുള്ള ഏകവഴി. അതിവേഗം ഇടപെടാൻ ഇന്ത്യൻ സർക്കാരിനോട് നിമിഷ അഭ്യർത്ഥിക്കുകയാണെന്നും അങ്ങനെ സംഭവിച്ചാൽ താൻ രക്ഷിക്കപ്പെടുമെന്ന് അവർക്ക് പ്രതീക്ഷയുണ്ടെന്നും സേവ് നിമിഷപ്രിയ ഇന്റർനാഷണൽ ആക്ഷൻ കൗൺസിൽ പ്രവർത്തകൻ ബാബു ജോൺ പറഞ്ഞിരുന്നു.

## കാർ പൊട്ടിത്തെറിച്ചു പൊള്ളലേറ്റ രണ്ടു കുട്ടികൾ മരിച്ചു

ചിറ്റൂർ: പൊൽപ്പുള്ളിയിൽ മാരുതി കാർ പൊട്ടിത്തെറിച്ച് ഗുരുതരമായി പൊള്ളലേറ്റവരിൽ രണ്ടു കുട്ടികൾ മരിച്ചു. പൊൽപ്പുള്ളി അത്തിക്കോട് പൂളക്കാട്ടിൽ പരേതനായ മാർട്ടിന്റെയും എൽസിയുടെയും മക്കളായ എമിലി (നാല്), ആൽഫിൻ (ആറ്) എന്നിവരാണു ചികിത്സയിലിരിക്കെ ജൂലൈ 12-ന് എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ മരിച്ചത്. ഗുരുതരമായി പരുക്കേറ്റ എൽസി(40)യും മൂത്തമകൾ അലീന(10)യും തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

12-ന് ഉച്ചയോടെ എമിലിയും ഒരു മണിക്കൂറിനുശേഷം ആൽഫിനും മരണത്തിനു കീഴടങ്ങുകയായിരുന്നു. അലീന അപകടനില തരണംചെയ്തതായി ആശുപത്രി അധികൃതർ പറഞ്ഞു.

11-ന് വെള്ളിയാഴ്ച വൈകുന്നേരം അഞ്ചരയോടെയാണ് കാർ പൊട്ടിത്തെറിച്ച് അപകടമുണ്ടായത്. വീടിനു മുന്നിൽ നിർത്തിയിട്ട കാർ സ്റ്റാർട്ട് ചെയ്യുന്നതിനിടെ വലിയ ശബ്ദത്തോടെ തീപിടിക്കുകയായിരുന്നു. പാലക്കാട് പാലന ആശുപത്രിയിൽ നേഴ്സായ എൽസി ജോലികഴിഞ്ഞു തിരികെയെത്തി ഒരു മണിക്കൂറിനുശേഷം മക്കളുമായി ഷോപ്പിംഗിനു പോകാൻ ഇറങ്ങിയ സമയത്തായിരുന്നു അപകടം. വാഹനം



സ്റ്റാർട്ടാക്കിയപ്പോൾ പെട്രോൾ ടാങ്കിന്റെ ഭാഗത്തുനിന്ന് തീ പിടിക്കുകയായിരുന്നു. ഉടൻതന്നെ എൽസി പുറത്തിറങ്ങി രണ്ടു മക്കളെയും പുറത്തേക്കു വലിച്ചിട്ടെങ്കിലും ഇതിനകം തീ ആളിപ്പടർന്നു. കാറിന്റെ ഡോർ അടഞ്ഞതു രക്ഷാപ്രവർത്തനം ദുഷ്കരമാക്കി.

ബഹളം കേട്ടെത്തിയ നാട്ടുകാർ വെള്ളമൊഴിച്ചു തീയണച്ച് ഇവരെ പുറത്തെടുത്ത് ആംബുലൻസിൽ ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. അട്ടപ്പാടി സ്വദേശിയായ എൽസി നാലുവർഷം മുമ്പാണ് ഇവിടെ താമസിക്കാനായി എത്തിയത്. ഇവരുടെ ഭർത്താവ് മാർട്ടിൻ ഒന്നര മാസം മുമ്പ് കാൻസർ ബാധിച്ചു മരിച്ചിരുന്നു.

ആൽഫിൻ പൊൽപ്പുള്ളി കെവിഎം യുപി സ്കൂളിൽ ഒന്നാംക്ലാസ് വിദ്യാർത്ഥിയും എമിലി യുകെജി വിദ്യാർത്ഥിനിയുമാണ്.

പാലക്കാട്ടുനിന്ന് ഫോറൻസിക് വിദഗ്ധൻ പി.ആർ. ആനന്ദ്, വിരലടയാള വിദഗ്ധൻ രാജേഷ് എന്നിവരെത്തി കത്തിനശിച്ച കാർ പരിശോധിച്ച് തെളിവുകൾ ശേഖരിച്ചു.

പെട്രോൾ ടാങ്കിൽനിന്നു ചോർച്ച ഉണ്ടാകാനുള്ള സാധ്യതയും അന്വേഷിക്കുന്നതായി ഇവർ അറിയിച്ചു. ഷോർട്ട് സർക്യൂട്ടാണ് അപകടത്തിനു കാരണമെന്നായിരുന്നു ആദ്യനിഗമനം. ഗ്യാസ് ചോർന്നു തീപിടിച്ചതാണെന്നും സംശയമുയർന്നിരുന്നു.

## കൊടും കാട്ടിൽ ധ്യാനത്തിലായിരുന്ന റഷ്യക്കാരിയെയും മക്കളെയും രക്ഷിച്ചു

കാർവാർ: കൊടുംകാട്ടിലെ ഗുഹയ്ക്കുള്ളിൽ ആറും നാലും വയസുള്ള രണ്ട് മക്കൾ, ഒപ്പം ശാന്തി തേടി ധ്യാനത്തിലായിരുന്ന റഷ്യക്കാരിയായ അമ്മ. ഉത്തരകന്നഡയിൽ ഉരുൾപൊട്ടലിനെ തുടർന്നുള്ള പട്രോളിംഗിനിടെ കാട്ടിനുള്ളിൽ വസ്ത്രം ഉണക്കാനിട്ടിരിക്കുന്നത് കണ്ടെത്തിയ പോലീസ് ഈ കാഴ്ച കണ്ട് അമ്പരന്നു. ഇവരെ പുറത്തെത്തിച്ച പോലീസ് റഷ്യയിലേക്ക് തിരിച്ചയയ്ക്കാനുള്ള നടപടിയും തുടങ്ങി. ഉത്തരകന്നഡ ജില്ലയിലെ രാമതീർഥ മലയിലെ ഗുഹയിലാണ് നീന കുട്ടീന എന്ന റഷ്യൻ യുവതി മോഹി എന്ന പേരു സ്വീകരിച്ച് തപസ്സിരുന്നത്. രുദ്ര വിഗ്രഹം സ്ഥാപിച്ചു പൂജയും പ്രാർത്ഥനയുമായി കഴിഞ്ഞ ഇവർക്കൊപ്പം പ്രേയ (6) അമ (4) എന്നീ പെൺകുട്ടികളും. ഹിന്ദുമതത്തിലും ഇന്ത്യൻ ആദ്ധ്യാത്മികതയിലും ആകൃഷ്ടയായാണ് എത്തിയതെന്ന് യുവതി പറഞ്ഞു. കൊടും കാട്ടിൽ കുത്തനെയുള്ള മലഞ്ചെരുവിലെ ഗുഹയിൽ രണ്ടാഴ്ച കഴിഞ്ഞതായാണ് വിവരം. കാട്ടുമൃഗങ്ങളെ എങ്ങനെ അതിജീവിച്ചെന്നോ എന്തു ഭക്ഷണം കഴിച്ചെന്നോ വ്യക്തമല്ല. ബിസിനസ് വിസയിൽ ഗോവയിലെത്തിയ യുവതി ഗോകർണം വഴി ഗുഹയിലെത്തിയെന്നാണ് വിവരം.



പരിശോധനയിൽ വിസ കാലാവധി 2017-ൽ കഴിഞ്ഞതാണെന്നു കണ്ടെത്തി. ഇവരെ ഒരു ആശ്രമത്തിലേക്ക് മാറ്റിയെന്നും താമസിയാതെ ബെംഗ്ളൂരുവിലെത്തിച്ച് റഷ്യയിലേക്ക് തിരിച്ചയയ്ക്കുമെന്നും ഉത്തരകന്നഡ എസ്പി എം. നാരായണ പറഞ്ഞു. റഷ്യൻ എംബസിയുമായി പോലീസ് ബന്ധപ്പെട്ടിട്ടുണ്ട്.

## ഒഴിവാക്കുന്നു

(3-ാം പേജിൽനിന്നും)

കഴിഞ്ഞ ജനുവരി 11-ന് ആഭ്യന്തര അഡീഷണൽ ചീഫ് സെക്രട്ടറിക്കു വിജിലൻസ് ഡയറക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിലാണു തീരുമാനം. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയെ വിവരാവകാശ നിയമത്തിന്റെ സെക്ഷൻ 24 പ്രകാരം വിവരം നൽകുന്നതിൽനിന്ന് ഒഴിവാക്കി വിജ്ഞാപനം പുറപ്പെടുവിക്കണമെന്നായിരുന്നു ആവശ്യം. നിലവിൽ ഈ ആവശ്യം നിയമവകുപ്പിന്റെ പരിശോധനയിലാണ്.

ഇത്തരം തീരുമാനങ്ങൾക്കു വിവരാവകാശ കമ്മീഷന്റെ അഭിപ്രായം തേടണമെന്നുണ്ടെങ്കിലും അതു ചെയ്യാറില്ല. ഇടപെടേണ്ട കമ്മീഷനാകട്ടെ മൗനത്തിലുമാണ്.

## പി.എസ്. ശ്രീധരൻപിള്ളയെ മാറ്റി

ന്യൂഡൽഹി: ഗോവ ഗവർണർ പി.എസ്. ശ്രീധരൻ പിള്ളയെ മാറ്റി. അശോക് ഗജപതി രാജുവാണ് പുതിയ ഗോവ ഗവർണർ. നേരത്തെ മിസോറാം ഗവർണറായിരുന്ന ശ്രീധരൻ പിള്ള 2021 ജൂലൈലാണ് ഗോവ ഗവർണറായത്. ശ്രീധരൻ പിള്ളയ്ക്ക് പകരം നിയമനം നല്കിയിട്ടില്ല.

## വി.ജി. ബെയ്സിൽ ഡാളസിൽ അന്തരിച്ചു

കരോൾട്ടൻ (ടെക്സസ്): കൊല്ലം കുണ്ടറ പടപ്പക്കര വി.ജി. ബെയ്സിൽ (94, റിട്ട. അദ്ധ്യാപകൻ, സെ. മൈക്കിൾസ് ഹൈസ്കൂൾ കുമ്പളം) ഡാളസിൽ കരോൾട്ടനിൽ അന്തരിച്ചു. ഭാര്യ പടപ്പക്കര സരസുപുറത്തിൽ പരേതയായ ഫ്രീറ്റാമ്മ ബെയ്സിൽ. സംസ്കാര ശുശ്രൂഷകൾ ടെക്സാസിലെ കൊപ്പേൽ സെന്റ് അൽഫോൻസാ സീറോമലബാർ ദേവാലയത്തിലും സംസ്കാരം കൊപ്പേൽ റോളിംഗ് ഓക്സ് മെമ്മോറിയൽ സെന്റർ സെമിത്തേരിയിലും പിന്നീട് നടക്കും. മക്കൾ: സാലു ബെയ്സിൽ, സെർജി ബെയ്സിൽ, സാജൻ ബെയ്സിൽ, സൂസൻ രാജു (എല്ലാവരും കരോൾട്ടൻ). മരുമക്കൾ: സിന്ധു സാലു, ജോസ്‌ലിൻ സെർജി, സിനി സാജൻ, രാജു ജോസഫ് (എല്ലാവരും കരോൾട്ടൻ).



**വാർത്ത: മാർട്ടിൻ വിലങ്ങോലിൽ**

## കത്തിയമർന്നു

(3-ാം പേജിൽനിന്നും)

പാളംതെറ്റിയ വാഗണിൽനിന്നുള്ള ഇന്ധനച്ചോർച്ചയാണ് അപകട കാരണമെന്നു സംശയിക്കുന്നതായി തിരുവള്ളൂർ കളക്ടർ എം. പ്രതാപ് അറിയിച്ചു.

ചെന്നൈ ഹാർബറിൽനിന്നു വലജാറോഡ് ഭാഗത്തേക്കു പോവുകയായിരുന്ന, 52 വാഗണുകളുള്ള ഗുഡ്സ് ട്രെയിൻ പുലർച്ചെ അഞ്ചരയോടെയാണ് അപകടത്തിൽപ്പെട്ടത്. ഓരോ വാഗണിലും 70,000 ലിറ്റർ ഇന്ധനമുണ്ടായിരുന്നു. ട്രെയിൻ തിരുവള്ളൂർ സ്റ്റേഷൻ കടന്നു പോകവേ പാളം തെറ്റിയ മൂന്നാമത്തെ വാഗണിലാണ് ആദ്യം തീ കണ്ടത്. ഇതു ശ്രദ്ധയിൽപ്പെട്ടതോടെ ലോക്കോ പൈലറ്റ് അടിയന്തര ബ്രേക്ക് ഉപയോഗിച്ചു. സ്റ്റേഷൻ മാസ്റ്റർ വൈദ്യുത ലൈനുകൾ ഓഫ് ചെയ്തു.

കേടുപാടുകളില്ലാത്ത വാഗണുകളും എഞ്ചിനും സുരക്ഷിതമായി നീക്കിയതായും അപകട സ്ഥലത്തു മറിഞ്ഞു കിടന്നിട്ടും തീപിടിക്കാതിരുന്ന വാഗണിൽനിന്നുള്ള ഡീസൽ ടാങ്കർ ലോറികളിലേക്കു മാറ്റിയതായും അധികൃതർ അറിയിച്ചു.

## റിപ്പോർട്ട് പുറത്ത്

(3-ാം പേജിൽനിന്നും)

ലഭിച്ചിരുന്നെന്നും അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. 15,638 മണിക്കൂർ പറക്കൽ പരിചയമുള്ള 56-കാരനായ സുമീത് സബർവാളാണ് വിമാനം നയിച്ചത്. അദ്ദേഹത്തിന്റെ സഹ പൈലറ്റ് ക്ലൈവ് കുന്ദർ (32) ആയിരുന്നു. അദ്ദേഹത്തിന് 3,403 മണിക്കൂർ മൊത്തം പരിചയമുണ്ടായിരുന്നു.

പക്ഷികൾ ഇടിച്ചതാണ് അപകട കാരണമെന്നു സംശയമുയർന്നിരുന്നെങ്കിലും റിപ്പോർട്ട് ഇതു തള്ളി. വിമാനത്തിന്റെ പാതയിലോ സമീപത്തോ കാര്യമായ പക്ഷി സാന്നിധ്യം ഇല്ലായിരുന്നെന്നു റിപ്പോർട്ടിൽ പറയുന്നു. എഎഐബിയുടെ അന്വേഷണവുമായി സഹകരിക്കുമെന്ന് എയർ ഇന്ത്യ വക്താവ് അറിയിച്ചു. അന്വേഷണത്തിനും എയർ ഇന്ത്യക്കും പിന്തുണ നൽകുമെന്ന് ബോയിങ് കമ്പനിയും അറിയിച്ചു. ലണ്ടനിലേക്കു തിരിച്ച ബോയിങ് 787-8 ഡ്രീംലൈനർ വിമാനമാണ് ജൂൺ 12-ന് അഹമ്മദാബാദ് വിമാനത്താവളത്തിൽനിന്നു പറന്നുയർന്നതിനു പിന്നാലെ തകർന്നുവീണത്. ബി.ജെ. മെഡിക്കൽ കോളജിലെ ഹോസ്റ്റൽ കെട്ടിടത്തിലേക്കാണു വിമാനം വീണത്. അപകടത്തിൽ 260 പേർ മരിച്ചു. ഒരാൾ അദ്ഭുതകരമായി രക്ഷപ്പെട്ടു.

## കാനഡയിൽ വിമാനങ്ങൾ കൂട്ടിയിടിച്ച് തൃപ്പൂണിത്തുറ സ്വദേശിക്ക് ദാരുണാന്ത്യം

തൃപ്പൂണിത്തുറ: വിമാനം പറത്തുന്നതിനുള്ള പരിശീലനത്തിനിടെ ചെറുവിമാനങ്ങൾ കൂട്ടിയിടിച്ചു തൃപ്പൂണിത്തുറ സ്വദേശിയായ വിദ്യാർത്ഥി കാനഡയിൽ മരണമടഞ്ഞു. തൃപ്പൂണിത്തുറ സ്റ്റാച്യു ജങ്ഷനു സമീപം ന്യൂറോഡ് കൃഷ്ണ എൻക്ലേവ് 1 എയിലെ ശ്രീഹരി സുകേഷ് (23) ആണ് മരിച്ചത്.



അപകടത്തിൽ സഹപാഠിയായ കാനഡ സ്വദേശിനി സാവന്ന മേയ് റോയ്സും (20) മരിച്ചു. കാനഡയിലെ മാനിടോബയിൽ സ്റ്റൈൻബാക് സൗത്ത് വിമാനത്താവളത്തിനടുത്തു കഴിഞ്ഞ എട്ടിനു പ്രാദേശിക സമയം രാവിലെ 8.45-നായിരുന്നു അപകടം.

പരിശീലനപ്പറക്കലിനിടെ സഹപാഠിയായ സാവന്ന മേയ് റോയ്സിന്റെയും ശ്രീഹരിയുടെയും വിമാനങ്ങൾ കൂട്ടിയിടിക്കുകയായിരുന്നു എന്നാണ് ബന്ധുക്കൾക്കു ലഭിച്ച വിവരം. തീപിടിച്ച വിമാനങ്ങൾ എയർ സ്ട്രിപ്പിനു പുറത്തു പാടത്തു തകർന്നുവീണു. ഹാർവ്സ് എയർ പൈലറ്റ് ട്രെയിനിങ് സ്കൂൾ വിദ്യാർത്ഥികളായ ഇരുവരും വിമാനങ്ങൾ ടേക്ക് ഓഫ് ചെയ്യാനും ലാൻഡ് ചെയ്യാനും പരിശീലിക്കുന്നതിനിടെയായിരുന്നു അപകടം.

സ്വകാര്യ പൈലറ്റ് ലൈസൻസ് നേടിയ ശ്രീഹരി കൊമേഴ്സ്യൽ ലൈസൻസിനുള്ള പരിശീലനത്തിലായിരുന്നു. സെൻട്രൽ ബാങ്ക് ഉദ്യോഗസ്ഥനായ സുകേഷിന്റെയും കാക്കനാട് ഇൻഫോ പാർക്കിൽ യുഎസ്ടി ഗ്ലോബൽ ഉദ്യോഗസ്ഥയായ ദീപയുടെയും മകനാണ് ശ്രീഹരി. പ്ലസ് ടു വിദ്യാർത്ഥിനിയായ സംയുക്തയാണ് ശ്രീഹരിയുടെ സഹോദരി.

# ഇടവകദിനത്തിനായി ഒരുങ്ങി ചിക്കാഗോ സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവക

**അനിൽ മറ്റത്തിക്കുന്നേൽ**

ചിക്കാഗോ: ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയുടെ പതിനഞ്ചാം വാർഷികത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന ഇടവക ദിനത്തിനായുള്ള ഒരുക്കങ്ങൾ പൂർത്തിയാകുന്നു.




ജൂലൈ 20-ന് ഞായറാഴ്ച രാവിലെ പത്തിന് ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്തപ്പെടുന്ന പൊന്തിഫിക്കൽ കുർബാനയോടെയാണ് ഇടവക ദിനത്തിന് ആരംഭം കുറിക്കുന്നത്.

ക്നാനായ റീജിയൺ ഡയറക്ടർ മോൺ. തോമസ് മുളവനാൽ സഹകാർമ്മികത്വം വഹിക്കും. ദിവ്യബലിക്കുശേഷം ഇടവകയിൽ 15-മത്, ഇരുപത്തിയഞ്ചാമത്, അമ്പതാമത് വിവാഹ വാർഷികങ്ങൾ ആഘോഷിക്കുന്ന ദമ്പതിമാരെ ആദരിക്കുകയും അവർക്ക് ഉപഹാരങ്ങൾ നല്കുകയും ചെയ്യും.

തുടർന്ന് എല്ലാ പ്രായക്കാരെയും ഉൾപ്പെടുത്തിക്കൊണ്ട് രസകരമായ ഗെയിമുകൾ സജി പൂതൃക്കയിൽ, സാജു കണ്ണമ്പള്ളി എന്നിവരുടെ നേതൃത്വത്തിൽ നടത്തപ്പെടും.

വിഭവസമൃദ്ധമായ ഉച്ചഭക്ഷണത്തോടെയാകും ഇടവകദിനം സമാപിക്കുക. വികാരി ഫാ. സിജു മുടക്കോടിൽ, അസി. വികാരി ഫാ. അനീഷ് മാവേലിപുത്തൻപുര, സെക്രട്ടറി സിസ്റ്റർ ഷാലോം, കൈക്കാരന്മാരായ സാബു കട്ടപ്പുറം, ബിനു പൂത്തുറയിൽ, ലൂക്കോസ് പൂഴിക്കുന്നേൽ, ജോർജ് മറ്റത്തിപ്പറമ്പിൽ, നിബിൻ വെട്ടിക്കാട്ട്, സണ്ണി മേലേടം, ബിനു കൈതക്കത്തൊട്ടിയിൽ എന്നിവരുടെ നേതൃത്വത്തിലുള്ള കമ്മിറ്റിയംഗങ്ങൾ പതിനഞ്ചാം വാർഷിക പരിപാടികൾക്ക് നേതൃത്വം നല്കും.

# പൗരത്വം ചോദ്യം ചെയ്യേണ്ടത് തെരഞ്ഞെടുപ്പ് കമ്മീഷനല്ലെന്ന് സുപ്രീം കോടതി

ന്യൂഡൽഹി: പൗരത്വം ചോദ്യം ചെയ്യേണ്ടത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ ജോലിയല്ലെന്ന് സുപ്രീംകോടതി ഓർമ്മിപ്പിച്ചു. ബിഹാറിലെ സമഗ്ര വോട്ടർപട്ടിക പരിഷ്കരണത്തിനുള്ള സ്പെഷൽ ഇന്റൻസീവ് റിവിഷൻ (എസ്ഐആർ) നടപടി ചോദ്യം ചെയ്തുള്ള ഹർജികൾ പരിഗണിക്കവേയായിരുന്നു പരാമർശം. പൗരത്വത്തിന്റെ തെളിവായി ആധാർ സ്വീകരിക്കാൻ കഴിയില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ വാദിച്ചപ്പോഴാണ് അത് അവരുടെ ജോലിയല്ലെന്നു ജഡ്ജിമാരായ സുധാംശു ധൂലിയ, ജോയ്മല്യ ബാഗ്ചി എന്നിവരുടെ ബെഞ്ച് വ്യക്തമാക്കിയത്.

വോട്ടർ പട്ടികയിൽ പേര് നിലനിർത്താൻ ആധാർ, വോട്ടർ ഐഡി, റേഷൻ കാർഡ് എന്നിവ കൂടി പരിഗണിക്കണമെന്ന സുപ്രീംകോടതി ആവശ്യത്തിൽ ആധാറും വോട്ടർ ഐഡിയും പരിഗണിക്കാമെന്ന തരത്തിൽ കമ്മീഷൻ നിലപാട് മയപ്പെടുത്തി 21-നകം മറുപടി നല്കും.

നടപടികൾ നിർത്തിവെക്കാൻ നിർദേശിക്കണമെന്ന പ്രതിപക്ഷത്തിന്റെ ഉൾപ്പെടെ ആവശ്യവും ഓഗസ്റ്റ് വരെ ഹർജി പരിഗണിക്കുന്നത് മാറ്റിവെക്കണമെന്ന കമ്മീഷൻ ആവശ്യവും കോടതി അംഗീകരിച്ചില്ല. ഹർജികൾ 28-ന് പരിഗണിക്കാനായി മാറ്റി. എസ്ഐആറിന്റെ ഭാഗമായി അപേക്ഷ സ്വീകരിക്കാൻ 25 വരെയാണ് സമയം. ഓഗസ്റ്റ് 1-ന് കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കും. അതിനു മുൻപ് കോടതി വിഷയം പരിഗണിക്കുമെന്നതിനാൽ പ്രതിപക്ഷം ഇടക്കാല ഉത്തരവ് ആവശ്യപ്പെട്ടില്ല.

# കോയമ്പത്തൂർ സ്ഫോടന പരമ്പര: മുഖ്യപ്രതി 29 വർഷത്തിനുശേഷം പിടിയിൽ

ചെന്നൈ: കോയമ്പത്തൂർ സ്ഫോടന പരമ്പരക്കേസിലെ മുഖ്യപ്രതി ഉക്കടം ബിലാൽ എസ്റ്റേറ്റ് സ്വദേശി സാദിഖ് (ടെയ്‌ലർ രാജ, 50) 29 വർഷത്തിനുശേഷം കർണാടക വിജയപുരയിലെ മാർക്കറ്റിൽനിന്ന് പിടിയിലായി. 15 വർഷമായി ധാന്യ, പച്ചക്കറി വിൽപനക്കാരനായി കഴിഞ്ഞിരുന്ന ഇയാൾ ഷാജഹാൻ അബ്ദുൽ മജീദ് മക്കന്ദർ, ഷാജഹാൻ ഷെയ്ഖ് എന്നീ പേരുകളിലാണു പ്രദേശത്ത് അറിയപ്പെട്ടിരുന്നത്.

1998 ഫെബ്രുവരി 14-ന് തമിഴ്നാട്ടിൽ നടന്ന സ്ഫോടന പരമ്പരകളിലെയും വർഗീയ കൊലപാതക കേസുകളിലെയും പ്രധാന പ്രതിയാണ്. ഇയാളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നവർക്ക് രണ്ട് ലക്ഷം രൂപ പാരിതോഷികം പ്രഖ്യാപിച്ചിരുന്നു. നിരോധിത തീവ്രവാദ സംഘടന അൽ ഉമ്മ അംഗമായിരുന്നു.

കോയമ്പത്തൂർ കോടതിയിൽ ഹാജരാക്കിയ പ്രതിയെ ഈ മാസം 24 വരെ റിമാൻഡ് ചെയ്തു. 20 വയസ്സിനുള്ളിൽ മൂന്ന് കൊലക്കേസുകളിൽ പ്രതിയായ ഇയാൾ 58 പേരുടെ മരണത്തിനും 250 പേർക്ക് പരുക്കേറ്റ സ്ഫോടനങ്ങൾക്കും പിന്നിൽ പ്രവർത്തിച്ചിട്ടുണ്ട്. 58 പേരുടെ മരണത്തിനിടയാക്കിയ 98-ലെ കോയമ്പത്തൂർ സ്ഫോടന പരമ്പരയ്ക്കു പിന്നാലെയാണ് ഒളിവിൽ പോയത്.

1996-ലെ കോയമ്പത്തൂർ ബോംബ് സ്ഫോടനം മധുരയിലെ ജയിലർ ജയപ്രകാശിന്റെ കൊലപാതകം എന്നീ കേസുകളിലും ഉൾപ്പെട്ടിട്ടുണ്ട്. ഈയിടെ ആന്ധ്രപ്രദേശിൽ അറസ്റ്റിലായ പിടികിട്ടാപ്പുള്ളികളായ അബൂബക്കർ സിദ്ദിഖ്, മുഹമ്മദ് അലി എന്നിവരിൽനിന്നുള്ള വിവരങ്ങളും ഇയാളെ പിടികൂടാൻ സഹായിച്ചു.

തീവ്രവാദ വിരുദ്ധ സ്ക്വാഡും കോയമ്പത്തൂർ സിറ്റി പോലീസും ഇയാൾക്കു വേണ്ടി തിരച്ചിലായിരുന്നു.






Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**